# ഗുരുനാഥൻ



| പുസ്തകം 9 | 1105 വൃശ്ചികം | ലക്കം 1 |
|---|---|---|



## വിദ്യാഭ്യാസത്തിൽ നിർദ്ദേശത്തിനുള്ള സ്ഥാനം. *

വിദ്യാഭ്യാസവിഷയത്തിൽ നിർദ്ദേശത്തിനുള്ള പ്രാധാന്യം എല്ലാവരും സമ്മതിക്കുന്നുണ്ട്. എന്നാലും അതു വിസ്മരിച്ചു പ്രവർത്തിക്കുന്ന അധ്യാപകന്മാരാണു് ഇന്നു ധാരാളമായി ഉള്ളതു്. വിദ്യാഭ്യാസവിഷയത്തിൽ അഭിരുചിയുള്ളവരും യഥാർത്ഥമായി വേലചെയ്യുന്നവരുമായ അധ്യാപകന്മാർ മാത്രമെ അതു ശരിയായി മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു. മനുഷ്യമനസ്സിന്റെ സൃഷ്ടി നോക്കുക. ഒരു മനസ്സിനു മറ്റൊരു മനസ്സിനെ പ്രേരിപ്പിക്കുവാൻ കഴിയുന്നതാണു്. പ്രസ്തുത തത്വത്തെ ആശ്രയിക്കുന്നവയാണു് മെസ്മറിസം മുതലായ ശാസ്ത്രങ്ങൾ. കൂടുതൽ കരുത്തുള്ള ഒരു മനസ്സ് ശക്തികുറഞ്ഞ ഒരു മനസ്സിനെ സ്വാധീനമാക്കി പ്രവർത്തിപ്പിക്കുന്നു. ഈ ശക്തി അറിഞ്ഞും അറിയാതേയും ലോകത്തിൽ പ്രയോഗിച്ചുവരുന്നുണ്ടു്. പ്രാസംഗികന്മാർ, ഭരണതന്ത്രജ്ഞന്മാർ, നേതാക്കന്മാർ മുതലായവരെ നോക്കുക.

ഒരു വസ്തുവിനെ മനുഷ്യമനസ്സു നിർദ്ദേശിക്കുകയും, അതു് ആ വസ്തുവിനെപ്പററി ചിന്തിക്കുവാൻ ആരംഭിക്കുകയും ചെയ്യുന്നു. ചിലപ്പോൾ തല്ക്കാലത്തെ വികാരത്തിനടിമപ്പെട്ടു മനുഷ്യർ എന്തെല്ലാം പ്രവർത്തിക്കുന്നു? വളരെ ജനങ്ങൾ കൂടിയിട്ടുള്ള ഒരു സഭയിൽ വാഗ്മിയായ ഒരു പ്രാസംഗികൻ തന്റെ പ്രസംഗചാതുര്യംകൊണ്ടു് എന്തെല്ലാം നിർവ്വഹിക്കുന്നു? പ്രാസംഗികൻ തന്റെ ശക്തിയേറിയ മനസ്സുകൊണ്ടു് ഒരു സംഗതി നിർദ്ദേശിച്ചുകഴിഞ്ഞിരിക്കുന്നു. ജൂലിയസ് സീസറുടെ മരണാനന്തരം വളരെ ജനങ്ങൾ കൂടിയിരുന്ന ഒരു സദസ്സിൽവച്ചു അദ്ദേഹത്തെ വധിക്കുവാനുള്ള കാരണം ന്യായമായിരുന്നു എന്നു നിർദ്ദേശിച്ചുകൊണ്ടു് ബ്രൂട്ടസ്സ് ഒരു ഗംഭീര പ്രസംഗം ചെയ്തു. സഭാവാസികൾ അദ്ദേഹത്തെ അഭിനന്ദിച്ചു. എന്നാൽ അടുത്ത നിമിഷത്തിൽ ആന്റണി ആ ജനങ്ങളുടെ മനസ്സിൽതന്നെ ത

* കറാച്ചി മുൻസിപ്പാലിററിയിലെ ഒരു വിദ്യാഭ്യാസമേലധ്യക്ഷനായ മിസ്റ്റർ ഭോജ്‌വാനി എം. ഏ. എസ്. ടി. സി. ഡി.യുടെ ഒരു ലേഖനം.

ൻെറ ശക്തിമത്തായ നിൎദ്ദേശംകൊണ്ടു ജൂലിയസ് സീസർ ഒരു വീരപുരുഷനായിരുന്നു എന്നു തോന്നിപ്പിച്ചു.

ധാത്രി, വൈദ്യൻ, മതപ്രാസംഗികൻ മുതലായവൎക്കെല്ലാം നിൎദ്ദേശം അത്യന്തം ഉപകാരപ്രദമാണ്. മനുഷ്യമനസ്സു ചഞ്ചലമായിട്ടുള്ള ഒന്നാകുന്നു. അതിനെ ദുഃഖാവസ്ഥയിൽനിന്നും സന്തോഷാവസ്ഥയിലേക്കും സന്തോഷാവസ്ഥയിൽനിന്നും ദുഃഖാവസ്ഥയിലേക്കും എളുപ്പത്തിൽ മാററാവുന്നതാണ്. ഇതെല്ലാം നിൎദ്ദേശംകൊണ്ടാണ്. എത്ര ശക്തിയില്ലാത്ത ഒരു മനസ്സിലും നിൎദ്ദേശംകൊണ്ടു ശക്തി ഉണ്ടാക്കാവുന്നതാകുന്നു. ഒരു നല്ല വൈദ്യനൊ ധാത്രിക്കൊ ഒരു രോഗിയെ സന്തോഷിപ്പിക്കുന്നതിനും തന്മൂലം രോഗത്തിൽനിന്നും മുക്തി പ്രാപിക്കുന്നതിനും സാധിക്കുന്നതാണ്. അവിടെയും നിൎദ്ദേശംതന്നെയാണു ഉപകരണം. അങ്ങനെയുള്ളവരെയാണു രോഗികൾ ഇഷ്ടപ്പെടുന്നതു്. സന്തോഷത്തോടും പുഞ്ചിരിയോടുംകൂടി അവർ ആതുരശാലയിൽകൂടി അങ്ങോട്ടും ഇങ്ങോട്ടും പോകുമ്പോൾ രോഗികൾ അവരെ നോക്കിക്കൊണ്ടു തന്നെയിരിക്കും.

മനുഷ്യസേവനത്തിനായി പുറപ്പെട്ടിട്ടുള്ളവർ സാധുജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചു അവരെ സന്തോഷിപ്പിച്ചു പ്രോത്സാഹിപ്പിക്കുന്നു. അവർ അവരുടെ അന്ധകാരം നിറഞ്ഞിട്ടുള്ള വസതികളിൽ വെളിച്ചം നൽകുന്നു. അവരിൽ ഒരു പുതിയ ജീവനെ ഉണ്ടാക്കുന്നു.

മതപ്രാസംഗികൻ എന്താണു ചെയ്യുന്നതു്. പാപം ചെയ്തിട്ടുള്ളവരും മോക്ഷം കിട്ടുന്ന കാൎയ്യത്തിൽ നിരാശരുമായ ആളുകളുടെ അടുത്തു് അയാൾ എത്തുന്നു. "ഒരിക്കലും പാപം ചെയ്യാത്തതിലല്ല, ചെയ്യുമ്പോഴെല്ലാം അവയിൽനിന്നും മോചനം നേടുന്നതിലാണു മഹത്വം" എന്നു പറയുന്നു. നന്മ ചെയ്യുന്നതിനു പല സന്ദൎഭങ്ങളുമുണ്ടെന്നു അവരെ മനസ്സിലാക്കുന്നു. അവൎക്കു ഉന്മേഷമുണ്ടാക്കി ജീവിതം വീണ്ടും പുതുതായി ആരംഭിക്കുന്നു.

കൌശലക്കാരായ ഒരുകൂട്ടം കുട്ടികൾ അവരുടെ അധ്യാപകനെ ഒരു രോഗിയാക്കി അവധി വാങ്ങിയ കഥ അവരുടെ ശക്തിയെ കാണിക്കുന്നു. ഒരു അധ്യാപകനു ഒരിക്കലും സുഖക്കേടുണ്ടാകാറില്ലായിരുന്നു. കുട്ടികൾക്കു അവധി കുറവായിരുന്നു. അവരെല്ലാവരുംകൂടി അധ്യാപകനു സുഖക്കേടാണെന്നു പറഞ്ഞു്, അദ്ദേഹത്തെ വീട്ടിലയച്ചു്, അവധിവാങ്ങണമെന്നു് നിശ്ചയിച്ചു. അടുത്തദിവസം സ്കൂൾ ആരംഭിച്ചപ്പോൾ അവരിൽ ഒരാൾ അദ്ദേഹത്തിൻെറ അടുത്തുചെന്നു അദ്ദേഹത്തിനു സുഖമില്ലെന്നു പറഞ്ഞു. അധ്യാപകനു് അതു തീരെ രസിക്കാത്തതുകൊണ്ടു് അയാളെ ശാസിച്ചു് പറഞ്ഞയച്ചു. കുറച്ചുനേരം കഴിഞ്ഞപ്പോൾ വേറൊരാൾ അദ്ദേ

ഹത്തിൻെറ അടുത്തുചെന്നു അദ്ദേഹത്തിനു സുഖമില്ലെന്നു പറഞ്ഞു. അപ്പോൾ രണ്ടു കുട്ടികളുടേയും നിർദ്ദേശങ്ങൾ ഒന്നിച്ച് വേലചെയ്തു. കുറെ വിദ്യാർത്ഥികളുംകൂടി ഇപ്രകാരംതന്നെ പറഞ്ഞപ്പോൾ അധ്യാപകനു സംശയമായി. തലവേദനയാണെന്നു പറഞ്ഞു അവധിയെടുത്തു. വീട്ടിൽചെന്നു പനിയും തലവേദനയുമായി കിടപ്പിലുമായി. നിർദ്ദേശത്തിൻെറ ശക്തി നോക്കുക! പ്രായം ചെന്നിട്ടുള്ള ഒരാളുടെ മനസ്സിനെ ഇപ്രകാരം പ്രചോദനം ചെയ്യുമ്പോൾ കുട്ടികളുടെ കാര്യത്തിൽ നിർദ്ദേശത്തിനുള്ള സൌകര്യങ്ങൾ എത്രയെന്നു ആലോചിക്കുക. പ്രായമായവരേക്കാൾ കൂടുതലായി കുട്ടികളിൽ നിർദ്ദേശം പ്രയോഗിക്കാവുന്നതാണ്. ഒൻപതു വയസ്സുവരെയുള്ള കുട്ടികളിലാണ് നിർദ്ദേശം പ്രയോഗിക്കുവാൻ എളുപ്പം. സാമാന്യമായിപ്പറയുകയാണെങ്കിൽ എല്ലാ കുട്ടികളേയും നിർദ്ദേശിക്കാവുന്നതാണ്. അതു അധ്യാപകൻ നല്ലപോലെ ധരിച്ചിരിക്കണം.

വിജയകരമായ നിർദ്ദേശരീതി ഉപദേശമാണ്. അധ്യാപകൻ കുട്ടികളെ ഒരു പ്രത്യേകജോലി ചെയ്യുവാൻ ഉപദേശിക്കുന്നു. അവരുടെ ഇഷ്ടാനിഷ്ടങ്ങളെ നിർദ്ദേശം രൂപാന്തരപ്പെടുത്തുന്നു. പ്രയാസമേറിയതും ഇഷ്ടമില്ലാത്തതുമായ ജോലിയാണു ചെയ്യാനുള്ളതെങ്കിൽതന്നെ അധ്യാപകൻ ജോലി വളരെ എളുപ്പമെന്നു ധരിപ്പിച്ചാൽ ആ കുട്ടികൾക്കു അതിൽ താല്പര്യം ജനിപ്പിക്കാവുന്നതാണ്. അവിടെ നിർദ്ദേശശക്തിയെയാണു അവലംബിക്കേണ്ടിയിരിക്കുന്നതു്. ഒരിക്കൽ ഒരു ഭിത്തി വെള്ളയടിക്കുന്നുള്ള ജോലിയിൽ ഏർപ്പെട്ടിരുന്ന കുട്ടി, ആ ജോലി യോഗ്യന്മാരെക്കൊണ്ടുമാത്രമെ സാധിക്കു എന്നും അതിനു വളരെ സാമർത്ഥ്യം ആവശ്യമാണെന്നും പറഞ്ഞു മററു കുട്ടികളേക്കൊണ്ടും കൂടി ആ ജോലി ചെയ്യിപ്പിച്ചു. ആ പ്രവൃത്തി അയാളുടെ പ്രായത്തിനടുത്ത ബുദ്ധിയല്ല അയാൾക്കുണ്ടായിരുന്നതു എന്നു കാണിക്കുന്നുണ്ട്. മരുന്നെടുത്തു കുടിക്കുന്ന ഭാവംകാട്ടി "എന്തു മധുരം" എന്നു പറഞ്ഞു കുട്ടിയെ മരുന്നു കുടിക്കുവാൻ പ്രേരിപ്പിക്കുന്ന മാതാവു ഈ മനശ്ശാസ്ത്രതത്വത്തെത്തന്നെയാണു അവലംബിക്കുന്നതു്.

പലപ്പോഴും പാഠ്യം ഓർമ്മിക്കുവാൻ വിഷമിക്കുന്ന കുട്ടികളെ കണ്ടിട്ടുണ്ടായിരിക്കാം. അവർ ചിലപ്പോൾ വളരെ സങ്കടംതോന്നി നിരാശപ്പെടുന്നു. എന്നാൽ അധ്യാപകൻ അവരെ സന്തോഷിപ്പിച്ച് വിജയം ലഭിക്കും എന്നു പറഞ്ഞാൽ അവരുടെ ജോലിക്കു ലാഘവവും ഉണ്ടാകുന്നതാണ്.

ചില കുട്ടികൾ ചില പ്രത്യേക വിഷയത്തെ വെറുക്കുന്നു. അതു് ഒരിക്കലും പഠിക്കുവാൻ സാധിക്കയില്ലെന്നു അവർ വിചാരിക്കുന്നു. അധ്യാപകൻെറ ഉപദേശംകൊണ്ട് അതു നേരെയാക്കാവുന്നതാണ്.

ഒരു കുട്ടി ഒരു തെററു ചെയ്യുന്നു. അധ്യാപകൻ അതറിഞ്ഞു് അയാളെ ശാസിക്കുന്നു. അതേ സമയത്തുതന്നെ നന്മചെയ്യുന്നതിനുള്ള സൌകര്യം അയാൾക്കുണ്ടെന്നും തീർച്ചയായും നന്നാവുമെന്നും പറയുന്നു. അതു് വളരെ ഫലവത്തായിത്തീരും.

ചില പ്രത്യേക വാസനകളുള്ള കുട്ടികളെ അധ്യാപകൻ കണ്ടുമുട്ടുന്നു. അവരെ ശ്രദ്ധിച്ച് പ്രോത്സാഹിപ്പിക്കേണ്ടതു് അധ്യാപകൻെറ ചുമതലയാണു്. അവൎക്ക് അറിയാവുന്നതു മററുള്ളവൎക്ക് അറിഞ്ഞുകൂടായിരിക്കും. മിക്കപ്പോഴും അവരിലുള്ള മഹത്വകിരണങ്ങൾ മററുള്ളവർ കണ്ടുപിടിച്ചു പ്രകാശിപ്പിക്കുന്നതുവരെ അവരിൽതന്നെ മങ്ങി മറഞ്ഞുകിടക്കും. അശ്രദ്ധകൊണ്ടു് അങ്ങിനെയുള്ള കിരണങ്ങൾ നശിച്ചുപോകാതെ സൂക്ഷിക്കേണ്ടതു അധ്യാപകൻെറ കടമയാണു്.

എന്നാൽ നിർദ്ദേശത്തിനു അതൎഹിക്കുന്ന പ്രാധാന്യമുണ്ടാകണമെങ്കിൽ പറയുന്നതു വാസ്തമാണെന്നു തോന്നണം. അധ്യാപകനുതന്നെ യുക്തിയുക്തമായി പ്രതിപാദിക്കാമെങ്കിൽ സാധാരണ നിർദ്ദേശം ഉപയോഗിക്കുന്നില്ല. പ്രവൎത്തിക്കുവാനുള്ള ശക്തിയൊ ആത്മവിശ്വാസമൊ ഇല്ലാത്ത ഒരു കുട്ടിയെ പരിശ്രമിപ്പിക്കാമെന്നു് നമുക്കു പറവാൻ കഴികയില്ല. എന്നാൽ അയാൾക്കു കുറച്ചുകൂടി മെച്ചമായി ചെയ്യുവാനുള്ള സാമൎത്ഥ്യത്തിൽ നാം വിശ്വസിക്കുന്നു എന്നു് കാണിച്ചുകൊടുക്കാം, ഇതു് ആശയെ ഉണൎത്തി, പ്രവൃത്തിപഥത്തിൽ ചരിപ്പിക്കാനുള്ള വിശ്വാസത്തിൻെറ നിർദ്ദേശപരിണാമമാണു്. നിങ്ങൾ ആഗ്രഹിക്കുന്നതുപോലെ നിങ്ങളുടെ കുട്ടികൾ നല്ലവരാണെന്നു വിചാരിക്കുകയും, ആ വിശ്വാസം അവരിൽ ഉണ്ടാക്കുകയും ചെയ്യുക എന്നാണു ഒരു ജൎമ്മൻപണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുള്ളതു്

നിർദ്ദേശം ഉദാഹരണരൂപേണ പരോക്ഷമായി പ്രവൎത്തിക്കുന്നു. ഒരു പ്രത്യേക സ്വഭാവമുള്ള ഒരു അധ്യാപകൻ ആ സ്വഭാവംതന്നെ കുട്ടികളോടു നിർദ്ദേശിക്കുകയാണു്. ഒരു അധികാരസ്ഥാനത്തുനിന്നും നിർദ്ദേശം ഉണ്ടാകുകയാണെങ്കിൽ അതിനു പ്രത്യേക ശക്തിയുണ്ടായിരിക്കും.

ഇപ്രകാരം അധ്യാപകൻ കുട്ടികളുടെ ഇടയിൽ സഞ്ചരിച്ചു അവരുടെ വിഷമതകളിൽ സഹായിക്കുകയും പരിശ്രമശീലമുള്ളവരെ പ്രോത്സാഹിപ്പിക്കികയും ചെയ്യണം. അതിനു അയാൾക്കു സന്തോഷം, ക്ഷമ, മനശ്ശുക്തി, വിശ്വാസം, പ്രവൃത്തിതല്പരത മുതലായവ അത്യാവശ്യമാണു്. അയാളുടെ പ്രസന്നമുഖം അവരെ ആകൎഷിക്കുകയും, അയാളുടെ കീഴിൽ ഒരിക്കലും ഒരു പിശകു വരികയില്ലെന്നുള്ള ബോധം അവരിൽ ജനിപ്പിക്കുകയും വേണം.

# ഇന്നത്തെ വിദ്യാഭ്യാസവും
## നമ്മുടെ യുവാക്കന്മാരും.

(ആർ. ഈശ്വരപിള്ള ബി. എ.)

ഇന്നത്തെ വിദ്യാഭ്യാസരീതിയും നമ്മുടെ യുവാക്കന്മാരും തമ്മിൽ വലിയ സഖ്യതയുണ്ടെന്നു ഈ ലേഖനത്തിന്റെ തലവാചകം വായിക്കുമ്പോൾ വായനക്കാർക്കു തോന്നിയേക്കാം. എന്നാൽ അല്പം ചിന്തിച്ചുനോക്കിയാൽ ഈ അഭിപ്രായത്തിനു വലിയ അടിസ്ഥാനമൊന്നും ഇല്ലെന്നു തെളിയുന്നതാണ്. ഇന്നത്തെ വിദ്യാഭ്യാസരീതിയെ ചുരുക്കമായി വിവരിക്കുന്നതായാൽ അതു് ഒരു "നിരാധധാവനം" ആണെന്നു പറയാം. സൂക്ഷ്മദൃഷ്ട്യാ നോക്കുന്നതായാൽ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഓരോ ഘട്ടങ്ങളിലും ഓരോ വലിയ പ്രതിബന്ധത്തെ നാം ലംഘിക്കേണ്ടിയിരിക്കുന്നുവെന്നു നമുക്കു മനസ്സിലാകും. ഇതിലേക്കായി നാം ഒട്ടധികം മാനസികകായികശക്തിയെ വൃഥാവ്യയം ചെയ്യേണ്ടതായി വരുന്നുണ്ടു്. അല്പം ക്ലേശം കൂടാതെ വിദ്യ സമ്പാദിക്കാൻ സാധിക്കയില്ലെങ്കിലും, പ്രതിബന്ധങ്ങളെ സൃഷ്ടിച്ചു് അവയെ തരണം ചെയ്യണമെന്നു നിശ്ചയിക്കുന്നതു വിവേകപൂർവ്വമായ ഒരു പ്രവൃത്തിയായി വിചാരിപ്പാൻ തരമില്ല. എല്ലാ ലോകകാര്യങ്ങളിലും സഹജങ്ങളായ പ്രതിബന്ധങ്ങൾ ഉണ്ടാവാം. അവയെ തരണം ചെയ്യാതെയും കഴികയില്ല. എന്നാൽ കൃത്രിമങ്ങളായ പ്രതിബന്ധങ്ങളെ ഉണ്ടാക്കിവയ്ക്കുന്നതു അനാശാസ്യമായ ഒരു സംഗതിയാണെന്നു തോന്നുന്നു.

നമ്മുടെ വിദ്യാഭ്യാസത്തിനുള്ള ആദ്യമായ പ്രതിബന്ധം അതു വൈദേശികരീതിയിലുള്ളതാണെന്നാണ്. നമ്മുടെ പൂർവ്വസംസ്കാരത്തിനും, നമ്മുടെ പരിതസ്ഥിതികൾക്കും, നമ്മുടെ ജീവിതരീതിക്കും അനനുരൂപമായ ഒരു രീതിയിലാണ് ഇന്നത്തെ വിദ്യാഭ്യാസം രൂപവൽക്കരിച്ചിരിക്കുന്നതു്. ഗൃഹവും-വിദ്യാലയവും-സമുദായവും-രാജ്യവും എല്ലാം നമ്മുടെ ജീവിതത്തിന്റെ അന്യോന്യസംബന്ധമുള്ള ഘട്ടങ്ങളാണ്. നമ്മുടെ ശരിയായ വളർച്ചയ്ക്കു ഓരോ ഘട്ടങ്ങളിലുമുള്ള നമ്മുടെ പരിചയവും അനുഭവവും കഴിയുന്നതും അവിച്ഛിന്നമായും അന്യോന്യം ആശ്രയിച്ചും യോജിച്ചും ഇരിക്കേണ്ടതത്യാവശ്യമാണ്. സ്പഷ്ടമായി പറയുന്നതായാൽ വിദ്യാലയജീവിതം ഗൃഹജീവിതത്തിന്റെ തുടർച്ചയും, സമുദായജീവിതം വിദ്യാലയജീവിതത്തിന്റെ തുടർച്ചയും, രാഷ്ട്രീയജീവിതം സമുദായജീവിതത്തിന്റെ തുട

ച്ചയും ആയിരിക്കണം. എന്നാൽ ഇന്നത്തെ സ്ഥിതി എന്താണ്? വിദ്യാലയത്തിൽ പ്രവേശിക്കുമ്പോൾ നമ്മുടെ ഗൃഹജീവിതരീതിയെ മുഴുവൻ വിസ്മരിക്കണം. ഇതുപോലെ തന്നെയാണു മററുള്ള ഘട്ടങ്ങളിലെ അനുഭവവും. പാരമ്പര്യസിദ്ധമായ നമ്മുടെ സംസ്കാരത്തിനു അവിടെ സ്ഥാനമില്ല. നമ്മുടെ പരിതസ്ഥിതികൾക്കനനുരൂപമായ ഒരു സ്ഥിതിയാണു അവിടെ നമ്മെ അഭിമുഖീകരിക്കുന്നതു്. നാം അവിടെ പഠിക്കുന്നതൊക്കെയും വിദേശീയജീവിതരീതിയെ ആസ്പദമാക്കീട്ടുള്ളവയാണ്. ഇതാണു ആദ്യത്തെ പ്രതിബന്ധം. ഇതേവരെ നമുക്കുണ്ടായിരുന്ന സാധാരണ അനുഭവങ്ങൾക്കു വിപരീതമായോ, അവയിൽ നിന്നും ഭിന്നിച്ചോ ഇരിക്കുന്ന ഒരു മനോവൃത്തിയെ അവലംബിക്കേണ്ടതായി വരുന്നു. ഇതിന്റെ അർത്ഥം സ്വച്ഛന്ദം ചരിച്ചുകൊണ്ടുപോന്ന നമ്മുടെ മനസ്സിനെ തടുത്തുനിർത്തുകയെന്നുള്ളതാണ്. ഈ പ്രതിബന്ധത്തെ തരണം ചെയ്യുന്നതിനു നമ്മുടെ മാനസികശക്തിയെ അസാമാന്യം ക്ലേശിപ്പിക്കയും തന്മൂലം കായികശക്തിയെ ക്ഷയിപ്പിക്കയും സമയത്തെ വൃഥാവ്യയം ചെയ്കയും ചെയ്യേണ്ടതായും വന്നുകൂടുന്നു. നാം ഓടിവരുമ്പോൾ നമ്മുടെ വഴിമുടക്കി ഒരു "കടമ്പ" കെട്ടിയിരുന്നാൽ അതിനെ കയറിക്കടക്കുന്നതിന് അല്പം സമയവും ശ്രമവും ആവശ്യമാണല്ലോ. എന്നാൽ ഈ മാനസികമായ പ്രതിബന്ധത്തെ ലംഘിക്കുന്നതു് ഇതേക്കാൾ എത്രയോ പ്രയാസവും ശ്രമാവഹവുമായിട്ടുള്ള ഒരു സംഗതിയാണ്. പാഠ്യപുസ്തകങ്ങളിലും മററുമുള്ള വിഷയങ്ങളും പ്രതിപാദനരീതിയും നമ്മുടെ പാരമ്പര്യസിദ്ധമായ അനുഭവങ്ങൾക്കും ചിത്തവൃത്തികൾക്കും യോജിക്കാത്തവയും തന്മൂലം അവയിലേക്കുള്ള നമ്മുടെ മനസ്സിന്റെ പ്രവേശനം ഏറെക്കുറെ ക്ലേശാവഹവുമായിരിക്കാനേ തരമുള്ളു. ഒരു വഴിക്കു ചാഞ്ഞുനില്ക്കുന്ന മനസ്സിനെ നിവർത്തി മറെറാരുവഴിക്കു ചായിക്കുന്നതിനുള്ള ശ്രമം നമുക്കു ഏറെക്കുറെ അറിയാവുന്നതാണല്ലോ. ഇതാണ് പൂർവ്വസംസ്കാരത്തിന്റെ തണലിൽ വളർന്ന നമ്മുടെ യുവാക്കന്മാർക്കു വിദ്യാഭ്യാസപരമായുള്ള ഒരു പ്രധാനപ്രതിബന്ധം. ഇതിൽനിന്നും ഇന്നത്തെ വിദ്യാഭ്യാസരീതിയും നമ്മുടെ യുവാക്കന്മാരും തമ്മിൽ സഖ്യഭാവമല്ല ഉള്ളതെന്നു സ്പഷ്ടമാകുന്നുണ്ടു്.

വിദ്യാഭ്യാസപദ്ധതിയിൽ നമുക്കു ഇനി ഒരു പ്രതിബന്ധമുള്ളതു് പാഠവിഷയങ്ങളെ ഗ്രഹിക്കുന്നതിനായിട്ടു സാമാന്യം കാർക്കശ്യമുള്ള വ്യാകരണസൂത്രഗ്രഥിതമായ ഒരു അന്യഭാഷയെ ഗ്രഹിക്കണമെന്നുള്ളതാണ്. സ്വഭാഷമുഖേന ഏതു വിഷയത്തെപ്പററിയുള്ള ജ്ഞാനം ഗ്രഹിക്കുന്നതിനും നമുക്കെല്ലാവർക്കും സൌകര്യമുണ്ടല്ലോ. സ്വഭാഷയിലുള്ള ശബ്ദങ്ങളും നമ്മുടെ ചിന്തകളും തമ്മിൽ അപരിച്ഛേദ്യമായ ഒരു ബന്ധമുണ്ടു്; ഇതു്

നമ്മുടെ ജനനംമുതല്ക്കു ആരംഭിച്ചു ദൃഢപ്പെട്ടുവന്ന ഒരു ബന്ധവുമാണ്. എന്നാൽ ഒരന്യഭാഷ പഠിക്കുന്നതിന് നമ്മുടെ മനസ്സിന്ന് അസാമാന്യക്ലേശം കൂടാതെ കഴികയില്ല. അന്യഭാഷയിലുള്ള ഒരു ശബ്ദത്തെ ആദ്യമായി സ്വഭാഷയിൽ പരിവർത്തനം ചെയ്യുകയും പിന്നീട് അർത്ഥവും ശബ്ദവുംകൂടി സംഘടിപ്പിക്കുകയും ചെയ്യേണ്ട ശ്രമമുണ്ട്. ഇതുകൂടാതെ ഭാഷാലിപികളെ ഗ്രഹിക്കുന്നതിന്നും വ്യാകരണനിയമങ്ങൾ പഠിക്കുന്നതിന്നും ഒട്ടേറെ സമയവും ശക്തിയും വ്യയംചെയ്യേണ്ടതായും ഇരിക്കുന്നു. ഇതു് സ്വഭാഷ മുഖേന ആയിരുന്നാൽ പ്രത്യക്ഷ്യാ സുകരമായിരുന്നേനെ. നമ്മുടെ ഭാഷാകുടുംബത്തിൽ ഉൾപ്പെടാത്തതും, അക്ഷരം ഒരുവിധവും, ശബ്ദങ്ങൾ മറ്റൊരുവിധവും ഇരിക്കുന്നതും, ലിപികൾ കുറഞ്ഞിരിക്കുന്നതും, വ്യാകരണനിയമങ്ങൾ അധികമുള്ളതുമായ ഒരു ഭാഷ പഠിക്കുന്നതു് ഒരു വലിയ ശ്രമംതന്നെയാണ്. ഇതൊക്കെയും നമ്മുടെ യുവാക്കന്മാരുടെ മസ്തിഷ്കത്തിനെ സാമാന്യത്തിലധികം ഭണ്ഡിപ്പിക്കയും ക്ലേശിപ്പിക്കയും ചെയ്യുന്നു. ഇവരുടെ അദ്ധ്യയനകാലത്തിന് പാതിയും ഇങ്ങനെ വൃഥാവെപൊയ്പ്പോകുന്നു. ഇതാണ് നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസരീതിയിൽ യുവാക്കന്മാർക്ക് ലംഘനം ചെയ്യാനുള്ള രണ്ടാമത്തെ കടമ്പ. ഇതിന്റെ ലംഘനത്തിന്നായി നാം വ്യയംചെയ്യുന്ന ശക്തിയും സമയവും നമ്മുടെ വാസ്തവവിദ്യാഭ്യാസകാലത്തെ അനാശാസ്യമായ വിധത്തിൽ ദീർഘിപ്പിക്കുന്നു എന്നുള്ളതിന് സംശയമില്ല. നമ്മുടെ വിദ്യാഭ്യാസം ആപാദചൂഡം സ്വഭാഷയിൽ തന്നെയായിരുന്നുവെങ്കിൽ നമുക്ക് അധികം ശക്തിയും കാലവും വ്യയംചെയ്യാതെ കഴിക്കാമായിരുന്നു. എന്നാൽ ഇതരഭാഷയിലുള്ള ആശയങ്ങളും മറ്റും സ്വഭാഷയിലേക്കു ആവാഹിക്കേണ്ടതാവശ്യമാണ്. അതിന്ന് അന്യഭാഷ പഠിക്കാതെ കഴികയില്ല. അതുകൊണ്ടു് ഈ പ്രതിബന്ധം തീരെ ഒഴിച്ചുകൂടാവുന്ന ഒന്നാണെന്നു് പറവാൻ തരമില്ല. ഇങ്ങിനെ ആയിരുന്നാലും ഇതൊരു പ്രതിബന്ധമല്ലെന്നുവരികയില്ലല്ലൊ.

ഇതിന്നുപുറമെ ഒരു പ്രതിബന്ധമുള്ളതു് പാഠ്യവിഷയങ്ങളുടെ ബാഹുല്യവും അവയിൽ ചിലതുകളുടെ കാഠിന്യവുമാണ്. നമ്മുടെ മനസ്സിന് വഹിക്കാൻ പാങ്ങില്ലാത്തതായ ഭാരം നാം അതിന്റെ മേൽ ചുമത്തുന്നു. വിഷയങ്ങളുടെ സംഖ്യയാണെങ്കിൽ അതും പുസ്തകങ്ങളുടെ എണ്ണമാണെങ്കിൽ അതും അവയുടെ കാഠിന്യമാണെങ്കിൽ അതും ക്രമാതീതമാണെന്ന് പറയാതെ നിവൃത്തിയില്ല. ഇതെല്ലാം ബുദ്ധിയുടെ സ്വച്ഛന്ദവും സ്വാഭാവികവുമായ വളർച്ചയേയും വികാസത്തേയും വല്ലാതെ തടയുന്നു. വഹിക്കാൻ പാടില്ലാത്ത ഭാരം വഹിക്കുന്നതായാൽ നമ്മുടെ ശരീരത്തിന്നുതന്നെ ഒരു കൂന സംഭവിക്കുന്നതായി നാം കാണുന്നുണ്ട്. ഇതുപോലെതന്നെയാണ്

മനസ്സിന്റെ സ്ഥിതിയും. യൌവ്വനബാല്യകാലങ്ങളിലാണല്ലോ ബുദ്ധിക്കും ശരീരത്തിനും വളൎച്ചയ്ക്കു സൗകൎയ്യമുള്ളത്. അക്കാലത്തു് അവയെ ദണ്ഡിപ്പിച്ചാൽ പിന്നീട് ഒരിക്കലും അായുസ്സ് പുഷ്ടിയോ വളൎച്ചയോ ഉണ്ടാവാൻ പ്രയാസമാണ്. ബുദ്ധിക്കും ശരീരത്തിനും അനായാസേന ചെയ്യാവുന്ന പ്രയത്നത്തിന് ഒരതിരുണ്ട്. ആ അതിരിനെ കടന്നിട്ടുള്ള പ്രയത്നം യത്നമായിട്ടില്ല, ക്ലേശമായിട്ടാണു തീരുന്നത്. അതു ബുദ്ധിക്കും ശരീരത്തിന്നും ഒരുവിധം ക്ഷതം സംഭവിപ്പിക്കുന്നു. വിദ്യാഭ്യാസം അവസാനിക്കുമ്പോഴാണ് ഫലം കാണുന്നത്. ക്ഷയിച്ച ചിന്താശക്തി, മുനതേഞ്ഞുപോയ യുക്തി, തീൎച്ചചെയ്യാനുള്ള അശക്തി, ബലഹീനമായ ധാരണാശക്തി, അവ്യക്തമായ ഗ്രഹണശക്തി ഇവകളാണ് യുവാക്കന്മാൎക്കു ലഭിക്കുന്ന അനാശാസ്യഫലങ്ങൾ.

ഇതൊന്നും പോരെങ്കിൽ ഇടക്കിടക്ക് പരീക്ഷകൾ എന്നൊരുവക പ്രതിബന്ധങ്ങളും ഉണ്ട്. ഈ ഘട്ടത്തിലാണ് അധികംപേരും തങ്ങളുടെ യഥാൎത്ഥസ്ഥിതി സൂക്ഷ്മമായി ഗ്രഹിക്കുന്നത്. ചിലൎക്കു ധാരണാശക്തി കുറഞ്ഞു; ചിലൎക്ക് ആലോചനാശക്തിയില്ല; ചിലൎക്ക് യുക്തി മങ്ങി; ചിലൎക്ക് വിവേചനാശക്തി പോര; എന്നിങ്ങനെയുള്ള യഥാൎത്ഥം ഈ ഘട്ടത്തിലാണ് അവർ യഥാവൽ ഗ്രഹിക്കുന്നത്. അതുനിമിത്തം ലോകത്തിലേക്കിറങ്ങുമ്പോൾ അവൎക്കു ഏറക്കുറെ കുഴപ്പം നേരിട്ടേക്കാം. എന്നാൽ ഈ വിദ്യാഭ്യാസത്തിൽ നിന്നും ദോഷമുണ്ടെങ്കിലും ചില ഗുണങ്ങൾ സിദ്ധിച്ചിട്ടുണ്ടായിരിക്കാം. അനേകം പ്രതിബന്ധങ്ങളെ തരണംചെയ്യുന്നതിൽനിന്നും യുവാക്കന്മാൎക്കു സഹനശക്തിയും പ്രയത്നശക്തിയും ലഭിക്കാൻ വഴിയുണ്ട്. ഈവക ഗുണങ്ങൾ നമുക്കു ലോകത്തിൽ ആവശ്യമായിട്ടുള്ളതാണ്. ഉത്തമവിദ്യാലയം "ദുർഘട" വിദ്യാലയമാണെന്നു പറയപ്പെട്ടിരിക്കുന്നു. നാം ഒട്ടധികം സമയവും ശക്തിയും വ്യയംചെയ്തു എന്നിരുന്നാലും അതു കേവലം നിഷ്ഫലമാണെന്നു വിചാരിച്ചുകൂടാ. ദോഷങ്ങൾക്കിടയിൽ ഗുണവും കാണും. പക്ഷെ നാം ഇതിലേക്കായി വ്യയംചെയ്യുന്ന ധനത്തിനും സമയത്തിനും ശക്തിക്കും തക്കതായ ഫലം നമുക്കെല്ലാവൎക്കും സിദ്ധിക്കുന്നില്ല. എന്നാൽ ഒരു വൈദേശിക രീതിയിലുള്ള വിദ്യാഭ്യാസത്തിൽ നിന്നും കുറച്ചെങ്കിലും ഗുണം നമുക്കു ലഭിക്കുന്നുണ്ടെന്നു സമാധാനപ്പെടാനെ തരമുള്ളു. നമ്മുടെ ഇന്നത്തെ പരിതസ്ഥിതികളെ നോക്കിയാൽ ഈ രീതിയിലുള്ള വിദ്യാഭ്യാസം ഒഴിക്കാൻ തരമില്ല. നാം ഇന്നു ഒരു പുതിയ വൈദേശിയപരിഷ്കാരത്തിന്റെ മദ്ധ്യത്തിലാണ് ജീവിക്കുന്നത്. എവിടെയും അതിന്റെ സഹജചിഹ്നങ്ങൾ നമ്മെ അഭിമുഖീകരിക്കുന്നു, അതിന്റെ പരിധിയിൽനിന്നും നിൎഗ്ഗമിക്കാൻ നമുക്കു തരമില്ല. അതിന്റെ

സീമയ്ക്കുള്ളിൽ നമുക്കു ക്ഷതം പററാതെ ജീവിക്കണമെങ്കിൽ അതിനെ അല്പമെങ്കിലും അനുകരിക്കയെ മാർഗ്ഗമുള്ളു. അതുകൊണ്ടു പ്രതിബന്ധസങ്കീർണ്ണമാണെങ്കിലും ഇന്നത്തെ രീതിയിലുള്ള വിദ്യാഭ്യാസം കാലഗതികൊണ്ട് സമ്പാദിക്കാതിരിപ്പാൻ നിവൃത്തിയില്ല. വിദ്യാഭ്യാസരീതി മാററണമെന്ന് പരക്കെ ഒരു അഭിപ്രായമുണ്ടെങ്കിലും അതു ഏതു വഴിക്കാണ് മാറേറണ്ടതെന്ന് ആരുംതന്നെ വിശദമായി പ്രസ്താവിക്കയൊ ചൂണ്ടിക്കാണിക്കയൊ ചെയ്യുന്നില്ലെന്നാണു തോന്നുന്നത്. വല്ല അഭിപ്രായവും വല്ലവർക്കുമുണ്ടെങ്കിൽ അതു ചിന്താരൂപത്തിലൊ വാഗ്രൂപത്തിലൊമാത്രം സ്ഥിതിചെയ്യുന്നതല്ലാതെ കർമ്മപദ്ധതിയിലേക്ക് ഇതേവരെ അവതരിപ്പിച്ചു കാണുന്നില്ല. ചിരസ്ഥാപിതമായ ഒരു രീതിയെ മാററുന്നതിനു കാലവിളംബനം ഒഴിച്ചുകൂടാത്ത ഒരു ആവശ്യമാണ്, മാറേറണ്ട ചുമതല അതു സൃഷ്ടിച്ചവർക്കാണല്ലൊ. നമ്മുടെ പരിതസ്ഥിതിക്കും മററും അനുരൂപമായ ഒരു വിദ്യാഭ്യാസരീതി എന്ന് ഏർപ്പെടുത്തുന്നുവൊ അതുവരെ ഇതിനെത്തന്നെ അവലംബിക്കയെ ഗതിയുള്ളു. കുറച്ചുകാലം മുമ്പുവരെക്കും അഭ്യസ്തവിദ്യന്മാരായ യുവാക്കന്മാർക്ക് ഉദ്യോഗം ലഭിച്ചുവന്നു. എന്നാൽ ഇന്ന് അതും അലഭ്യമൊ ദുർല്ലഭ്യമൊ ആയിത്തീർന്നിട്ടുണ്ട്. പ്രതിബന്ധങ്ങളെ സഹിക്കേണ്ടിയിരുന്നാലും ഒരു ജോലി കിട്ടുമെന്നുള്ള സമാധാനം അന്നുണ്ടായിരുന്നു. അതും ഇന്ന് ഇല്ല. പുതിയ പ്രവേശനദ്വാരങ്ങൾ തുറന്നും കാണുന്നില്ല. ഇതെല്ലാംകൊണ്ടും നമ്മുടെ യുവാക്കന്മാർ അസ്വസ്ഥന്മാരായിട്ടാണ് ഇന്നു തീർന്നിരിക്കുന്നത്. എന്നാൽ നിരാശപ്പെടേണ്ട ആവശ്യമില്ല. ഇവർക്കു ലഭിച്ചിട്ടുള്ള വിദ്യാഭ്യാസത്തിന് വല്ല വിലയും ഇല്ലെന്നു ഒരിക്കലും വരികയില്ല. "വിസ്തീർണ്ണാപൃഥ്വി" എന്നും "വ്യവസായം വിവധം" എന്നും ഉണ്ടല്ലൊ. ഇവിടെ അല്ലെങ്കിൽ മറെറാരു സ്ഥലത്ത്–ഇതല്ലെങ്കിൽ മറെറാരു തൊഴിൽ–എന്നു സമാധാനപ്പെട്ടാൽ മതി. വഴി കുണ്ടില്ലെങ്കിൽ വഴി ഉണ്ടാക്കണം. ഇതാണു നമ്മുടെ യുവാക്കന്മാർ ഇന്നു ചെയ്യേണ്ടത്. അതല്ലാതെ ഉദ്യോഗം ലഭിച്ചില്ലെന്നു വിചാരിച്ചു കയ്യുംവീശി നടന്നുകൂടാ. ജീവിതം എന്നു വച്ചാൽ നിവൃത്തിയല്ല–പ്രവൃത്തിയാണ്. ലഭിച്ചിട്ടുള്ള വിദ്യാഭ്യാസം പോരെങ്കിൽ സമ്പാദിക്കുക. അതു വഴിതെററിയാണെങ്കിൽ (തെററിയതുതന്നെയാണ്) നേരെ ആക്കുവാൻ ശ്രമിക്കുക. ബുദ്ധിശക്തി തേഞ്ഞുപോയെങ്കിൽ അതിനെ ഉത്തേജിപ്പിക്കുക. ചിന്താശക്തിയെ പോഷിപ്പിക്കുക. വിമർശനശീലത്തെ സമ്പാദിക്കുക. വിവേചനബുദ്ധിയെ വികസിപ്പിക്കുക. പൌരുഷത്തെ–ഇല്ലെങ്കിൽ–ആർജ്ജിക്കുക. ഉണ്ടെങ്കിൽ സംരക്ഷിക്കുക. ഗൃഹസേവനത്തിനല്ല, സമുദായസേവനത്തിനല്ല, രാജ്യസേവനത്തിനല്ല, ലോകസേവനത്തിന് സദാ സന്നദ്ധരായിരിക്കുക. ഇ

ന്നത്തെ വിദ്യാഭ്യാസം യുവാക്കന്മാൎക്കു നൽകുന്ന പ്രധാന പാഠം പ്രതിബന്ധലംഘനമാണ്. ആ പാഠത്തെ ലോകത്തിൽ പ്രായോഗികമാക്കുകയാണ് ആവശ്യം. വിദ്യാഭ്യാസരീതി എങ്ങനെയിരുന്നാലും സ്വാശ്രയബുദ്ധിയുണ്ടെങ്കിൽ അതിൻെറ ന്യൂനതകളെ പരിഹരിക്കുവാൻ നമ്മുടെ യുവാക്കന്മാൎക്കു സാധിക്കും. രവീന്ദ്രനാഥടാഗോർ-മഹാത്മാഗാന്ധി-ജെ. സി. ബോസ്-മാലവിയ- മുതലായവർ ഈ വിദ്യാഭ്യാസരീതിയിൽ കൂടി കടന്നവരാണെങ്കിലും ഇന്ന് അവർ സ്വയമായി ഓരോമാൎഗ്ഗം തെളിയിച്ചു പ്രവൎത്തിച്ചുവരുന്നുണ്ടല്ലൊ. നമുക്ക് ഇവർ നല്ല ദൃഷ്ടാന്തപാഠങ്ങൾ നൽകുന്നു. നമ്മുടെ യുവാക്കന്മാൎക്കും ഇവരെപ്പോലെ ഒന്നും സാധിച്ചില്ലെങ്കിലും സ്വാശ്രയബുദ്ധിയുണ്ടെങ്കിൽ സ്വയമായി ഓരോ പ്രത്യേക പ്രവൃത്തിമാൎഗ്ഗം തെളിയിച്ചു ചരിക്കാൻ കഴിവുണ്ടായിരിക്കും. ഉൽക്കൎഷത്തിലേക്കുള്ള മാൎഗ്ഗങ്ങൾ പലതാണ്. ഏതിനേയും യുക്തംപോലെ അവലംബിക്കാം. സ്വാശ്രയശീലം- സ്വാഭിമാനം- പൌരുഷം-ഇവയുടെ സാഹചൎയ്യത്തോടുകൂടി പ്രവൎത്തിച്ചാൽ വിജയം നമ്മെ അനുഗ്രഹിക്കാതിരിക്കയില്ല. ഭാരതീയൎക്ക് ഇന്നുള്ള ദാരിദ്ര്യം എല്ലാത്തരം ദാരിദ്ര്യത്തിലും വച്ച് നികൃഷ്ടമായ മാനസിക ദാരിദ്ര്യവും ആത്മീയദാരിദ്ര്യവുമാണെന്ന് ഒരു ഭാരതീയമഹാൻ അഭിപ്രായപ്പെട്ടുകാണുന്നു. അദ്ദേഹം പറയുന്നതു നോക്കുക. “ഇന്നത്തെ വിദ്യാഭ്യാസം നമ്മുടെ യുവാക്കന്മാൎക്ക് ‘പൌരുഷവും’ ‘സ്വാശ്രയബുദ്ധിയു’മായ ബിരുദകളെ ഒഴിച്ച് മററു പലതരം ബിരുദകളും നൽകുന്നുണ്ട്. ഇന്നത്തെ രീതി നമ്മുടെ യുവാക്കന്മാരെ സ്വയമായി ചിന്തിക്കുന്നതിനും അവരവരുടെ കാലിന്മേൽതന്നെ ഉറച്ചു നില്ക്കുന്നതിനും ശീലിപ്പിക്കുന്നില്ല. അവർ സൎഗ്ഗപരമായ ബുദ്ധിയൊ വ്യവസായശീലമൊ പ്രസരിപ്പൊ ഇല്ലാത്ത ഒരുതരം എഴുത്തുകാരാണ്. എന്നാൽ ഇതു യുവാക്കന്മാരുടെ കുററമല്ല. അവരെ പിഴച്ച വിദ്യാഭ്യാസരീതിക്ക് അധീനന്മാരാക്കുന്ന അധ്യാപകന്മാരുടെ തെററാണ്. ഒരനവദ്യയായ വിദ്യാഭ്യാസരീതി കണ്ടുപിടിച്ചാൽ ശരിയായ മാൎഗ്ഗത്തിൽ നമ്മുടെ യുവാക്കന്മാരെ അഭ്യസിപ്പിക്കുവാൻ നമുക്കു സാധിക്കുന്നതാണ്”. നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസരീതി വഴിപിഴച്ചാണു കിടക്കുന്നതെന്ന് ഇദ്ദേഹവും അഭിപ്രായപ്പെടുന്നു. എന്നാൽ “സാധനദൂഷണം അകൌശലലക്ഷണം” എന്നുണ്ടല്ലൊ. അതുകൊണ്ടു നാം വിദ്യാഭ്യാസരീതിയെ കുററംപറഞ്ഞിരുന്നാൽ ആവുകയില്ല. അത് നമുക്കുവേണ്ടിയൊ വേണ്ടാതെയൊ ആരൊ സൃഷ്ടിച്ചതാണ്. അതിൻെറ ദൂഷ്യങ്ങളെ പരിഹരിക്കേണ്ട ചുമതല ആൎക്കെങ്കിലുമുണ്ടെങ്കിൽ - അതിൻെറ ആവശ്യമാൎക്കെങ്കിലുമുണ്ടെങ്കിൽ - അതു നമുക്കുതന്നെയാണ്. സ്വാശ്രയബുദ്ധിയേയും സൽബുദ്ധിയേയും പ്രയത്നശീലത്തേയും, അവലംബിച്ച് പ്രവൎത്തിച്ചാൽ വിദ്യാഭ്യാ

സരീതിയിലെ ന്യൂനതകളെ ഏറെക്കുറെ പരിഹരിക്കുവാൻ സാധിക്കും. ഇതാണു് നമ്മുടെ യുവാക്കന്മാർ സമ്പാദിക്കേണ്ടിയിരിക്കുന്നതു്. ഈ വഴിക്കാണു് അവരുടെ ജീവിതവിജയം കിടക്കുന്നതു്. "സർവ്വേഗുണാഃ കാഞ്ചനമാശ്രയന്തി."

# പുരാണപ്രസിദ്ധങ്ങളായ ചില സ്ഥലങ്ങൾ

തുടൎച്ച.

(സി. പി. ഗോവിന്ദപ്പിള്ള എം. ആർ. എ. എസ്സ്.)

൱൪. ദ്രവിഡം:— കൃഷ്ണാ, പാലാർ, ഈ നദികൾക്കു മദ്ധ്യേയുള്ള മലംപ്രദേശത്തിനു തെക്കുള്ള രാജ്യം. ഗോദാവരിക്കു തെക്കു ചോഴമണ്ഡലതീരം മുഴുവൻ ഇതിൽ ഉൾപ്പെടുന്നുവെന്നു സാഹിത്യഗ്രന്ഥങ്ങൾ ഘോഷിക്കുന്നുണ്ടെങ്കിലും കാവേരിക്കപ്പുറം ഈ രാജ്യം നീണ്ടിട്ടില്ലെന്നു ചില ചരിത്രകാരന്മാരും അഭിപ്രായപ്പെടുന്നു. പ്രധാനസ്ഥലം കാഞ്ചിയാണു്. മദ്രാസിനു തെക്കുപടിഞ്ഞാറു ൪൨ മൈലകലെ വേഗവതീരത്തിലുള്ള കാഞ്ചീപുരം തന്നെയാണിതു്.

൱൫. നിഷധം:— നളൻ വാണിരുന്ന രാജ്യം. അളകയാണു് പ്രധാനപട്ടണം. ഇതു് അളകനന്ദയുടെ കരയ്ക്കാണു്. ഉത്തരയിൻഡ്യയിൽ ഇപ്പോഴത്തെ കുമയൂണിന്റെ ഒരു ഭാഗം ഇതിൽ ഉൾപ്പെട്ടിരുന്നു. കുലപർവ്വതങ്ങളിലൊന്നിനും ഈ പേരുണ്ടു്.

൱൬. പഞ്ചവടി:— ജനസ്ഥാനം നോക്കുക.

൱൭. പാഞ്ചാലം:— രാജശേഖരമതാനുസാരം ഗംഗയ്ക്കും യമുനയ്ക്കും മദ്ധ്യേയുള്ള ഒരു സുപ്രസിദ്ധരാജ്യം. ദ്രുപദന്റെ കാലത്തു് ചർമ്മനാവതി എന്ന ചമ്പലിന്റെ തീരംമുതൽ വടക്കു് ഗംഗാദ്വാരത്തോളം ഈ രാജ്യം വ്യാപിച്ചിരുന്നു. ഭാഗീരഥിക്കപ്പുറമുള്ള വടക്കുഭാഗം ഉത്തരപാഞ്ചാലം. അതുതന്നെയാണു് അഹിക്ഷേത്രം. തെക്കുഭാഗം ദക്ഷിണപാഞ്ചാലം. ദ്രുപദന്റെ മരണാനന്തരം ഈ ഭാഗം ഹസ്തിനപുരത്തിൽ ചേൎന്നു.

൱൮. പത്മപുരം:— ഭവഭൂതി എന്ന വിശ്രുതകവിയുടെ ജന്മദേശം. ഇപ്പോഴത്തെ നാഗപുരം ഡിസ്ട്രിക്ടിൽ ചേൎന്ന ചാൺഡാ അല്ലെങ്കിൽ ചന്ദ്രപുരത്തിനു സമീപം.

൩൯. പത്മാവതി:— സിന്ധുതീരത്തിലുള്ള ഒരു ദേശം. ഇപ്പോഴത്തെ മാംവായിൽ ചേൎന്ന നർവാർ. അതിനുസമീപത്തുള്ള മററു നദികൾ പാരാ അല്ലെങ്കിൽ പാൎവ്വതി, ല്യൂനാ, മധുവർ എന്നിവ. ഭവഭൂതി വിവരിക്കുന്ന പാൎവ്വതി, ലവണ, മധുമതി എന്നീ നദികളാണിവ. ഭവഭൂതിയുടെ മാലതീമാധവത്തിന്റെ രംഗം ഈ പട്ടണമാണു്.

൪൦. പമ്പാ:— രാമായണപ്രസിദ്ധമായ ഒരു സരസ്സ്. ഋശ്യമൂകപൎവ്വതത്തിനടുത്തുള്ള പിനാകിനീനദിയായിരിക്കണം പമ്പാസരസ്സെന്നു ചിലൎക്കഭിപ്രായമുണ്ടു്. ഈ നദിയുടെ ഉല്പത്തിസ്ഥാനം ചില സരസ്സുകളാണത്രെ. വടക്കൻശാഖ വിശേഷിച്ചും ചന്ദ്രദുൎഗ്ഗത്തിനു മദ്ധ്യേ പാറക്കെട്ടിലുള്ള ഒരു തടാകത്തിൽനിന്നു ഒഴുകുകയാണു്. ആദ്യകാലത്തെ പമ്പാ ഇതായിരിക്കണം. ഋശ്യമൂകപൎവ്വതം ചന്ദ്രദുൎഗ്ഗവും ആയിരിക്കാം. കാലാന്തരത്തിൽ ആ സരസ്സിൽ നിന്നുണ്ടായ നദിക്കും ഈ പേരു വന്നുവെന്നു കരുതാവുന്നതാണു്.

൪൧. പാടലീപുത്രം:— മഗധത്തിലെ പ്രധാനപട്ടണം. ഇതുതന്നെയാണു തെക്കെ ബീഹാർ. ഗംഗയുടെ സംഗമസ്ഥാനത്തിനും ശോണ്യാദിക്കും ഇടയ്ക്കുള്ള പ്രദേശം. കുസുമപുരം എന്നും ഇതിനു പേരുണ്ടായിരുന്നു. പുരാതനയൂറോപ്യൻ സഞ്ചാരികളുടെ പാലിബോത്രവും ഇതാണു്. എട്ടാംശതാബ്ദത്തിൽ ഒരു നദിയിലുണ്ടായ ജലപ്രളയം നിമിത്തം ഇതു നശിച്ചുവത്രെ.

൪൨. പാണ്ഡ്യം:— ഇൻഡ്യയുടെ ഏററവും തെക്കെയററത്തെ ഒരു രാജ്യം. ചോളദേശത്തിനു തെക്കുപടിഞ്ഞാറു കിടക്കുന്നു. മലയമലയും താമ്രവൎണ്ണിആറും ഇവിടെയാണു്. ഇപ്പോഴത്തെ തിരുനെൽവേലിതന്നെയാകുന്നു ഇതു്. രാമേശ്വരം ഇതിൽ ചേൎന്നതാണു്. പാണ്ഡ്യദേശത്തിന്റെ തലസ്ഥാനത്തെ നാഗപുരമെന്നാണു കാളിദാസൻ പറഞ്ഞിരിക്കുന്നതു്. മദ്രാസിനു ൧൬൦ മൈൽ തെക്കുള്ള നാഗപട്ടണമായിരിക്കണമിതു്.

൪൩. പാരസീകം:— പഞ്ചാബും ഇൻഡ്യയുടെ വടക്കുപടിഞ്ഞാറെ പ്രാന്തത്തിനടുത്ത പ്രദേശങ്ങളും ചേൎന്ന ദേശം. ഇവിടെ അശ്വങ്ങൾ ധാരാളമുണ്ടു്. വനായുദേശ്യങ്ങളെന്നാണു് ഇവയെ പറയുന്നതു്.

൪൪. പാരിയാത്രം:— ഇൻഡ്യയിലെ ഒരു പ്രധാനപൎവ്വതപങ്ക്തി. ഇതു് ശിവാലിക്മലകളായിരിക്കണം. ഹിമാലയത്തിനും ഗംഗാതടത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്തിനും മദ്ധ്യേയാണു്.

൪൫. പ്രതിഷ്ഠാനം:— ചന്ദ്രവംശത്തിലെ ഒരു രാജാവായ പുരൂരവസ്സിന്റെ രാജധാനി. അലഹബാദ് എന്ന പ്രയാഗയുടെ എതിരുവശത്തുള്ളതു്, ഇതു പ്രയാഗയിൽ ഗംഗയുടെ ഉത്തരതീരത്തുള്ള ഒരു സ്ഥലമായി ഹരിവംശം ഘോഷിക്കുന്നു, ഗംഗയും യമുനയും ചേരുന്നിടത്തെന്നാണു കാളിദാസൻ പറഞ്ഞിരിക്കുന്നതു്.

൪൬. മഗധം:- ദക്ഷിണബീഹാറിൽ മഗധന്മാരുടെ വാസസ്ഥാനം. ഗിരിവ്രാജം അല്ലെങ്കിൽ രാജഗൃഹമാണു പുരാതന രാജധാനിസ്ഥാനം. ഇവിടെ പ്രധാനപ്പെട്ട അഞ്ചു മലകളുണ്ട്. അവ വിപുല, രത്ന, ഉദയ, ശോണ, വൈഭാര ഈ ഗിരികളാകുന്നു. പിന്നീട്ടു പാടലീപുത്രം പ്രധാന പട്ടണമായി. ഇതു പാട്നയാണ്. മഗധത്തിനു കീകടരാജ്യമെന്ന് അനന്തരകാലത്തിൽ പേരുവന്നു.

൪൭. മത്സ്യം, വിരാടം:— ഢോൽപുരത്തിനു പടിഞ്ഞാറുള്ള ഒരു രാജ്യം. പാണ്ഡവർ യമുനാതീരത്തിൽ നിന്ന് ഇവിടെ പ്രവേശിച്ചതു് (അജ്ഞാതവാസത്തിന്) ദശാർണ്ണത്തിനു വടക്കു രോഹിതന്മാരുടേയും ശൂരസേനന്മാരുടേയും ദേശങ്ങളിൽക്കൂടിയായിരുന്നു. ജയപ്പൂരിനു നാല്പതു മൈൽ വടക്കുള്ള വൈരാതമാകുന്നു വിരാടരാജധാനിസ്ഥാനം.

൪൮. മലയം:- ഇൻഡ്യയിലെ പ്രധാനപ്പെട്ട ഏഴു പർവ്വതപങ്ക്തികളിൽ ഒന്ന്. മൈസൂറിനു തെക്കും തിരുവിതാംകോടിനു കിഴക്കുമായുള്ള പശ്ചിമഘട്ടത്തിൻെറ ദക്ഷിണാംശമായിരിക്കണം. കാവേരിനദി ഇതിനെ ചുററുന്നുവെന്നു ഭവഭൂതി പറയുന്നു. ഏലം, കുരുമുളക്, ചന്ദനം, അടയ്ക്കാമരം എന്നിവ ഇവിടെ ധാരാളമുണ്ടെന്നുംകൂടി ആഗ്രഹം പ്രസ്താവിക്കുന്നുണ്ട്. തെക്കൻദിക്കിൻെറ രണ്ടു സ്തനങ്ങളായിട്ടാണു മലയം, ദർദ്ദുരം ഈ രണ്ടുപർവ്വതങ്ങളേയും കാളിദാസൻ ഗണിക്കുന്നതു്. അതിനാൽ ദർദ്ദുരം മൈസൂറിൻെറ തെക്കുകിഴക്കുള്ള പശ്ചിമഘട്ടാംശമായിരിക്കണം. രഘുവംശത്തിൽ രഘുവിൻെറ ദിഗ്വിജയത്തിൽ കാളിദാസൻ മലയത്തെ വർണ്ണിക്കുന്നു. മലയത്തിൽ ഉണ്ടായതാണല്ലോ മലയജം. ദേവികുളത്തു മലയജം അല്ലെങ്കിൽ ചന്ദനം ധാരാളമായുണ്ടെന്നുള്ളതു സുപ്രസിദ്ധമാകുന്നു.

൪൯. മഹേന്ദ്രം:- ഇൻഡ്യയിലെ ഏഴു പ്രധാന പർവ്വതപങ്ക്തികളിലൊന്ന്. മഹേന്ദ്രമല ഗഞ്ജാമിനെ മഹാനദീതടത്തിൽ നിന്നു വേർതിരിക്കുന്നു. ഇതു മഹാനദിക്കും ഗോദാവരിക്കും മദ്ധ്യേയുള്ള പൂർവ്വഘട്ടാംശമായിരിക്കണം.

൫൦. മഹോദയം:— കാന്യകുബ്ജം, ഗാധിനഗരം ഈ പേരുകളും ഇതിനുണ്ട്. ഇതു് ഗംഗാതീരത്തിലുള്ള ഇപ്പോഴത്തെ കന്യാകുബ്ജം അല്ലെങ്കിൽ കണൗജ് തന്നെയാണ്. ഏഴാംനൂററാണ്ടിൽഇതു് ഇൻഡ്യയിൽ എത്രയും സുപ്രസിദ്ധമായിരുന്നു.

൫൧. മാനസം:- ഹാടകരാജ്യത്തിലെ ഒരു സരസ്സ്. ഹാടകരാജ്യം ഇപ്പോഴത്തെ ലാഡക്കാണ്. ഉത്തരകുരുക്കളുടെ ഹരിവർഷം ഹാടകത്തിനു വടക്കാകുന്നു. പുരാതനകാലങ്ങളിൽ ഈ സരസ്സു കിന്നരന്മാരുടെ വിഹാരസ്ഥാനമായിരുന്നു. വർഷാഗമത്തിൽ രാജഹംസങ്ങളുടെ ക്രീഡാഹാരങ്ങളായി കവികൾ ഇതിനെ വർണ്ണിച്ചിരിക്കുന്നു.

൭൨. മാഹിഷ്മതി:- 'ചേദി' നോക്കുക.

൭൩. മിഥില:- 'വിദേഹം' നോക്കുക.

൭൪. മുരള:— 'കേരളം' നോക്കുക.

൭൫. മേകലം:— നർമ്മദോല്പത്തിസ്ഥാനമായ അമരകാന്തകപർവ്വതം.

൭൬. ലാടം:— നർമ്മദയ്ക്കു പടിഞ്ഞാറുള്ള ഒരു രാജ്യം. ബ്രോച്ച്, ബെറോഡാ, അഹമ്മദബാദ് ഈ രാജ്യങ്ങൾ ചേർന്നതു്. ഖയിറാ കൂടി ഇതിലുൾപ്പെട്ടുമെന്നാണ് ഏതാനും പേരുടെ അഭിപ്രായം.

൭൭. വംഗം:— സമതടം എന്നും ഇതിനു പേരുണ്ട്. കിഴക്കെ ബംഗാളമാണിതു്. ഗൌഡം എന്ന വടക്കെ ബംഗാളത്തിൽ നിന്നു വേർപെട്ടതു്. കടൽക്കരകൂടി ഇതിൽ ചേരുന്നു. ഒരുകാലത്തു തിപ്പുര, ഗാരോ ഈ മലകളും ഇതിലുൾപ്പെട്ടിരുന്നു.

൭൮. വലഭി:— 'സൌരാഷ്ട്രം' നോക്കുക.

൭൯. ബാൽഹികം:— വാഹികം. ഇപ്പോഴത്തെ ബാക്ട്രിയ അല്ലെങ്കിൽ ബാൽക്- പഞ്ചാബുനിവാസികൾക്കു പൊതുവെ ഉണ്ടായിരുന്ന പേരു് ബാൽഹികന്മാരെന്നായിരുന്നു. ഭാരതത്തിന്റെ പരിശുദ്ധമായ ഭാഗത്തിനു പുറത്തായി സിന്ധുവും അതിന്റെ അഞ്ചു പോഷകനദികളും പ്രവഹിക്കുന്ന പ്രദേശം ഇവരുടെ വാസസ്ഥാനമായിരുന്നുവെന്നു മഹാഭാരതം പ്രസ്താവിക്കുന്നു. കുതിരകൾക്കും കായത്തിനും ഇവിടം പ്രസിദ്ധമായിരുന്നു.

൮൦. വിദർഭം:— ഇപ്പോഴത്തെ ബീറാറാകുന്നു. പുരാതനകാലത്തെ ഒരു വലിയ രാജ്യം. കുന്തളദേശത്തിനു വടക്കു കൃഷ്ണാതീരം മുതൽ നർമ്മദാതീരത്തോളം വ്യാപിച്ചിരുന്നു. രാജ്യവിസ്തൃതികൊണ്ടു് മഹാരാഷ്ട്രം എന്ന പേരും ഇതിനുണ്ടായി. രാജധാനി കുണ്ഡിനപുരം. വിദർഭം എന്നും ഇതിന് പറയാറുണ്ട്. ഇതു് ഇപ്പോഴത്തെ ബീഡർ ആയിരിക്കണം. ഇപ്പോഴത്തെ വാർഡ എന്ന വരദാനദി ഇതിനെ രണ്ടായി പിരിച്ച്, ഉത്തരവിഭാഗത്തിൽ അമരാവതിയും ദക്ഷിണവിഭാഗത്തിൽ പ്രതിസ്ഥാനവും പ്രധാന പട്ടണങ്ങളായി.

൮൧. വിദിശം:— 'ദശാർണ്ണം' നോക്കുക.

൮൨. വിദേഹം:— മഗധത്തിനു വടക്കുകിഴക്കുള്ള രാജ്യം, പ്രധാനപട്ടണം മിഥില. നേപ്പാളത്തിൽ മധുവനിക്കു വടക്കുള്ള ജനകപുരം തന്നെയാണിതു്. പുരാണകാലത്തു നേപ്പാളത്തിൽ ഒരംശവും സീതാമാരി, സീതാകുണ്ഡം, ത്രിഹട്ടിന്റെ വടക്കുഭാഗം ചമ്പാരന്റെ വടക്കുപടിഞ്ഞാറൻപ്രദേശം എന്നിവയും ഇതിൽ ഉൾപ്പെട്ടിരുന്നിരിക്കണം.

൮൩. വിരാടം:— 'മത്സ്യം' നോക്കുക

൯൪. വൃന്ദാവനം:- രാധാവനമാണിതു്. മധുരാപുരിയിൽനിന്ന് അല്പം അകലെ വടക്കുപടിഞ്ഞാറ് ഇപ്പോഴത്തെ ഒരു പ്രധാനപട്ടണം. ഇതു് യമുനയുടെ ഇടത്തുകരയിലാണ്.

൯൫. ശകം:- ഈ സ്ഥലവാസികൾ ശകന്മാർ. ഇൻഡ്യയുടെ വടക്കുപടിഞ്ഞാറും അതുത്തി- പഴയ ഗ്രന്ഥകാരന്മാരുടെ 'സാകേ' ഇതാണു്. ശകന്മാരായിരിക്കണം സിതിയന്മാർ.

൯൬. ശുക്തിമാൻ:- ഇൻഡ്യയിലെ സപ്തപർവതങ്ങളിൽ ഒന്ന്. സ്ഥാനം വ്യക്തമായിട്ടില്ല എങ്കിലും നീപാളിന്നു തെക്ക് ഹിമാലയത്തോടു ചേർന്നുള്ള ചെറുമലകളുടെ നിരയായിരിക്കണമെന്നാണ് ഊഹിക്കേണ്ടതു്.

൯൭. ശ്രാവസ്തി:- ഉത്തരകോസലത്തിൽ ഒരു പട്ടണം. ശ്രീരാമപുത്രനായ ലവന്റെ രാജസ്ഥാനം. 'ശരാവതി' എന്ന പേരും ഇതിനുള്ളതായി കാണുന്നു. അയോദ്ധ്യയ്ക്കു വടക്കുള്ള സാഹററ്മാഹററ് ആയിരിക്കണം. ധമ്മപത്തനം അല്ലെങ്കിൽ ധമ്മപുരി എന്നും ഇതിനെ വിളിച്ചുവരുന്നു.

൯൮. സഹ്യൻ:- ഇൻഡ്യയിലെ സപ്തപർവതങ്ങളിൽ ഒന്ന്. ഇന്നും ഇതിന്റെ പേരു സഹ്യാദ്രി എന്നുതന്നെ. മലയത്തിന്നു വടക്കു നീലഗിരിയോടു ചേരുന്നവരെയുള്ള പശ്ചിമഘട്ടാംശം.

൯൯. സിന്ധു:- 'പത്മാവതി' നോക്കുക.

൧൦൦. സിന്ധുദേശം:- സിന്ധുനദിയുടെ വടക്കുഭാഗം.

൧൦൧. സുഹ്മം:- വംഗത്തിന്നു പടിഞ്ഞാറുള്ള ഒരു രാജ്യം. താമ്രലിപ്തയാകുന്നു പ്രധാനപട്ടണം. താമ്രലിപ്ത, ദാമലിപ്ത, താമലിപ്തി, തമാലിനി എന്നീ പേരുകളും ഇതിന്നുണ്ട്. കോസ്സിനദിയുടെ വലത്തെക്കരയിലുള്ള ഇപ്പോഴത്തെ ടംലുക്കാകുന്നു ഇതു്. ഈ നദിയെ കപിലാ എന്നാണു കാളിദാസൻ കുറിച്ചിരിക്കുന്നതു്. പണ്ടു ഈ പട്ടണം കടലിനോടു ഇപ്പോഴത്തെക്കാൾ സമീപിച്ചിരുന്നു. കടൽമാർഗ്ഗ്ഗണയുള്ള വ്യാപാരം ഇവിടെ സമൃദ്ധിയായിരുന്നു. പടിഞ്ഞാറെ ബംഗാളത്തുകാർക്കുള്ള രാധന്മാർ എന്ന പേരുതന്നെ സുഹ്മജാതിക്കാർക്കുമുണ്ടായിരുന്നു.

൧൦൨. സൌരാഷ്ട്രം:- ആനർത്തം- ഇപ്പോഴത്തെ കത്തിയവാർ ഉപദ്വീപാകുന്നു. പ്രധാനപട്ടണമായ ദ്വാരകയ്ക്കു് ആനർത്തനഗരിയെന്നും ആഢീരനഗരിയെന്നും പേരുകളുണ്ട്. പഴയ ദ്വാരക മധുപുരത്തിന്നു സമീപമാണ്. ഇതു് ഇപ്പോഴത്തെ ദ്വാരകയിൽനിന്നു ൯൫ മൈൽ അകലെ വടക്കുകിഴക്കാകുന്നു. അതിനടുത്താണ് രൈവതകമല. ജൂണഗാഡിന്നു സമീപമുള്ള ഗിരിനഗർമലയായിരിക്കണം രൈവതകം. അടുത്ത പ്രധാനപട്ടണം വലഭിയാകുന്നു. അതിന്റെ നഷ്ടശിഷ്ടങ്ങൾ ബിത്ബി എന്ന സ്ഥലത്തു കാണപ്പെട്ടിട്ടുണ്ട്. ഭവനഗരത്തിൽ നിന്നു പത്തു മൈൽ വടക്കുപ

ടിഞ്ഞാറാണ് ഈ സ്ഥലം. പ്രഭാസതീർത്ഥം ഈ രാജ്യത്തു കടലോരം സംബന്ധിച്ചുള്ളതാണ്.

൩൯. സൂഗ്ഘ്നം:- പാടലീപുത്രത്തിന് അല്പം അകലെയുള്ള ഒരു സ്ഥലം. യമുനയുടെ പുരാതനതടത്തിനടുത്ത സുഗ് എന്ന സ്ഥലമാണിതു്.

൪൦. ഹസ്തിനാപുരം:- ഭരതവംശജനായ ഹസ്തിയാൽ സ്ഥാപിക്കപ്പെട്ട ഒരു വിശ്രുതസ്ഥലം. ഇപ്പോഴത്തെ ഡൽഹിയിൽനിന്ന് അൻപത്താറു മൈൽ വടക്കുകിഴക്ക് ഗംഗയുടെ പുരാതനമായ ഒരു പ്രവാഹത്തിനടുത്താണിതു്,

൪൧. ഹേമക്കൂടം:- സ്വർണ്ണക്കൊടുമുടിയുള്ള പർവ്വതമാണല്ലോ ഇതു്. വർഷപർവ്വതം എന്നും ഇതിനു പേരുണ്ടു്. അറിവിൽ പെട്ട ഭൂമിയെ ഒൻപതു വർഷങ്ങളായി അതായിത്തു് ഒൻപതു രാജ്യങ്ങളായി പിരിക്കുന്നതു് ഈ ഹേമക്കൂടമാണ്. ഇതു് ഹിമാലയത്തിനു വടക്കെന്നാണ് പൌരാണികഗ്രന്ഥങ്ങൾ സ്ഥാനനിർണ്ണയം ചെയ്തിട്ടുള്ളതു്. മേരുവിനു തെക്കു കിന്നരന്മാരുടെ വാസസ്ഥാനമായ കിമ്പുരുവർഷത്തിന്റെ അതിരു് കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രത്തിൽ മുങ്ങി സൌവർണ്ണസാരം വമിക്കുന്നതായിട്ടു ഹേമക്കൂടത്തെക്കുറിച്ചു കാളിദാസൻ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ.

## സാപ്തപദീനപാരമ്യം.

### ചതുർത്ഥരംഗം.

(എം. രാജരാജവർമ്മതമ്പുരാൻ എം. ഏ. ബി. എൽ.)

"സുഹൃന്മിത്രാദ്യുദാസീനമധ്യസ്ഥദ്വേഷ്യബന്ധുഷു
സാധുഷ്വപി ച പാപേഷു സമബുദ്ധിർവിശിഷ്യതേ"

യൂറോപ്പുമഹാഖണ്ഡത്തിന്റെ മധ്യഭാഗത്തു സ്ഥിതിചെയ്യുന്ന ആസ്ട്രിയാരാജ്യത്തിന്റെ തലസ്ഥാനമാണ് വീയന്നാനഗരം, ഇക്കഴിഞ്ഞ മഹായുദ്ധംവരെ ആസ്ട്രിയാസാമ്രാജ്യത്തിനൊടൊപ്പം പ്രൌഢിയുള്ള മറ്റൊരു രാജ്യമൊ, അവിടത്തെ ചക്രവർത്തിക്കൊപ്പം കേമനായിരുന്ന ഒരു നാടുവാഴിയൊ യൂറോപ്പിലില്ലായിരുന്നു. വീരമ്മന്യന്മാരിൽ അഗ്രേസരരായിരുന്ന റഷ്യാമഹാരാജ്യത്തിലെ സാർചക്രവർത്തികൾപോലും അദ്ദേഹത്തിന്റെ സഖ്യത്തെ വലിയ കാര്യമായി ഗണിച്ചുവന്നിരുന്നു. ശിശുപാലരൌപക്കത്ര

ന്മാർ പണ്ടു ഭാരതഖണ്ഡത്തെ കിടുകിട വിറപ്പിച്ചിരുന്നതുപോലെ, ആസ്ട്രിയാ റഷ്യാചക്രവത്തികൾ യൂറോപ്പുഖണ്ഡത്തെ ഇളക്കിമറിച്ചു വന്ന കാലം അനതിദൂരമാകുന്നു. ആസ്ട്രിയാ ചക്രവത്തിയുടെ പിൻവാഴ്ചക്കാരനെ ഹംഗേരിയിൽവച്ചു വെടിവെച്ചു കൊന്നതാണല്ലൊ ജർമ്മൻമഹാസമരത്തിനു തല്ക്കാലകാരണമായിത്തീൎന്നതു്. യൂറോപ്പിലെ ത്രിപുരന്മാരായിരുന്ന ആസ്ട്രിയാചക്രവത്തിയും, റഷ്യൻസാമ്രാട്ടും, ജർമ്മൻകൈസരും എന്നു പറയാം.

ഇത്ര മഹാവീരന്മാരായിരുന്ന ആസ്ട്രിയാചക്രവത്തികളുടെ രാജധാനിയായി ലാലസിച്ച വീയന്നാനഗരത്തിൻെറ ശ്രീലാസ്യത്താൽ അളകാപുരിപോലും തജ്ജിതമായിരുന്നു എന്നു വൎണ്ണിക്കുന്നതിൽ ഒട്ടും അതിശയോക്തിയുണ്ടാവില്ല. സംഗീതകല ആ നഗരത്തിൽ നൃത്തമാടിയിരുന്നു. പാശ്ചാത്യഗന്ധവ്വവയ്യന്മാരായിരുന്ന ബീത്തോവൻ, ഹേഡൻ, മോസാട്ട്, എന്ന കേമന്മാർ അവിടത്തെ പൌരന്മാരായിരുന്നു. പാശ്ചാത്യഗാനങ്ങളിൽ വച്ചു് അവർ രചിച്ചിട്ടുള്ള കൃതികളെ ഇന്നും യൂറോപ്യന്മാർ ഉത്തമങ്ങളായി ഗണിച്ചുവരുന്നുണ്ടു്. വീയന്നാനഗരവാസികളിൽ സംഗീതജ്ഞാനമില്ലാത്തവർ ഇന്നും ചുരുങ്ങും.

ഈ ഗന്ധവ്വനഗരത്തിലുള്ള അനവധി രമണീയങ്ങളായ മന്ദിരങ്ങളിൽ ഒന്നു് സെൻറു സ്റ്റീഫൻ വലിയപള്ളി (ഗോവേന്ത) യാകുന്നു. പ്രാചീനമായ ഈ ദേവാലയത്തിൻെറ ഗോപുരത്തിൽകയറി നോക്കിയാൽ ചുററും കാണുന്ന കാഴ്ച അതി മനോഹരമത്രെ. ദക്ഷ കിഴക്കായി ഹംഗേരി രാജ്യത്തിലെ മൈതാനപ്രദേശങ്ങളും, ഏതാണ്ടു നൂറുമൈലകലെ കാൎപ്പേത്തിയൻ ശൈലശൃംഗപരമ്പരകളും, ഗെലീഷ്യാസംസ്ഥാനത്തിൻെറ വിഭാഗങ്ങളും ദൃഷ്ടിക്കു ഗോചരീഭവിക്കുന്നു. ആ പ്രദേശമാസകലം ഗാഢാശ്ലേഷം പൂണ്ടനുഗ്രഹിച്ചു സംപത്സമൃദ്ധമാക്കിത്തീൎക്കുന്ന ഡാന്യൂബ്മഹാനദി യൂറോപ്പിൻെറ ഉദ്യാണമായി വിലസുന്നു. വടക്കുപടിഞ്ഞാറായി കാണ്മാം സെക്കോസ്ലോവാക്യാ എന്നു ഇപ്പോൾ നാമധേയം സ്വീകരിച്ചിട്ടുള്ള ബൊഹീമിയാസംസ്ഥാനം. മഹായുദ്ധത്തിനു മുമ്പു് ഹംഗേരിയും, ഗെലീഷ്യയും ബൊഹീമിയയും ആസ്ട്രിയാസാമ്രാജ്യത്തിൻെറ ഭാഗങ്ങളായിരുന്നു. ഇപ്പോഴാണു് അവ പിരിഞ്ഞു സ്വതന്ത്രങ്ങളായിത്തീൎന്നതു്. ചക്രവത്തിപദംപോലും ആസ്ട്രിയക്കു് ഇന്നില്ലാതായി! അഹോ! ദൈവവിലാസം! ഇന്നു തണ്ടിന്മേൽ കയറുന്നതും നാളെ കീറമാറാപ്പേറ്റപ്പിക്കുന്നതും ദൈവകല്പനയാണല്ലൊ.

ഈ ദേവാലയത്തിൻെറ ഗോപുരത്തിൽനിന്നുകൊണ്ടു പണ്ടു ചക്രവത്തി രണ്ടു മഹാസംഭവങ്ങളെ ദൎശിച്ചിട്ടുണ്ടു്. എ. ഡി. ൧൬൮൩-ാമാ

ണ്ടു് വസന്തകാലത്തു ചന്ദ്രികാധവളവമായ രാത്രിയിൽ തുരുഷ്കപ്പടകയറി വിയന്നാനഗരം വളഞ്ഞപ്പോൾ, പോളണ്ടിലെ രാജാവു വലുതായ സേനാസന്നാഹത്തോടുകൂടി പോരുമ്പറയുംകൊട്ടി തുരുഷ്കപ്പടയെ പറത്താനായി ഒരുമ്പെട്ടുള്ള പുറപ്പാടു് അവിടെനിന്നാണു ചക്രവൎത്തി വീക്ഷിച്ചതു്. സമയോചിതമായ ആ സഹായം ലഭിച്ചിരുന്നില്ലെങ്കിൽ യൂറോപ്പിന്റെ മധ്യദേശം മുഴുക്കെ ഭസ്മമായിപോകുമായിരുന്നു. മററൊരുകാഴ്ച പിന്നീടു് ഒരു ശതവൎഷകാലം കഴിഞ്ഞാണുണ്ടായതു്. മഹാ പരാക്രമശാലിയായിരുന്ന നെപ്പോളിയൻ ബോണപാൎട്ടു് എന്നു പ്രസിദ്ധനായിരുന്ന ഫ്രഞ്ചിരീസ്സു ചക്രവൎത്തി യൂറോപ്പാസകലം ദിഗ്വിജയം നടത്തി ജയഭേരിയോടെ വീയന്നാനഗരത്തിൽ പ്രവേശിച്ച കാഴ്ചയും അന്നിരുന്ന ചക്രവൎത്തി ഈ ഗോപുരത്തിന്മേൽ നിന്നുതന്നെയാണു് കണ്ടതു്. ആ നഗരത്തിൽവച്ചു നടന്ന സന്ധിയുടമ്പടിമൂലം അപ്പോൾ ആ രാജ്യം ഒരു വിധം രക്ഷനേടി.

പിന്നെയും ഒരു നൂററാണ്ടു കഴിഞ്ഞു. അപ്പോൾ തുടങ്ങി ജൎമ്മൻ സമരകോലാഹലം. അതു് അവസാനിക്കുന്നതിനു മുമ്പുതന്നെ ആസ്ത്രിയാമഹാരാജ്യം ആഭ്യന്തരകലഹത്താൽ ഛിന്നഭിന്നമായിത്തീൎന്നു. സെക്കു്, സ്ലാവ്, പോൾ, മാഗ്യാർ, എന്നു പല വൎഗ്ഗക്കാരായിരുന്ന പ്രജകൾ സ്വതന്ത്രരാകണമെന്നു് ഏറിയനാളായി മോഹിച്ചിരുന്നതു സാധിക്കാൻ മഹായുദ്ധം നല്ലൊരവസരമായിത്തീൎന്നു. സെക്കുകാർ, മസാറിക്കു് എന്ന പ്രമാണിയുടെ നേതൃത്വത്തിൽ, സെക്കോസ്ലാവോക്കിയാ എന്ന പേരായ സ്വദേശത്തെ സ്വതന്ത്രരാജ്യമാക്കി പിരിഞ്ഞു പ്രേഗ്നഗരത്തിൽ തലസ്ഥാനമുറപ്പിച്ചു. അതേവിധം പോൾവൎഗ്ഗക്കാർ പോളണ്ടു സംസ്ഥാനത്തെ ആസ്ത്രിയയുടെ അടിമയെന്നുള്ള അവസ്ഥവിടുത്തി വാർസാനഗരത്തെ തലസ്ഥാനമാക്കി സ്വതന്ത്രരായി. ജനങ്ങളുടെ ഈവക ക്ഷോഭങ്ങൾ സഹിക്കവഹിയാതെ ചക്രവൎത്തി സ്വസ്ഥാനത്തെ കൈവെടിഞ്ഞു. ജനപ്രതിനിധികൾ രാജ്യഭാരം കയ്യേററു. മുമ്പിൽ അഞ്ചുകോടി ജനങ്ങളാൽ അധ്യുഷിതമായിരുന്ന മഹാരാജ്യം അറുപതുലക്ഷം പ്രജകൾമാത്രമുള്ള ഒരു ചെറുനാടായിത്തീൎന്നു.

പന്ത്രണ്ടാംമാസത്തിനുണ്ടാകുന്ന വലിയ പപ്പടംപോലെ വിശാലമായി യൂറോപ്പുപടങ്ങളിൽ കാണിച്ചിരുന്ന ആസ്ത്രിയാസാമ്രാജ്യം, കാക്കപ്പടവന്നു കൊത്തിപ്പൊടിച്ചതുപോലെ അതി ദയനീയാവസ്ഥയെ പ്രാപിച്ചു. വലിയ പദവിയിലിരുന്നവർ ദരിദ്രരായാലുള്ള കഥയെന്താണു്? രാജ്യത്തുണ്ടായിരുന്ന തൊഴിലുകളെല്ലാം നിലച്ചു. ഗതാഗതത്തിനുതകിയ തീവണ്ടിപോലും പരാധീനത്തിലായി. പ്രധാന ഭക്ഷണപദാൎത്ഥമായ ഗോതമ്പു വിളയുന്ന ഭൂമികൾ മറുരാജ്യത്തിലകപ്പെട്ടു. തീകത്തിക്കാനുള്ള ക

ല്ക്കരിയെടുക്കുന്ന ഖനികൾ വേറൊരു സ്വതന്ത്രസംസ്ഥാനത്തായി. ഹംഗേരിയിൽനിന്നും ബൊഹീമിയയിൽനിന്നും സാധനങ്ങൾ വന്നിരുന്നതുകൊണ്ടായിരുന്നു വീയന്നാനഗരത്തിന്റെ സമൃദ്ധിയെല്ലാം. അതില്ലെന്നായപ്പോൾ അവിടെ പാൎത്തിരുന്ന ഇരുപതുലക്ഷം ജനങ്ങൾക്കു പട്ടിണിയായി. തൊഴിൽ നശിച്ചതോടുകൂടി ധനവും നശിച്ചു. നാട്ടിലെ നാണയത്തിനു ക്രയമില്ലെന്നായി. ഉടുക്കാൻ തുണിയില്ല; ഉണ്ണാൻ അന്നമില്ല; ചിലവിനു പണമില്ല; ഉള്ള പണത്തിനു ക്രയമില്ല; എന്തുചെയ്യും സാധുജനങ്ങൾ? ഒരു കഷണം ഇറച്ചി കിട്ടുന്നതിനു പത്തും പതിനായിരവും നിരാഹാരന്മാരായ ആളുകൾ തിക്കിത്തിരക്കി കയറുന്നതു കണ്ടാൽ ആരാണ് കണ്ണീർ പൊഴിക്കാത്തതു്? മഹായുദ്ധകാലത്തു നമ്മുടെ നാട്ടിൽ അരിവില്പനക്കു നിയന്ത്രണം വന്നപ്പോൾ സാധുക്കൾ എത്ര കഷ്ടത അനുഭവിച്ചുവെന്ന് ഇന്നുള്ളവർ മറന്നിരിക്കാനിടയില്ല. ആസ്ത്രിയാരാജ്യത്തുണ്ടായ സങ്കടത്തിനും അതിനും തമ്മിൽ ആനയുമാടുംപോലെ വ്യത്യാസമുണ്ടെന്നറിയുമ്പോൾ അവിടത്തുകാരുടെ സ്ഥിതിയെപ്പററി ഏതാണ്ടു ബോധം വരും.

ഈ ദുൎദ്ദശയെ പരിഹരിക്കാനുള്ള ഭാരം ആൎക്കാണ്? സ്വരാജ്യമഹാസമിതിയുടെ സമബുദ്ധി ഇതിൽ കാണണം. ഭഗവദുപദേശത്തിന്റെ മാഹാത്മ്യം ഈവിധമുള്ള ദുൎഘടഘട്ടങ്ങളിലാണ് വെളിപ്പെടുന്നതു്. ആസ്ത്രിയയുടെ പൂൎവ്വചരിത്രം നോക്കിയാൽ പല അതിക്രമങ്ങളും നടത്തീട്ടുള്ളതായി കാണാം. മഹായുദ്ധത്തിൽതന്നെ ജൎമ്മനിയോടു ഇണങ്ങി സംയുക്തകക്ഷികളെ എതിൎക്കയാണ് ആ നാട്ടുകാർ ചെയ്തതു്. ഇതൊന്നും വകവയ്ക്കാതെ സമിതിയുടെ അനുഭാവം ഹേതുവായിട്ടു് ഇംഗ്ലീഷുകാരും അമേരിക്കരും മററു രാജ്യക്കാരും ഭക്ഷണസാധനങ്ങളും തുണിയും അയച്ചുകൊടുത്തു. ആതുരരക്ഷണസംഘക്കാരും, മിത്രസമാജക്കാരും ബാലരക്ഷണസംഘക്കാരും കഴിയുന്ന ഉതവികളെല്ലാം ചെയ്തു. എങ്കിലും അനവധി കിടാങ്ങൾ മരിക്കുന്നും അനേകംപേർ രോഗികളാകയുംചെയ്തു. ഈ ദുരവസ്ഥക്കു മൂലകാരണം ധനമില്ലായ്കയായിരുന്നു. അന്നന്നു കിട്ടുന്നതുകൊണ്ടു ഉപജീവിക്കുന്നവൎക്കു മിച്ചമെവിടെ? മിച്ചമുണ്ടായെങ്കിലല്ലാതെ ധനമുണ്ടാകുമൊ? കൃഷിവേലക്കാരുടെ ദാരിദ്ര്യത്തിനുള്ള കാരണം അതാണല്ലൊ. ഒരു രാജ്യം മുഴുക്കെ പാപ്പരായിക്കഴിഞ്ഞാലുള്ള അവസ്ഥയെന്താണ്? മുതലില്ലാത്തവൎക്കു് ആരെങ്കിലും എന്തെങ്കിലും കടം കൊടുക്കുമൊ? എങ്കിലും ധൎമ്മശീലരായ ബ്രിട്ടീഷ്കാർ ആസ്ത്രിയക്കു രണ്ടുകോടി പവൻ കടംകൊടുത്തു. തിരികെ കിട്ടുമെന്നു മോഹിച്ചല്ല.

ഇത്രയുംകൊണ്ടു് ഒരു രാജ്യത്തിന്റെ സുസ്ഥിതിക്കു മതിയാകുമൊ? മഹാസമിതിയുടെ പ്രേരണയാൽ പല നാട്ടിലുള്ള ധനാദ്ധ്യക്ഷന്മാരും മുത

ലാളികളും ചേൎന്ന് ഒരു കമ്മിററിയുണ്ടാക്കി .അവരുടെ ആലോചനപ്രകാരം എല്ലാ രാജ്യങ്ങളുടേയും ജാമ്യത്തിൽ ഒരു വലിയ തുക കടമെടുത്ത് ആസ്ത്രിയാഗവൎമ്മെൻറിനു കൊടുത്തു. ദീൎഘകാലം കൊണ്ട് ആ കടം വീടാനുള്ള മാൎഗ്ഗങ്ങളും കമ്മിററിക്കാർ നിൎദ്ദേശിച്ചു. അപ്പോൾ ആ രാജ്യത്തിലെ ധനസ്ഥിതി ഉറച്ചു. നാണയത്തിനു ക്രയമുണ്ടായി. ബാങ്കുകളിൽ ജനങ്ങൾക്കു വിശ്വാസം ജനിച്ചു. ഒരു ലന്തക്കാരനെ ആദ്യം വലിയ കമ്മീഷണറായി നിയമിച്ചു ധനകാൎയ്യഭരണം നടത്തിത്തുടങ്ങി. നാലു കൊല്ലത്തേക്കു മാത്രമേ അതു വേണ്ടിവന്നുള്ളൂ. അപ്പോഴേക്ക് ആസ്ത്രിയക്കു സ്വയമായി കാൎയ്യാദികൾ നിൎവഹിക്കാൻ ശേഷിയുളവായി. ബ്രിട്ടീഷ്കാർ ആദ്യം കടം കൊടുത്തിരുന്ന രണ്ടുകോടി പവൻ തിരിച്ചു വീട്ടി. ഇങ്ങനെ ദാരിദ്ര്യം നീങ്ങി സുഭിക്ഷമായി.

ഇതല്ലേ വലുതായ ധൎമ്മം? മഹാസമിതിയുടെ അഭാവത്തിൽ ഇതു സുസാധമല്ല. യൂറോപ്പിൻെറ യുദ്ധാനന്തരമുണ്ടായിട്ടുള്ള സുസ്ഥിതിക്കും ക്ഷേമത്തിനും നിദാനം ഈ സമിതിയുടെ സാന്നിദ്ധ്യമാണെന്നുള്ളതിനു മററാരു തെളിവു അടുത്ത രംഗത്തിൽനിന്നു മനസ്സിലാകും.

## ഒരു മാതൃകാജീവിതം

( കേക )

(മുക്കിൽ മരുതൂർ വിശ്വനാഥമേനോൻ)

ബാലഭാസ്കരകരമേല്ക്കയാൽപ്രകൃതിതൻ
കാളകംബളപടം വെളുത്തുചമയവെ,
തോഷപൂൎവ്വകംനിജജോലിചെയ്തീടുവാനായ്
കൎഷകനൊരാളിതാഗമിപ്പൂമന്ദേതരം
ദാരിദ്ര്യപ്പിശാചിനെ വെല്ലുവാവാനായിട്ടാവാം
ഘോരമാംകൈക്കോട്ടൊന്നുതൻതോളിൽവെച്ചിരിപ്പൂ
ജീവിതരണാങ്കണെമല്ലിട്ടുജയിക്കുവാൻ
പാവങ്ങൾപലതരംവേഷങ്ങൾ കൈക്കൊള്ളുന്നു,
ഉച്ചണ്ഡമാൎത്താണ്ഡൻ തന്നുജ്ജ്വലകരമേററു-

രുച്ചക്കനട്ടെല്ലെല്ലാം പൊട്ടീടുംമട്ടുനിത്യം
ജോലിചെയ്തീടും കൂലിക്കാരനാണിവൻതന്റെ
സ്വേദത്താൽധനികരെസ്സാമോദംകളിപ്പിപ്പൂ.
ദാരിദ്ര്യമാകും കട്ടിയിരിമ്പാൽത്തനുച്ചൂടി-
യോരിവനെന്തുമാവാം; മാരിയും വെയിലും കൊള്ളാം
തന്നുടെപൂർവ്വികന്മാർനേടിയസ്വത്തുക്കളി-
നൊന്നുമേയിവന്നില്ലവിദ്യാഭ്യാസവുമില്ല.
ദൈവമേകിയകരംകൊണ്ടിവൻപണിചെയ്തു
പാവനമാക്കിച്ചെയ്‌വൂ ജീവിതംയഥായോഗ്യം.
ജീവിതവിപഞ്ചിയിൽനിന്നു നിർഗ്ഗളിച്ചീടു-
നാരവംപണമെന്നായ്ഗ്രഹിപ്പൂലോകമിന്നും
അന്നന്നുപണിചെയ്തു കിട്ടുന്നധനംകൊണ്ടു
തന്നുടെയുദരത്തെപ്പൂജിപ്പോൻധന്യൻ! ധന്യൻ
മുത്തെല്ലുമുറിവോളംയത്നിക്കുംപുലയന്റെ
സ്വേദമോകുബേരന്നുഹാരങ്ങളായിക്കാൺമൂ
തീണ്ടുവാൻശങ്കയുള്ള കുബേരൻപുലയന്റെ
കർമ്മത്തിലെശ്ശുദ്ധിയെക്കാണാത്തതെന്തുഞായം!
എത്തുമെചിന്തയെന്ന്യമരുവും കൂലിവേല-
ക്കാരാണീയുലകിങ്കിൽധന്യരെന്നതുനൂനം.
അന്യചിന്തകളില്ല ദ്രോഹബുദ്ധിയുമില്ല
വന്നതുവന്നീടട്ടെദൈവത്തിൻനിയോഗത്താൽ
എന്നൊരുബോധമല്ലാതൊന്നുമേയില്ലാത്തൊരു
മാനുഷശ്രേഷ്ഠരാണിക്കൂലിക്കാരെന്നുചൊല്ലാം
വേലക്കാരന്റെസഹധർമ്മചാരിണിദീപം-
പോലവെ വിളങ്ങുന്നു നാട്ടിന്നുമംഗല്യമായ്
പാശ്ചാത്യപരിഷ്കാരമൊന്നുമെയിവൾക്കില്ല
പൌരസ്ത്യസ്ത്രീലോകത്തിൽ മാതൃകാരത്നങ്ങളാം
സാവിത്രിദമയന്തിതൊട്ടവരുടെകഥ
കേവലമറികയില്ലക്ഷരജ്ഞാനമില്ല-
എങ്കിലുംകാന്തൻതന്റെദുഃഖസൗഖ്യാദികളിൽ
പങ്കുകൊണ്ടീടുമിവൾധർമ്മരൂപിണിയല്ലോ.
തൻകരബലാർജ്ജിതസമ്പത്താൽജീവിതത്തെ
പ്പാവനമാക്കീടുന്നുകൂലിക്കാരന്നുവേലാ

ജയിക്കഭ്രാതാക്കളെ! ജയിക്കമിത്രങ്ങളെ!
ജയിക്കപ്രകൃതിതന്നോമനസ്സൂനക്കളെ!
പാരതന്ത്ര്യത്തിൽപ്പെട്ടുകഴങ്ങുംപാവങ്ങളെ!
പാരിനെവിണ്ണാക്കുന്നചൈതന്യരൂപങ്ങളെ!
ജയിക്കഭ്രാതാക്കളെ! ജയിക്കമിത്രങ്ങളെ!
ജയിക്കപ്രകൃതിതന്നോമനസ്സൂനക്കളെ!

——:oOo:——

## "തീട്ടുകൾ എഴുതേണ്ടും പ്രകാരം"

(പി. അനുജൻ അച്ഛൻ)

അടുത്തകാലം വരെ കേരളത്തിലെ പ്രധാനശക്തികൾ ഇവിടത്തെ ഇടപ്രഭുക്കളായിരുന്നു വെന്നു ചരിത്രപ്രസിദ്ധമാണ്. ഇവരുടെശക്തിക്ഷയിക്കുവാൻതുടങ്ങിയിട്ട് ഒന്നരന്തൂററാണ്ടിൽ അധികം ആയിട്ടില്ല. ഇംഗ്ലീഷുകാരുടെ ആധിപത്യത്തിന്നുമുമ്പ് ഇടപ്രഭുക്കന്മാരുടെ ആനുകൂല്യമായിരുന്നു നാട്ടുരാജാക്കന്മാരുടെ പ്രധാനശക്തി എന്നുവേണം പറയുവാൻ. ലന്തക്കാരുടേയും പോർച്ചുഗീസുകാരുടേയും കാലത്ത് പ്രത്യേകിച്ചും അങ്ങിനെ ആയിരുന്നു. നാട്ടിലുള്ള പ്രധാനപ്പെട്ട ദേവാലയങ്ങളെ സംബന്ധിച്ചും വിശേഷിച്ച് ഒരധികാരവും രാജാവിന്നുണ്ടായിരുന്നില്ല. ദേവസ്വംഭരണത്തിന്നു പ്രത്യേകം ക്ഷേത്രാധികാരികളുണ്ടായിരുന്നു. അക്കാലത്തെ ഇടപ്രഭുക്കളും, ക്ഷേത്രാധികാരികളും, നാട്ടുരാജാക്കന്മാരും, മേൽകോയ്മകളും അന്യോന്യം എഴുത്തുകൾ അയക്കുമ്പോൾ ഇന്ന സംപ്രദായത്തിൽ വേണമെന്നും മററും നിശ്ചയങ്ങൾ ഉണ്ടായിരിക്കുന്നതായി കാണുന്നുണ്ട്. ഇതിനെ സംബന്ധിച്ച് ഇയ്യിടെ ഒരു പഴയ താളിയോലഗ്രന്ഥത്തിൽനിന്നും ചില സംഗതികൾ അറിവാൻ സാധിച്ചിട്ടുണ്ട്. ഇതാണ് ഈ ലേഖനത്തിന്നു വിഷയമായിത്തീൎന്നിരിക്കുന്നത്.

പ്രസ്തുതഗ്രന്ഥം, "പലേടത്തയ്ക്കും തീട്ടുകൾ എഴുതേണ്ടും പ്രകാരത്തിന്ന് എഴുതിയ അറിവ്", എന്ന തലവാചകത്തോടുകൂടിയാണ് ആരംഭിക്കുന്നത്. ഇതെഴുതിയത് എന്നാണെന്നു രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, ഈ ഗ്രന്ഥത്തിന്റെ ശേഷം ഭാഗങ്ങളിൽ കൊല്ലവൎഷം ൯൩൩-ാമാണ്ടിലെ

യച്ചിട്ടുള്ള പല തീട്ടുകളുടേയും പകപ്പുകരം എഴുതിവച്ചിട്ടുള്ളതായി കാണുന്നതുകൊണ്ട് ഏകദേശം നൂററിനാല്പതുകൊല്ലങ്ങരംക്കു മുമ്പെയാണ് ഇതു് എഴുതപ്പെട്ടിട്ടുള്ളതെന്നു വിചാരിക്കാം. പ്രസ്തുതഗ്രന്ഥം പാലിയം ഗ്രന്ഥശാലയിലെ ൧൩൭-ാംനമ്പ്ര് പുസ്തകമാകുന്നു.

ടിപ്പുവിൻെറ പടവെട്ടുകഴിഞ്ഞ്, കൊച്ചിയിൽ ശക്തൻ രാമവമ്മ മഹാരാജാവു രാജ്യഭാരം കയ്യേററിരുന്ന കാലമായിരുന്നു അതു്. കൊച്ചിരാജ്യത്തെഇടപ്രഭുക്കന്മാരുടേയും ക്ഷേത്രാധികാരികളുടേയും ശക്തിയ്ക്കു് ഉടവുതട്ടിയതു് ഈ തമ്പുരാൻെറ കാലത്താണ്. അക്കാലത്തും അതിന്നു മുമ്പും ഇവർതമ്മിൽ അന്യോന്യം എഴുത്തുകരം അയക്കുമ്പോരം എഴുതിയിരുന്ന സമ്പ്രദായമാണു ചിലതു താഴെ കുറിക്കുന്നതു്.

ഇന്ന നാട്ടുരാജ്യങ്ങളിലെ ദിവാൻജിമാക്കയക്കുന്ന എഴുത്തുകരം ദിവാൻ സിക്രട്ടറിക്കയച്ചു ദിവാൻജിയെ കാര്യം അറിയിക്കുന്നതുപോലെ, "ഇന്ന ആരം വായിച്ച് ഇന്ന പ്രമാണിയെ" അറിയിക്കേണമെന്ന രീതിയിലായിരുന്നു കേരളത്തിലെ പഴയകാലത്തെ എഴുത്തുകുത്തു സംപ്രദായം.

(൧) "പള്ളിപ്പുറത്തു പാഴൂരു നമ്പൂതിരിപ്പാടിലേക്കു രാമപ്പട്ടരു കണ്ട്, എന്നാൽ",—എന്നെഴുതണം. ഇങ്ങനെ താളിയോലയിൽ എഴുതിക്കാണുന്നു. രാമപ്പട്ടർ ഒരുപക്ഷെ പാഴൂരുനമ്പൂതിരിപ്പാടിലെ അന്നത്തെ കാര്യസ്ഥനായിരുന്നിരിക്കാം.

(൨) "പുന്നൊക്കോട്ടു പാഴൂരു നമ്പൂതിരിപ്പാടിലേക്കു കറുത്തേടത്തുമേനോൻ കണ്ട്, എന്നാൽ—" ഇങ്ങനെ വേണം ഈ നമ്പൂതിരിപ്പാടിലേക്കുള്ള എല്ലാ തീട്ടുകളും ആരംഭിക്കുവാൻ.

(൩) "എളങ്ങുന്നപ്പുഴെ യോഗത്തുങ്കൽ ഉള്ളവർ അറിയേണ്ടും അവസ്ഥ, എന്നാൽ—". ഇളങ്ങുന്നപ്പുഴെ ദേവസ്വം കൊച്ചിസ്സക്കാരിൻെറ കീഴിൽ ആയിട്ടു് അധികകാലം ആയിട്ടില്ല. ഗ്രന്ഥവരി എഴുതിയകാലത്തു ദേവസ്വംകാര്യങ്ങരം അന്വേഷിച്ചിരുന്നതു് എളങ്ങുന്നപ്പുഴെ യോഗക്കാരായിരുന്നുവെന്നു സ്പഷ്ടമാണല്ലൊ.

(൪) "കുമ്പളത്തുദേവസ്വത്തിങ്കലേക്കു പാട്ടമാണ്ടകോവിൽ കണ്ട്, എന്നാൽ—" എന്നാണ് എഴുതിവന്നിരുന്നതു്. ഈ ക്ഷേത്രം ഇയ്യിടെ മാത്രമാണു കൊച്ചിസക്കാർ അധീനപ്പെടുത്തിയതു്. കുമ്പളത്തു അടുത്തകാലംവരെ ഉണ്ടായിരുന്ന നമ്പൂതിരിമാരുടെ സഭാമഠത്തേയും, സഭവക കാര്യങ്ങളെയും അന്വേഷിപ്പാനായി അവരോധിക്കപ്പെട്ടിരുന്ന "പാട്ടമയ്യാണ്ടകോവി" ലിനേയും കുറിച്ചു വായനക്കാർ കേട്ടിട്ടുണ്ടായിരിക്കും. അവിടെ ഉണ്ടായി

രുന്ന സഭയുടെ പേർ "ഉദയതുംഗേശ്വരത്തു പണ്ഡിതർസഭ" എന്നായിരുന്നു.

(ങ) "തൃപ്പൂണിത്തുറെ ദേവസ്വത്തിങ്കലേക്കു കിഴമനമൂത്തതു് അറിയേണ്ടും അവസ്ഥ, എന്നാൽ,—" എന്നെഴുതണം. തൃപ്പൂണിത്തുറെ ദേവസ്വത്തിൻെറ ഭരണാധികാരം അവിടെ ഉണ്ടായിരുന്ന യോഗത്തിലേക്കായിരുന്നുവെന്നു് അമ്പലത്തിലെ ഒരുപഴയ ശിലാലിഖിതത്തിൽ നിന്നും അറിയുന്നു. പ്രസ്തുതഗ്രന്ഥവരി എഴുതിയകാലത്തുകൂടി കിഴമനമൂത്തതിന്നു ക്ഷേത്രംവക കാര്യങ്ങളിൽ ഉണ്ടായിരുന്ന അധികാരം എത്രത്തോളമായിരുന്നുവെന്നു് ഊഹിക്കാമല്ലൊ.

(ന്ന) "പാലിയത്തു കോമ്മി തീട്ട തിരുമലദേവർ അധികാരികൾ അറിയേണ്ടും അവസ്ഥ, എന്നാൽ.—" കൊങ്കണബ്രാഹ്മണരുടെ വകയായ തിരുമലദേവസ്വം അധികാരികൾക്കെഴുതേണ്ട ക്രമമാണു് ഇവിടെ പറഞ്ഞിരിക്കുന്നതു്.

(റ) "ചെറുപിള്ളി നമ്പൂതിരിപ്പാടിലെ വേണാട്ടുമേനോൻ വായിച്ചു ഉണത്തിക്കേണ്ടും അവസ്ഥ, എന്നാൽ,—" പുത്തൻവേലിക്കരക്കടുത്തുള്ള തുരുത്തയിൽ നമ്പൂതിരിപ്പാടിലേക്കു "ചെറുപിള്ളിസ്വരൂപം" എന്നൊരു സ്ഥാനപ്പേരുണ്ടു്. ഇവിടെ പറഞ്ഞിരിക്കുന്ന ചെറുപിള്ളിനമ്പൂതിരിപ്പാട്ടു തുരുത്തയിൽ നമ്പൂതിരിപ്പാടാകുന്നു.

(വ്വ) "കരിങ്ങമ്പിള്ളി നമ്പൂതിരിപ്പാടിലേക്കു പൂവിററത്തുമേനോൻ വായിച്ചു് ഉണത്തിക്കേണ്ടും അവസ്ഥ, എന്നാൽ,—". ലക്ഷ്മീദാസൻെറ "ശുക"ത്തെ കുറിച്ചു കേൾക്കാത്തവർ കേരളത്തിൽ ഉണ്ടാവില്ല. അദ്ദേഹത്തിൻെറ ഇല്ലമാണു കരിങ്ങമ്പിള്ളിമന. പൂമിററത്തുമേനോനായിരുന്നു ഗ്രന്ഥവരി എഴുതിയകാലത്തു നമ്പൂതിരിപ്പാടിലേക്കു 'കാകജം' വായിച്ചുണത്തിയ്ക്കു പതിവു്.

(ൻ) "അവണാനമ്പൂതിരിപ്പാടിലേക്കു കരുമാങ്കുഴിമേനോൻ വായിച്ചു ഉണത്തിക്കേണ്ടും അവസ്ഥ, എന്നാൽ"— എന്നെഴുതണം.

(ഫ്ഠ) "ചിററൂരുനമ്പൂതിരിപ്പാടിലേക്കു * * * * * മേനോൻ വായിച്ചു ഉണത്തിക്കേണ്ടും അവസ്ഥ, എന്നാൽ—" (ഓല പൊടിഞ്ഞുപോയിരിക്കുന്നു).

(ഫ്ഥ) "അയിനിക്കൂററിലേക്കു കുററിപ്പുറത്തു നായരുകണ്ടു * * * * സ്ഥ ആവിതു് എന്നു തലക്കെട്ടു എഴു * * * "

(ഫ്വ) " * * * * * * * * കണ്ടു തിരുമനസ്സിൽ കുറുവിച്ചു കൊള്ളുമാറാകയും വേണ. ഇച്ചെയ്തിക്കു പാലിയത്തു രാമൻ ഗോവിന്ദൻ * * * "

(൧൩) " * * സിംഹരായക്ക എഴുതേണ്ടും പ്രകാരം:- ശ്രീമതു സകലഗുണസമ്പന്നരാന സകലധമ്മപരിപാലകരാന മിത്ര[ജനമ]നോര ഞ്ജിതരാന രാജശ്രീ നരസിംഹരായരവർകഠംക്കു പാലിയത്തച്ചൻ അവർക ഠം വിജ്ഞാപനം — നാളതു മാസം ഇത്രാംതിയ്യതിവരക്കം സുഖമേ ഇരി ക്രോം. താങ്കളും സുഖമെ ഇരിക്കുവിദ്യമാനത്തുക്കു എഴുതിവരികയും വേ ണം, എന്നെഴുതണം." ഈ നരസിംഹരായർ ആരെന്നറിയുന്നില്ല.

(൧൪) " * * * * കൊച്ചിയിൽ ഒന്നുകുറെ ആയിരം കണ്ടു് എന്നാൽ,--". ഇതു് ഒരു സംഘത്തിൻെറ പേരാകുന്നു.

(൧൫) "ആറുനാട്ടിൽ പ്രഭുക്കന്മാക്ക, എന്നാൽ," എന്നെഴുതണം.

(൧൬) "ആലത്തൂർ പാട്ടാളി അറിയേണ്ടും അവസ്ഥ, എന്നാൽ—".

(൧൭) "മണക്കുളത്തെയ്യ്ക്ക പാറ * * * പണിക്കരു വായിച്ച് ഉണത്തിക്കേണ്ടും അവസ്ഥ, എന്നാൽ—". മണക്കുളത്തു തമ്പുരാൻ കൊ ച്ചിരാജ്യത്തിലെ ഒരു ഇടപ്രഭുവും, തലപ്പിള്ളി രാജാവുമായിരുന്നു.

(൧൮) "പുന്നത്തുക്ക പാതിരിക്കാട്ടു നായരു വായിച്ചു ഉണത്തിക്കേ ണ്ടും അവസ്ഥ, എന്നാൽ—". പുന്നത്തൂർ സ്വരൂപവും തലപ്പിള്ളിരാജ വംശത്തിലെ ഒരു ശാഖയാകുന്നു.

(൧൯) "കവളപ്പാറനായക്ക * * * * * * * , എ ന്നാൽ—" എന്നെഴുതണം.

(൨൦) "എടത്തിലച്ചന് അവണങ്കോട്ടുമേനോൻ കണ്ടു എന്നാൽ—."

(൨൧) "പുന്നോർകോട്ടു നമ്പൂരിപ്പാടിലേക്കു പുന്നോർകോട്ടു വാരി യരു വായിച്ച് ഉണത്തിക്കേണ്ടും അവസ്ഥ, എന്നാൽ—".

[൨൨] "എടപ്പിള്ളിത്തമ്പുരാനു നൊച്ചിക്കാട്ടുമേനോൻ വായിച്ചു ഉ ണത്തിക്കേണ്ടും അവസ്ഥ, എന്നാൽ—" എന്നെഴുതണം.

[൨൩] "കൊടുങ്ങല്ലൂർ തമ്പുരാനു കുലശേഖരമേനോൻ വായിച്ച് ഉ ണത്തിക്കേണ്ടും അവസ്ഥ, എന്നാൽ—"

[൨൪] "പാലിയത്തു കോമ്മി തീട്ടു കൊടുങ്ങല്ലൂർ കോട്ടയിൽ കപ്പിത്താ ൻ കണ്ടു, എന്നാൽ —". ടിപ്പുവിൻെറ പടവെട്ടുകാലത്തോടു കൂടിയാണു കൊടുങ്ങല്ലൂർ കോട്ട ഒടുവിൽ നശിക്കപ്പെട്ടതു്. അതിനുശേഷം അവിടം അധിവാസയോഗ്യമായിരുന്നുവോ എന്നു സംശയമാണ്.

[൨൫] " * * ഇവിടത്തെ ചെതിയാവിതു് എന്നു തലക്കെട്ട് എ ഴുതി, നീലാണ്ടപ്പിള്ള വായിച്ചു ദിവാൻ[ജിയെ] കേഠംപ്പിക്കയും വേണം. ഇച്ചെതിയ്യ്ക്ക പാലിയത്തു രാമൻ ഗോവിന്ദൻ എന്ന് എഴുതണം", അക്കാ ലത്തു തിരുവിതാംകൂർ ദിവാൻജിക്കയച്ചിരുന്ന തീട്ടുകളിലാണ് ഇപ്രകാരം എഴുതിയിരുന്നതു്.

[വന്ന] "ഇവിടത്തെ ചെതിയാവിള്ള് എന്ന തലക്കെട്ടു് എഴുതി, കുഞ്ഞൻപിള്ള വായിച്ച സംപ്രതിപിള്ളെ കേൾപ്പിച്ചെ[ക്ക]യും വേണം. ഇച്ചെതിക്ക . . . . . ."

[വ൧] "ചാങ്ങലിയോട്ട വാദ്ധ്യാൻനമ്പൂതിരി അറിയേണ്ടും അവസ്ഥ, എന്നാൽ എന്ന് വാദ്ധ്യാൻനമ്പൂതിരിക്ക് എഴുതണം"

[വ൨] "ശ്രീമതു സകലഗുണസമ്പന്നരാന സകലധമ്മപരിപാ[ലകരാന] മിത്രജനമനോരഞ്ജിതരാന കാമെരു സമാനധീരരാന രാജശ്രീ ശെങ്കലരായമുതലിയാരവർകൾക്ക . . . . . അവർകൾ എഴുത്തു്. നാം ക്ഷേമത്തിലെ ഇരിക്കറോം. താങ്കൾ ക്ഷേമസന്തോഷ അതിശയങ്കൾക്ക് അടിക്കടി എഴുതി വരികവേണ്ടിയതു്, എന്നെഴുതി കാര്യങ്ങൾ എഴുതണം. ഇങ്ങിനെശെങ്കൊട്ടയിൽ ശെങ്കലരായ മുതലിയാക്ക് എഴുതണം."

ഇനിയും ഉദാഹരണങ്ങൾ എടുത്തു ചേർത്തു ലേഖനം ദീർഘിപ്പിക്കുന്നില്ല. എഴുത്തുകുത്തുകളിൽ ഈ വക മര്യാദകളെല്ലാം ഇത്രയും നിഷ്കർഷയായി കേരളീയർ നോക്കുവാൻ തുടങ്ങിയതു യൂറോപ്യന്മാരുടെ ആഗമനത്തിന്റെ ശേഷവും, അവരുടെ സംബക്കം കൊണ്ടുമായിരിക്കാം.

# മലയാളഭാഷയും തൽക്കർത്താക്കന്മാരും.

(ആർ. ഈശ്വരപിള്ള ബി. എ.

(തുടച്ച)

ഇടക്കാലംവരെ എല്ലാ മലയാളിഗൃഹങ്ങളിലും, എഴുത്തച്ഛന്റെ കൃതികളെ സൂക്ഷിക്കയും പാരായണം ചെയ്യുകയും ചെയ്തുവന്ന എന്നുള്ളതിൽനിന്നും അദ്ദേഹത്തിന്റെ കൃതികൾക്ക് എത്രമാത്രം പ്രശസ്തി ഉണ്ടായിരുന്നു എന്നനുമാനിക്കാവുന്നതാണ്. എല്ലാ ദിവസവും സന്ധ്യസമയം ഗൃഹത്തിന്റെ അറവാതുക്കലുള്ള വിളക്കിന്റെ മുമ്പിൽ ബാലന്മാർ-സ്ത്രീപുരുഷന്മാർ ഉൾപ്പെട്ട കൗതുകാവിഷ്ടമായ ഒരു ജനസമക്ഷം അദ്ദേഹത്തിന്റെ കൃതികളിൽ ഏതെങ്കിലും ഒന്ന്—പ്രധാനമായി രാമായണം തന്നെ—ഗൃഹാംഗങ്ങളിൽ ഒരാൾ വായിക്കുക പതിവായിരുന്നു. ഇടക്കിടക്ക് ഇവരിൽ വൃദ്ധന്മാരും വൃദ്ധന്നന്മാരുമായവരുടെ വ്യാഖ്യാനവും വിവരണവും സാധാരണയാണ്. പരാക്രമസൂചകമൊ, വ്യസനകരമൊ ആയ വല്ല ഘട്ടവും വാ

യിക്കുമ്പോൾ ശ്രോതാക്കൾ അവരുടെ വിസ്മയത്തേയൊ വ്യസനത്തേയൊ അവയ്ക്കനുരൂപമായ വാക്കുകൊണ്ടും ഭാവം കൊണ്ടും പ്രദൎശിപ്പിക്കുന്നതും പതിവാണ്. ഇപ്രകാരം നമ്മുടെ ജീവിതദശക്കു സഹജങ്ങളായ വ്യാകുലതകളേയും വ്യഗ്രതകളേയും അല്പനേരത്തേക്കെങ്കിലും വിസ്മരിക്കുന്നതിന്ന് അവസരം തരികയും പ്രതിദിനം ഒന്നരണ്ടു നാഴിക നേരത്തേക്കെങ്കിലും നിൎദ്ദോഷവും നിൎവ്യളീകവുമായ ഒരു സുഖാനുഭൂതി നൽകുകയും ചെയ്യുന്ന ഈ സരസകവിയോട് നാം എത്രമാത്രം കൃതജ്ഞന്മാരായിരുന്നാൽ മതിയാകും? നമ്മുടെ കവിയുടെ പ്രേരണാശക്തി നമ്മുടെ അന്തഃപുരത്തിൽ കൂടി വ്യാപിച്ചിരുന്നു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. അദ്ദേഹം തന്റെ പാദാന്തത്തിങ്കൽ സ്ഥിതിചെയ്തു ശിഷ്യപാഠം പ്രാപിച്ചിരുന്ന ചുരുക്കം പിലരെ മാത്രമല്ല, അദ്ദേഹത്തിന്റെ വിശിഷ്ടബുദ്ധിയുടെ സൽഫലങ്ങളായ ഗ്രന്ഥങ്ങളെ വായിച്ച് സാരം ഗ്രഹിക്കുന്നതിനുള്ള വിലയേറിയ സൌകൎയ്യം ലഭിച്ച സ്ഥലകാലവിഷയത്തിൽ വിദൂരസ്ഥന്മാരായ അനേകം പേരെയും കൂടി വിദ്യയഭ്യസിപ്പിച്ചു എന്നുവേണം പറവാൻ. അദ്ദേഹം ഒരു ഗ്രന്ഥകാരൻ മാത്രമല്ല, ഒരു ഉപദേഷ്ടാവും ധൎമ്മപ്രവൎത്തകനും കൂടി ആയിരുന്നു. അദ്ദേഹത്തിന്റെ കൃതികൾ മഹാൎഹങ്ങളായിരിക്കുന്നത് അവ നമുക്കു നൽകുന്ന ആനന്ദം കൊണ്ടു മാത്രമല്ല, വിജ്ഞാനം കൊണ്ടുകൂടിയാണ്. അവ പ്രദൎശിപ്പിക്കുന്ന സാഹിത്യസൌഷ്ഠവം കൊണ്ടു മാത്രമല്ല— അവയിൽ വ്യാപിച്ചിരിക്കുന്ന ദൃഢമായ സാന്മാൎഗ്ഗികവും ആത്മികവുമായ ശക്തികൊണ്ടും കൂടിയാണ്.

ഞാൻ ഇതിനുമുമ്പ് അദ്ദേഹത്തിന്റെ വിനയം, മഹാമനസ്കത, ഭക്തി, സ്ഥൈൎയ്യം മുതലായ ഒന്നരണ്ടു സ്വഭാവലക്ഷണങ്ങളെ കാദാചിൽക്കമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിനുംപുറമെ അദ്ദേഹത്തിന്റെ നിസ്വാൎത്ഥമായ സ്വദേശാഭിമാനത്തിലേക്കാണു ഞാൻ വായനക്കാരുടെ ശ്രദ്ധയെ ആകൎഷിക്കാൻ ഇച്ഛിക്കുന്നത്. അദ്ദേഹം മാതൃഭാഷയുടെ സംസ്കരണത്തിനും സ്വദേശീയരുടെ വിദ്യാഭ്യാസത്തിനും വേണ്ടി തന്റെ സുഖങ്ങളെ പരിത്യജിക്കയും അവസാനമില്ലാത്ത ഉപദ്രവം സഹിക്കയും അശ്രാന്തമായ ജാഗ്രതയോടും ഉത്സാഹത്തോടും കൂടി അദ്ധ്വാനിക്കയും ചെയ്തു. അദ്ദേഹം വരിച്ചിരുന്ന ഉദ്ദേശസിദ്ധിക്കായി സൎവ്വശക്തിയും വിനിയോഗിക്കുന്നതിനും വൈവാഹികജീവിതത്തിനു സഹജങ്ങളായ വ്യാകുലതകളെ ഒഴിക്കുന്നതിനും വേണ്ടി അദ്ദേഹം ആജന്മപൎയ്യന്തം ബ്രഹ്മചാരിയായിത്തന്നെയിരുന്നു. അദ്ദേഹത്തിനു രാമൻ എന്നു പേരുള്ളതും അദ്ദേഹത്തെപ്പോലെ തന്നെ വിദ്വാനുമായ ഒരു ജ്യേഷ്ഠസഹോദരൻ ഉണ്ടായിരുന്നുവെന്നു രാമായണത്തിൽ

കാണുന്നുണ്ട്. അദ്ദേഹത്തിൻെറ പല ഗ്രന്ഥങ്ങളും സ്വന്തകൈപ്പടയിൽ എഴുതിക്കൊടുത്ത ഒരു വിദുഷിയായ ഭാഗിനേയിയും ഉണ്ടായിരുന്നതായി വിശ്വസിക്കപ്പെട്ടിരിക്കുന്നു.

ഈ ഹ്രസ്വലേഖനത്തിൽ എത്രയും സുപ്രസിദ്ധനായ ഒരു കവിയുടെ യോഗ്യതകളെ യഥാർഹം വർണ്ണിച്ചിട്ടില്ലെന്ന് എനിക്കു ബോധമുണ്ട്. ഞാൻ ഈ വിഷയത്തിലേയ്ക്കു സമർത്ഥന്മാരായ വിദ്വാന്മാരുടെ ശ്രദ്ധയെ ആകർഷിക്ക മാത്രമെ ചെയ്തിട്ടുള്ളു. *

# അമേരിക്കയിലെ കലാശാലാവിനോദങ്ങൾ

പ്രസ്തുതവിഷയത്തെപ്പററി ഡാക്ടർ സുധീന്ദ്രബോസ് എം. എ. പി. എച്ച്. ഡി. രസകരമായ ഒരു ലേഖനം ഹിന്ദുപത്രത്തിൽ എഴുതിയിരിക്കുന്നു. കലാശാലകളിൽ 'ഫുട്ബാൾ' ഒരു വ്യവസായമായിരിക്കുന്നു എന്നും പാണ്ഡിത്യത്തേക്കാൾ പ്രാധാന്യമേറിയ ഒരു സ്ഥാനം അതിനു നൽകിയിരിക്കുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരിക്കുന്നു. അതിൻെറ സംഗ്രഹം താഴെ ചേർക്കുന്നു.

ഒരു അമേരിക്കൻ സർവ്വകലാശാലയുടെ ഉൽക്കൃഷ്ടാദർശങ്ങൾ എന്താണ്? കായികവിനോദങ്ങളിൽ വിശ്വസിക്കുന്നതുപോലെ ആ സ്ഥാപനം പാണ്ഡിത്യത്തിൽ വിശ്വസിക്കുന്നുണ്ടോ? ഫുട്ബാൾ കളിയിൽ കേമന്മാരായിട്ടുള്ളവരെ ബഹുമാനിക്കുകയും സ്തുതിക്കുകയും ചെയ്യുന്നതുപോലെ പഠിത്തത്തിൽ സമർത്ഥന്മാരായ വിദ്യാർത്ഥികളെ അതു വിലമതിക്കുന്നുണ്ടോ? അമേരിക്കൻ പത്രങ്ങളുടെ ആ ഭത്തെ വശം ഫുട്ബാൾ കളിവാർത്തകൾ പ്രസിദ്ധീകരിക്കുന്നതിനായി മാററിവച്ചിരിക്കുന്നു. സർവ്വക

* ൨൭ കൊല്ലം മുമ്പ് ലേഖകൻ 'മലബാർ ക്വാർട്ടർലി റിവ്യു' എന്ന മാസികയിൽ എഴുതിയിരുന്ന ഇംഗ്ലീഷുലേഖനത്തിൻെറ ഒന്നാംഭാഗം ഇവിടെ അവസാനിക്കുന്നു. അന്ന്- ൨൭-കൊല്ലം മുമ്പ്—ഇന്നത്തെ കവികളും എഴുത്തുകാരും എഴുതിത്തുടങ്ങുന്നതിനു എത്രയോ മുമ്പ്—ഈ ലേഖകന് ഭാഷാസാഹിത്യത്തോടും എഴുത്തച്ഛനോടും ഉണ്ടായിരുന്ന യഥാർത്ഥമായ ഭക്തിയും, ഈ ലേഖകൻ ഉപയോഗിച്ചിരുന്ന ഭാഷാരീതിയും, ഇദ്ദേഹത്തിൻെറ സാഹിത്യവിഷയകമായ ചർച്ചയും, സർവ്വോപരി ഇദ്ദേഹത്തിൻെറ വിശിഷ്ടമായ ചിന്തയും നോക്കുമ്പോൾ ഇന്നത്തെ വായനക്കാർക്ക് വിസ്മയാവഹമായിതന്നെയിരിക്കുന്നു.

"ഗുരുനാഥൻ പ്രവർത്തകന്മാർ"

ലാശാലയിലെ പഞ്ചാംഗം വിനോദപരമായ സംഭവങ്ങളുടെ ഒരു പട്ടികയായിത്തീൎന്നിരിക്കുന്നു.

സെപ്റ്റംബർമാസം മദ്ധ്യത്തോടുകൂടി സൎവ്വകലാശാലകൾ തുറന്നാൽ ഫുട് ബാൾകളിയുടെ ആരംഭമായി. നവംബർ അവസാനത്തോടുകൂടി ശീതകാലം തുടങ്ങുന്നതുവരെയാണ് കളികാലം. അമേരിക്കൻ കലാശാലാജീവിതത്തിലെ പ്രധാനകായികവിനോദം ഫുട് ബാൾകളിയാണ്. പുരാതനകാലത്ത് റോമാസാമ്രാജ്യത്തിലെ വിനോദരംഗങ്ങളിലെ കളികൾ റോമാക്കാൎക്ക് എങ്ങിനെ ആയിരുന്നോ അതുപോലെയാകുന്നു അമേരിക്കക്ക് ഇക്കാലത്ത് ഫുട് ബാൾമത്സരക്കളികൾ. ഓരോ ദിവസം ചെല്ലുംതോറും അമേരിക്കയിൽ ഫുട് ബാൾകളിദിനം റോമാക്കാരുടെ ഒഴിവുദിവസംപോലെയായിത്തീരുന്നു. ഇത്രവളരെ ജനങ്ങളെ വേറൊരു സംഭവവും അമേരിക്കയിൽ ആകൎഷിക്കുന്നില്ല.

ഉന്നതവിദ്യാഭ്യാസത്തിനായുള്ള ഒരു സ്ഥാപനത്തിൽ രണ്ടു മാസത്തിലധികംകാലം ഫുട് ബാൾരംഗസജ്ജീകരണത്തിനായി ചിലവഴിക്കുന്നു. ആത്മാഭിമാനമുള്ള ഒരു സൎവ്വകലാശാലയ്ക്കു് ഒരു വലിയ കളിരംഗത്തെപ്പോലെ പ്രാധാന്യമൎഹിക്കുന്ന യാതൊന്നുംതന്നെ അവിടെയില്ല. ഓരോ കൊല്ലം കഴിയുംതോറും വിനോദരംഗത്തിന്റെ ആകൃതിയും പ്രകൃതിയും മററും മാററുന്നതിൽ സൎവ്വകലാശാലക്കാർ ബദ്ധശ്രദ്ധരായിക്കാണുന്നു.

ഒളിമ്പിയയിലെ വിനോദരംഗത്തിൽ ൪൫൦൦൦ പേൎക്ക് സൌകൎയ്യമായി ഇരിക്കാമായിരുന്നു. ആത്തൻസ് നഗരത്തിൽ ൪൦൦൦൦ മുതൽ ൬൫൦൦൦ പേൎക്കുവരെ ഇരിക്കാമെന്നു പറയപ്പെടുന്നു. എന്നാൽ ഇന്നത്തെ അമേരിക്കർ പുരാതനഗ്രീക്കുകാരേയും ഇക്കാൎയ്യത്തിൽ ജയിച്ചിരിക്കുന്നു. പെന്നിൻസിൽ വേനിയയിലുള്ള സൎവ്വകലാശാലയിലെ വിനോദരംഗത്തിൽ ൭൨൦൦൦ പേൎക്ക് സൌകൎയ്യമായി ഇരുന്ന് ഫുട് ബാൾകളിമത്സരം സന്ദൎശിക്കാം. നാൎത്ത് വെസ്റ്റേൺ സൎവ്വകലാശാലയിൽ ൫൪൦൦൦ പേൎക്ക് ഇരിപ്പടം സജ്ജീകരിച്ചിട്ടുണ്ടു്. കാലിഫോൎണിയ സൎവ്വകലാശാലയിൽ ൧൦൦൦൦൦ സന്ദൎശകന്മാൎക്ക് ഇരിപ്പടം തയാറാക്കിയിട്ടുണ്ടു്.

അമേരിക്കൻസൎവ്വകലാശാലകളിൽ ഫുട് ബാൾ ഒരു വലിയ വ്യവസായമായിപ്പരിണമിച്ചിരിക്കുന്നു. അതിനായി വലിയ ഒരു മൂലധനവും മുടക്കിയിട്ടുണ്ടു. പരിശീലനം നൽകുന്നവൎക്ക് കലാശാലാപണ്ഡിതന്മാരുടെ ശമ്പളത്തേക്കാൾ മൂന്നും അഞ്ചും ഇരട്ടി കൂടുതൽ നൽകുന്നുണ്ടു്. ടിക്കററൊന്നിന് വില ൧൦ രൂപമുതൽ ൧൫ രൂപ വരെയാണ്. കഴിഞ്ഞകൊല്ലത്തിൽ എയിൽസൎവ്വകലാശാലയ്ക്കു് ആകെ ൩൦൦൦൦൦൦ രൂപ വരവുണ്ടായിരുന്നു. ചിലവുനീക്കി മിച്ചം കിട്ടിയതു് ൧൫൦൦൦൦൦ രൂപയായിരുന്നു.

ഹാർവെഡ് സർവ്വകലാശാലയ്ക്കു് ഇതിൽ അല്പം കുറവുള്ള ഒരു സംഖ്യ ലഭിച്ചു. രാജ്യത്തിനാകെ വിനോദകാലത്തെ വരവ് ൻ൦൦൦൦൦൦ രൂപ ആയിരുന്നു.

ഒരു സർവ്വകലാശാലയിലെ ഫുട് ബാൾകളിക്ക് അനേകായിരം ജനങ്ങളുടെ പണവും പ്രയത്നവും ആവശ്യമാണു്. കാലിഫോർണിയസർവ്വകലാശാലയോടുള്ള ഒരു മത്സരത്തിൽ സ്റ്റാൻഫോർഡ് സർവ്വകലാശാലക്കാർ ആളുകളെ ഉപചരിക്കുന്നതിനായി ൧൦൦ വിദ്യാർത്ഥികളേയും ടിക്കറ്റുകൊടുക്കുന്നതിനായി ൧൦൦ വിദ്യാർത്ഥികളേയും വഴികാണിച്ചുകൊടുക്കുന്നതിനായി ൩൦൦ വിദ്യാർത്ഥികളേയും ഏർപ്പെടുത്തിയിരുന്നു. കൂടാതെ മററുള്ള ജോലിക്കാരുൾപ്പടെ ൧൦൦൦ പേരോളമുണ്ടായിരുന്നപോൽ

അമേരിക്കയിലെ ഫുട് ബാൾ കളി മൃഗീയവും അപരിഷ്കൃതവുമായ ഒന്നാണു്. കൊല്ലംതോറും ശരാശരി പന്ത്രണ്ടുപേരോളം മരിക്കുകയും അനേകായിരം പേർക്കു മുറിവ് ഏൾക്കുകയും ചെയ്യുന്നുണ്ട്. കളിക്കുള്ള കാലമായാൽ വിദ്യാർത്ഥികൾക്ക് പഠിത്തത്തിലുള്ള ശ്രദ്ധ കുറഞ്ഞുപോകുന്നു. ഏകദേശം അഞ്ചു മണിക്കൂറോളം കായികാഭ്യാസത്തിലും മററുള്ളവരെക്കാൾ കൂടുതൽസമയം വിശ്രമത്തിലും നിത്യേന കഴിയുന്ന ഇവർക്ക് പഠിത്തവിഷയത്തിൽ തൃപ്തികരമാംവണ്ണം ശ്രദ്ധിക്കുവാൻ സാധിക്കുന്നില്ല.

വലിയ സർവ്വകലാശാലക്കാർ കായികവിനോദങ്ങളെ വളരെ ഗൗരവമായിക്കരുതുന്നു. കായികവിനോദം സംസ്കാരമല്ല. വിദ്യാഭ്യാസസംബന്ധമായി അമേരിക്കയിലുണ്ടാകുന്ന പരാതികൾക്ക് ഹേതു വിനോദവും സംസ്കാരവും ശരിയായിട്ടു് യോജിക്കാത്തതാണു്. കളിക്കാലം ആരംഭിച്ചാൽ പുസ്തകങ്ങളിലും പര്യവേക്ഷണശാലകളിലുമുള്ള ശ്രദ്ധ കുറഞ്ഞു. കലാശാലകളിലെ സംസാരംതന്നെ സദാ ഫുട്ബാൾകളിയെപ്പററിയായിരിക്കും. അതു് ദൈവികമൊ സന്മാർഗ്ഗപരമൊ ആയ ഒന്നാണെന്നു് തോന്നിപ്പോകും. വലിയ കളിയുള്ള ദിവസം മററുകാര്യങ്ങളെപ്പററി ചിന്തിക്കുവാൻ തന്നെ വിഷമം. കലാശാലയുടെ കാര്യങ്ങൾ പറയുന്നതുതന്നെ ഫുട്ബാൾകളി മുഖേനയാണു്. പാണ്ഡിത്യത്തെ ഒരു മൂലയിൽ തള്ളിയിരിക്കുന്നു.

ഫുട്ബാൾ ഒരു വലിയ വ്യവസായമാണു്. പാട്ടുപാടി സന്തോഷിപ്പിക്കുന്നതിനു് ഒരുകൂട്ടം ആളുകളെ അവിടെ പരിശീലിപ്പിച്ചിട്ടുണ്ട്. വാദ്യഘോഷങ്ങളും ഉണ്ടു്. ഇങ്ങനെയുള്ള ആഹ്ലാദവും പാട്ടും ലോകത്തിൽ മറെറങ്ങും കാണുകയില്ല.

ഒരു സർവ്വകലാശാല ഒരു കളിയിൽ ജയിച്ചില്ലെങ്കിൽ അതിൻെറ പൂർവ്വവിദ്യാർത്ഥികൾക്കു ഹൃദയവേദനയായി. വിനോദത്തിനായിട്ടല്ല വിജയത്തിനായിട്ടാണു് കളിക്കുന്നതു്. ഹാർവേഡ് സർവ്വകലാശാല മൂന്നു

കൊല്ലം തുടരെ ദ്ദോറവുപോയാൽ അവിടെയുള്ളവർ ലജ്ജയും ദുഃഖവുംകൊണ്ടു് തല കുനിച്ചു നടക്കുന്നു. വിനോദമല്ലല്ലൊ കാര്യം. കലാശാലകൾക്കു് കളികളിൽ ധാരാളം ജയം നേടണം. കളിക്കാരെ തന്നെ പ്രത്യേകം തിരഞ്ഞെടുക്കുന്നു. പരിശീലനത്തിനു് ആളുകളെ വരുത്തി ധാരാളം പണം കൊടുക്കുന്നു. എന്നാൽ ഉന്നതവിദ്യാഭ്യാസത്തിനും ഇതിനും തമ്മിലുള്ള ബന്ധമെന്തു്? സർവ്വകലാശാലകളും കലാശാലകളും വിദ്യാഭ്യാസസ്ഥാപനങ്ങളാണെന്നു വിചാരിക്കുന്നുണ്ടോ?

അമേരിക്കയിലെ പത്രങ്ങൾ ഫുട്ബാൾകളിക്കു് അതി പ്രാധാന്യം നൾകുന്നതിലും അത്ഭുതപ്പെടേണ്ടിയിരിക്കുന്നു. ലേഖകന്മാർ രാജ്യമൊട്ടാകെ സഞ്ചരിച്ചു് നിസ്സാരസംഗതികൾകൂടി എഴുതുന്നു. കളിസമയത്തു് ഇരുകൂട്ടരുടേയും വിചാരമെന്തായിരുന്നു, എത്രപേരുടെ എല്ലൊടിഞ്ഞു, ഭക്ഷണത്തിനു് എന്തെല്ലാമുണ്ടായിരുന്നു എന്നും മററും കാണിക്കുന്നതിൽ പോലും അവർ ജാഗ്രതയുള്ളവരാണു്. പ്രധാനപത്രങ്ങൾ നാലുവശം ഇതിനായി വിനിയോഗിച്ചുവരുന്നു. പൊതുജനങ്ങളെ രംഗസ്ഥലത്തു വരുത്തുന്ന കാര്യത്തിലും വളരെ ശ്രദ്ധ പതിപ്പിക്കുന്നു. ഓരോ ദിവസം ചെല്ലുംതോറും കൂടുതൽ കൂടുതൽ ഒച്ചയുണ്ടാക്കുകയാണു് അവരുടെ ജോലി.

ഞാൻ സർവ്വകലാശാലകളെ ആക്ഷേപിക്കയല്ല. കായികവിനോദത്തിനു ഒരു പ്രധാനസ്ഥാനം നൾകണമെന്നുള്ള അഭിപ്രായക്കാരനാണു് ഞാൻ. അതു് വളരെ അധികമായിപ്പോകുന്നതിലാണു് എനിക്കു ആക്ഷേപമുള്ളതു്. ഒരു വലിയ വ്യവസായമാക്കി അനവധി പണം ചിലവാക്കുന്നതിന്റെ ആവശ്യമെന്താണു്? എല്ലാ കുട്ടികൾക്കും അതിൽഭാഗഭാക്കുകളാകുവാനുള്ള സൌകര്യം നൾകണം. കുറച്ചുപേർമാത്രം അതിലേപ്പെട്ടാൽ പോരാ. വിനോദത്തിന്റെ ഉദ്ദേശം ആരോഗ്യമുള്ള സ്ത്രീപുരുഷന്മാരെ സൃഷ്ടിക്കുകയാണു്. കളികളിൽ വിജയം സമ്പാദിക്കുകയല്ല.

## അദ്ധ്യാപകന്റെ സമയവിനിയോഗം.

(ഹെഡ്മിസ്ട്രസ്സ് പി. ററി. ചെല്ലമ്മ.)

ഒരു അദ്ധ്യാപകന്റെ നൈപുണ്യം സാധുവായിത്തീരുന്നതിനു സഹായിക്കുന്ന പല ഉപാധികൾ ഉണ്ടു്. അവയിൽ പ്രാഥമ്യത്തെ അർഹിക്ക

ന്നതു്, അധ്യാപനസംബന്ധമായി ഏപ്പെട്ടിരിക്കുന്ന അഭ്യാസങ്ങളിൽ അധികം ശ്രദ്ധ പതിപ്പിക്കുന്നതിനും അനിയന്ത്രിതങ്ങളായി വന്നുകൂടുന്ന അസൌകര്യങ്ങളെ അതിക്രമിച്ചു പ്രവൎത്തിക്കുന്നതിനും ഉള്ള സാമൎത്ഥ്യമാകുന്നു. തന്റെ അധീനത്തിലുള്ള കായികവും മാനസികവും ആയ ശക്തികളെ യഥാക്രമം വിനിയോഗിക്കുന്നതിൽ, അനാസ്ഥ പ്രദൎശിപ്പിക്കുന്ന അധ്യാപകന്നു് ഉപകാരപ്രദമായ ഏതെങ്കിലും ജോലി ചെയ്യുവാൻ സാധിക്കുമോ എന്നുള്ളതു് സംശയാസ്പദമാണു്. എന്നു മാത്രമല്ലാ, ആവിധത്തിലുള്ള പ്രയത്നം എത്രതന്നെ നിഷ്കൎഷയോടെ ചെയ്യുന്നതായിരുന്നാലും, അതു് അനശ്വരമായ നന്മയ്ക്കു് നിദാനമാകയില്ലെന്നാണു് പല മഹാന്മാരുടേയും അഭിപ്രായം. അനേകം ക്ലാസ്സുകളിൽ അധ്യാപനകൃത്യം നിൎവഹിക്കേണ്ട ഒരു അധ്യാപകൻ തന്റെ ശക്തികളെ താരതമ്യേന വിഭജിച്ചു് ഓരോ ക്ലാസ്സിലും വിനിയോഗിക്കാതിരുന്നാൽ, തന്നിമിത്തം സംഭവിക്കുന്ന ദോഷം ഒരു പ്രത്യേക ക്ലാസ്സിനെ മാത്രമല്ലാ എല്ലാ ക്ലാസ്സുകളേയും ഒന്നുപോലെ ബാധിക്കുന്നതാണു്. അതുകൊണ്ടു ഒരു അധ്യാപകൻ തന്റെ സമയത്തെ എല്ലാ വിധത്തിലും ക്രമപ്പെടുത്തി വയ്ക്കേണ്ടതു് അത്യാവശ്യമാണെന്നുള്ളതിനു് സംശയമില്ല.

ഒരു അധ്യാപകന്റെ സ്കൂൾസംബന്ധമായ കൃത്യങ്ങളിൽ ഏററവും പ്രാധാന്യമേറിയതു് ബോധനവും ഭരണവുമാണു്. ഇവയിൽ ഒന്നു മറെറാന്നിനേക്കാൾ, കൂടുതൽ ആവശ്യമുള്ളതാണെന്നോ ഗുണകരമാണെന്നോ പറയുവാനില്ല. പരസ്പരബന്ധം ഇവയ്ക്കു് അത്രമാത്രമുണ്ടു്. ഒന്നു് ഉപേക്ഷിക്കപ്പെട്ടാൽ മറെറാന്നു് അപ്പോൾ ഉപയോഗശൂന്യമായിത്തീരും. ഇതു് കൂടാതെ ലേഖനസംബന്ധമായും മററും ചില ജോലികൾ കൂടി ചിലപ്പോൾ ഒരു അധ്യാപകന്നു് നിൎവഹിക്കേണ്ടതായി വരുന്നാക്കാം. ഈവക ജോലികൾ ഒരിക്കലും ഉപേക്ഷിക്കത്തക്കതല്ല. എങ്കിലും ബോധനം ഭരണം മുതലായവയ്ക്കു് ഇവ നിമിത്തം യാതൊരുപ്രകാരത്തിലും ഹാനി സംഭവിക്കാതെ സൂക്ഷിക്കേണ്ടതു് ഒരു അധ്യാപകന്റെ കൎത്തവ്യമാണു്.

സുനിയന്ത്രിതമായ ഒരു അധ്യാപകജീവിതത്തിൽ ദൈനംദിനമായ സകല കൃത്യങ്ങൾക്കും പ്രത്യേകം സമയം വ്യവസ്ഥിതമാക്കി വയ്ക്കേണ്ടതു അത്യാവശ്യമാകുന്നു. സൂക്ഷ്മമായി പരിശോധിച്ചു നോക്കുന്നപക്ഷം ഒരു അധ്യാപകനു ജോലിചെയ്യാൻ നിയമിക്കപ്പെട്ടിട്ടുള്ള സമയം എത്രയും ചുരുങ്ങിയതാണെന്നു കാണാം. ഇതു ആഴ്ചയിൽ ൩൦ മണിക്കൂർവീതം ഏററവും കൂടുതലായാൽ ൪൦ ആഴ്ചയൊ, ആണ്ടിൽ ൧൨൦൦ മണിക്കൂറോ, മാത്രമാണു്. അതുകൊണ്ടു എഴുത്തുകുത്തു ജോലികൾ സ്കൂൾസമയം കഴിഞ്ഞു ചെയ്യേണ്ടതാണു്, എന്നു പറയുന്നതുകൊണ്ടു് അധ്യാപകന്റെ ജോ

ലിയെ വളരെ വൎദ്ധിപ്പിക്കുന്നതായി വിചാരിക്കാൻ പാടില്ല. കഴിയുന്നതും അദ്ധ്യാപനസംബന്ധമായ ജോലികൾ തീൎന്നയുടൻതന്നെ അല്പസമയം, അതായത് സ്കൂൾജോലി കഴിഞ്ഞു അടുത്ത മണിക്കൂർ ഈവക ജോലികൾക്കു ദിവസേന നീക്കിവയ്ക്കുന്നതാണ് ഉത്തമം. അന്നന്നു തീൎക്കേണ്ടജോലികൾ അപ്പഴപ്പോൾ ചെയ്തുതീൎക്കേണ്ടതാണ്. അല്ലാതെ പിന്നെയൊരവസരത്തിലേക്ക് നീക്കിവയ്ക്കുന്ന സ്വഭാവം സൎവ്വപ്രകാരേണ ഹാനികരമായി ത്തീൎന്നേക്കാവുന്നതാകയാൽ അദ്ധ്യാപകന്മാർ ഇതിൽ പ്രത്യേകം ശ്രദ്ധിക്കാനുള്ളതാകുന്നു.

സ്കൂൾസമയത്തിനു പുറമേയുള്ള അദ്ധ്യാപകകൃത്യങ്ങളെ (ഫ) അദ്ധ്യാപകവൃത്തിസംബന്ധിച്ചവ (വ) ദേഹാരോഗ്യസംബന്ധമായവ (ന) പൌരസംബന്ധമായവ (ര) സാമുദായികവും ആത്മീയവുമായവ എന്നിങ്ങനെ നാലിനമായി ഭാഗിക്കാവുന്നതാണ്.

## I അദ്ധ്യാപകവൃത്തിസംബന്ധിച്ചുള്ള കാൎയ്യങ്ങൾ.

സ്കൂളിൽ ചെയ്യുവാനുള്ള സകല ജോലികൾക്കുമുള്ള ഒരുക്കം, വിദ്യാഭ്യാസസംബന്ധമായ വിവിധവിഷയജ്ഞാനസമ്പാദനത്തിനുള്ള പഠിത്തം, വായന, പൎയ്യാലോചന, വിവാദം മുതലായവയെല്ലാം തൊഴിൽസംബന്ധമായ അദ്ധ്യാപകകൃത്യങ്ങളിൽ ഉൾപ്പെടുന്നവയാകുന്നു.

തന്റെ തൊഴിലിൽ കൃത്യനിഷ്ഠയുണ്ടായിരിക്കണമെന്നു ആത്മാൎത്ഥമായി ആഗ്രഹിക്കുന്ന അദ്ധ്യാപകനു ജീവിതത്തിൽ പ്രബലമായി ഉണ്ടായിരിക്കേണ്ട ആഗ്രഹം, ദിവസേന ചെയ്തുതീൎക്കേണ്ട കൃത്യങ്ങളെ കഴിയുന്നതും ശ്രദ്ധയോടും സന്തോഷത്തോടും നിൎവ്വഹിക്കണമെന്നുള്ളതാകുന്നു. "ഞാൻ എന്റെ ഇന്നത്തെ കൃത്യങ്ങളെ ഏററവും തൃപ്തികരമായി ചെയ്തു" എന്നുള്ള അന്തഃകരണസമ്മതംതന്നെയാകുന്നു അവനു വലുതായ പ്രതിഫലമായിട്ടു തോന്നുന്നത്. മററു യാതൊരു പ്രതിഫലംകൊണ്ടും അവനു ഇതുപോലെയുള്ള സംതൃപ്തി ഒരിക്കലും ഉണ്ടാകുന്നതല്ല. എന്നാൽ പ്രായം കുറഞ്ഞവനും അദ്ധ്യാപകവൃത്തിയിൽ അധികം പഴക്കമില്ലാത്തവനുമായ ഒരാൾക്ക് ഈ മനോവൃത്തി ഉണ്ടാകാൻ കാലം കുറെ കഴിയാതെ സാധിക്കയില്ല. ആദ്യകാലത്തെ അനുഭവങ്ങളും പരിചയങ്ങളും അവരെ, അവയുടെ പുതുമയും ആകൎഷണീയത്വവുംകൊണ്ട് മോഹിപ്പിക്കും. എങ്കിലും ചിരസ്ഥായിത്വമില്ലാത്തതും, ഇപ്പോൾ അല്ലെങ്കിൽ കുറച്ചു കഴിഞ്ഞു നശിച്ചേ തീരു എന്ന നിൎബന്ധമുള്ളതുമായ ഈ പുതുമയും കാലക്രമത്തിൽ മാറിത്തുടങ്ങുന്നതായി കാണാം. അപ്പോൾ അവൻ ദീൎഘകാലത്തെയ്ക്കു

നിരന്തരമായ പ്രയത്നം ചെയ്യുവാൻ നിർബന്ധിതനായിത്തീരുന്നു. ഇതിലേക്കു പരിചയമില്ലായ്മകൊണ്ടുണ്ടാകാവുന്ന അപരിഹാര്യമായ അരുചിയേയും അപ്രീതിയേയും സകലശക്തികളേയും ഉപയോഗിച്ചു തടയുവാനും, പ്രത്യേകമായ അഭിനിവേശത്തോടും സ്ഥൈര്യത്തോടുംകൂടി പ്രവർത്തിക്കുവാനും അവൻ പ്രേരിതനാകുന്നു. തൊഴിലാളിയായ ഏവനും ഏററവും ആപൽക്കരമായിട്ടുള്ളതും ആലോചനാപൂർവം പ്രവർത്തിക്കേണ്ടതും ആയ ഒന്നാകുന്നു ഈ കാലം. ഈ കാലത്തുതന്നെയാകുന്നു, ഏതു് അദ്ധ്യാപകനും എല്ലാത്തരത്തിലുമുള്ള സാഹായ്യവും പ്രോത്സാഹവും മററുള്ളവരിൽനിന്നും ലഭിക്കുവാൻ ആശിക്കുന്നതു.

ദിവസേന നാം ചെയ്തുതീർക്കാനുള്ള കൃത്യങ്ങളെല്ലാം നമുക്കു തന്നെ തൃപ്തികരമാക്കിത്തോന്നിക്കുന്ന ഒരു മനഃസ്ഥിതി ലഭിക്കുന്നതിനുള്ള ഏററവും ഫലപ്രദമായ ഒരു ഉപായം, അവ ഒരുവിധത്തിലും ഉപേക്ഷിക്കുവാൻ നിവൃത്തിയില്ലാത്ത വിധത്തിൽ ജീവിതവുമായി ഏതൊ പ്രകാരത്തിൽ ഘടിപ്പിക്കപ്പെട്ടിരിക്കുന്നുവെന്നുള്ള നിശ്ചയത്തോടും വിശ്വാസത്തോടുംകൂടി ഉറപ്പെടുക തന്നെയാകുന്നു. ഇപ്രകാരമുള്ള നിശ്ചയത്തെ ബലവത്തരമാക്കുന്നതിനു്, ആരംഭകാലംമുതല്ക്കു, സ്കൂൾസമയം ഒഴിച്ചു മററു സന്ദർഭങ്ങളിൽ എപ്പോഴെങ്കിലും, ഒരു കൃത്യകാലം അതിനെ സംബന്ധിച്ചുള്ള ഒരുക്കത്തിനും വിചിന്തനത്തിനും, നീക്കിവയ്ക്കുന്നതുതന്നെയാകുന്നു ഉത്തമമായമാർഗ്ഗം. വൈകുന്നേരമൊ രാത്രിയിലൊ, ദിവസം രണ്ടോമൂന്നോ മണിക്കൂർ നേരം ഇതിലേക്കു ഉപയോഗിക്കുന്നതായിരിക്കും ഉത്തമം. ക്ലാസ്സിൽ പഠിപ്പിക്കാനുദ്ദേശിക്കുന്ന എല്ലാ പാഠങ്ങളും മുൻകൂട്ടി തയ്യാറാക്കേണ്ടതാണു്. ഏതു പാഠത്തിനും ഒരു നിശ്ചിതപദ്ധതിയും, വിദ്യാർത്ഥികൾക്കു പുതുപുതുതായ ആശയങ്ങളും വസ്തുക്കളുമായി പരിചയം ഉണ്ടാകത്തക്കതായ ചോദ്യങ്ങളും, ഉണ്ടായിരിക്കേണ്ടതാണു്. പാഠത്തിലേയ്ക്കു് പ്രവേശിക്കുന്നതിനു് ഏററവും നല്ല മാർഗ്ഗം എന്താണെന്നു് ആലോചിച്ചു് വയ്ക്കുകയും, പുതിയ വിഷയത്തിലേക്കു് കുട്ടികളെ തയാറാക്കുന്നതിനു് ഉതകുന്ന ചോദ്യങ്ങൾ എഴുതി വയ്ക്കുകയും ചെയ്യേണ്ടതാണു്. ദൃഷ്ടാന്തപരങ്ങളായ വിവരണങ്ങളും മററും കിട്ടുന്നിടത്തോളം സംഭരിച്ചു്, ആലോചനാപൂർവം വിദ്യാർത്ഥികളുടെ പ്രായത്തിനും പ്രാപ്തിക്കും അനുയോജ്യമായ വിധത്തിൽ, നൾകുന്നതിലായിരിക്കണം ഒരു അധ്യാപകന്റെ പ്രധാന ഉദ്ദേശ്യം. ആരംഭത്തിൽ അധ്യാപകൻ പഠിപ്പിക്കുവാനുദ്ദേശിക്കുന്ന പാഠത്തിനെസംബന്ധിച്ചു ഒരു പ്ലാൻ നിശ്ചയിച്ചു് അതിനനുസരണമായ ചോദ്യങ്ങളും വിവരണങ്ങളും എഴുതിത്തയ്യാറാക്കി, സങ്കല്പനിർമ്മിതമായ ഒരു ക്ലാസ്സിൽ അഭിനയിച്ചു എത്രമാത്രം ഫലപ്രദമായിത്തീരുന്നുണ്ടെന്നു പരീക്ഷിച്ചുനോക്കുന്നതു് പരാ

ജയമുണ്ടാകാതിരിക്കാനുത്തമമാർഗ്ഗമാണ്. ഇതു വളരെ പ്രയാസമുള്ളതായിട്ട് ആദ്യകാലങ്ങളിൽ തോന്നിയേക്കാമെങ്കിലും, കാലക്രമത്തിൽ വളരെ ഉപകാരമുള്ളതും അദ്ധ്യാപകന്റെ ശ്രമത്തേയും സമയത്തേയും ലഘൂകരിക്കുന്നതും ആണെന്നു കാണപ്പെടാതിരിക്കയില്ല. എന്നു മാത്രമല്ലാ, ഇതു് അദ്ധ്യാപകന്റെ സാമർത്ഥ്യത്തേയും ആത്മവിശ്വാസത്തേയും വളരെ വർദ്ധിപ്പിക്കുന്നതായി കാണാം. ഇതിനുംപുറമെ കഥാരൂപത്തിലുള്ള പാഠങ്ങൾക്ക്, വിദ്യാർത്ഥികളുടെ ശക്തിക്കും സാമർത്ഥ്യത്തിനും സ്വഭാവത്തിനും അനുസരണമായ ഒരു പാഠപദ്ധതി രൂപവൽക്കരിച്ച് അതിനനുസരണമായി അവക്കു ബോധനം നൽകേണ്ടതാണ്. അതായതു്, ക്ലാസ്സിൽ പാഠം നടത്തുമ്പോൾ കുട്ടികളോടു ഏതു ക്രമത്തിൽ ചോദ്യം ചോദിക്കേണ്ടതാണെന്നും ഓരോ കുട്ടിയുടേയും പ്രത്യേകത അനുസരിച്ച് ചോദ്യങ്ങളെ എങ്ങനെ മാറേറണ്ടതാണെന്നുംകൂടി അദ്ധ്യാപകൻ ആലോചിച്ചു വയ്ക്കണം. വിദ്യാർത്ഥികൾക്ക് പരസഹായാപേക്ഷകൂടാതെ തന്നെ സ്വതന്ത്രമായ ആലോചനാശക്തി വർദ്ധിക്കുന്നതിനു അവരെ സഹായിക്കുന്ന മാർഗ്ഗങ്ങളെ കണ്ടുപിടിച്ച് അതിനാവശ്യമുള്ള സാമഗ്രികളെ നൽകേണ്ടതും അദ്ധ്യാപകന്റെ കൃത്യത്തിലുൾപ്പെട്ടതുതന്നെ. കുട്ടികൾ തന്നത്താനെ പാഠങ്ങൾ പഠിക്കുന്ന ക്ലാസ്സുകളിൽ ഓരോരുത്തക്കും എന്തു ജോലികൾ കൊടുക്കണമെന്ന് ആലോചിക്കയും അതിനു വേണ്ട ഉപകരണങ്ങൾ തയ്യാറാക്കയും ചെയ്യണം.

വിദ്യാർത്ഥികളുടെ നോട്ടുപുസ്തകങ്ങളും, ഗൃഹപാഠഫലങ്ങളായി അവർ ചെയ്തിട്ടുള്ള മററു ജോലികളും പരിശോധിക്കുന്നതു്, സ്കൂൾസമയത്തിനു പുറമേ ചെയ്യാനുള്ള അദ്ധ്യാപകന്റെ കൃത്യങ്ങളിൽ, ഏററവും പ്രാധാന്യമേറിയവയാകുന്നു. ഈവക ജോലികൾ മുൻ പ്രസ്താവിച്ച എഴുത്തുകുത്തുജോലികളിൽ ഉൾപ്പെടുന്നവയല്ല. എന്നു മാത്രമല്ലാ, അവയുടെ കൂട്ടത്തിൽ ഉൾപ്പെടുത്താനും പാടില്ല. അദ്ധ്യാപനകൃത്യം കഴിഞ്ഞു്, വിശ്രമത്തിനു വിനിയോഗിക്കേണ്ട സമയങ്ങളിൽ, ഈ വക ഗുരുതരവും പ്രത്യേകനിഷ്കർഷയാവശ്യമുള്ളതുമായ വേലകൾക്ക് നീക്കിവയ്ക്കുന്നതു ബുദ്ധിപൂർവ്വമായ പ്രവൃത്തിയാകുന്നതല്ല. ഈ സമയം അദ്ധ്യാപകന്റെ ശക്തികൾ ക്ഷയിച്ചിരിക്കുമെന്നുള്ളതും സ്പഷ്ടമാണ്. വിദ്യാലയങ്ങളിൽ നടത്താനുള്ള അദ്ധ്യാപനത്തിന് ആവശ്യമുള്ള ഒരുക്കങ്ങൾക്ക് വേണ്ടതായ സമയത്തെ ഒരുവിധത്തിലും വിദ്യാർത്ഥികളുടെ നോട്ടുപുസ്തകപരിശോധന ആക്രമിക്കാതിരിക്കത്തക്കവണ്ണമേ, അവക്ക് ആ തരത്തിലുള്ള ജോലികൾ കൊടുക്കാൻ പാടുള്ളു. മിക്കവാറും അദ്ധ്യാപകന്മാർ ഉത്തരക്കടലാസുകൾ നോക്കുന്നതിനും ഉപന്യാസങ്ങൾ എഴുതീട്ടുള്ള നോട്ടുപുസ്തകങ്ങൾ പരിശോധിക്കുന്ന

തിനും, കൂടുതൽ ബുദ്ധിമുട്ടി അദ്ധ്യാപനത്തിനാവശ്യമുള്ള വിവിധവിഷയ സമ്പാദനത്തിന് ഉദ്യമിക്കാതെ, സമയത്തെ ദുരുപയോഗപ്പെടുത്തുന്നതായിട്ടു കാണുന്നുണ്ട്. അനേകം അബദ്ധങ്ങൾ കാണുമ്പോൾ ഒന്നിലും വേണ്ട വിധം ശ്രദ്ധ പതിയാത്തതുകൊണ്ടും, അദ്ധ്യാപകൻ ധാരാളമായി വെട്ടി ത്തിരുത്തിയിരിക്കുന്നവയെ വായിച്ച് അബദ്ധങ്ങളെ മനസ്സിലാക്കി ക്രമപ്പെടുത്തുന്നതിനു സാധിക്കാത്തതുകൊണ്ടും, വിദ്യാർത്ഥികൾ പഴയ തെററുകളെത്തന്നെ വീണ്ടും വീണ്ടും പ്രയോഗിക്കയും ചെയ്യുന്നു. ഏവം വിധമായ ശ്രമം പറയത്തക്കവണ്ണം പ്രയോജനകരമായിത്തീരുന്നതല്ല. വാങ്മൂലമായ പ്രവൃത്തിയെപ്പോലെ എഴുത്തുമൂലമായ പഠനം ഫലപ്രദമാകുമോ എന്നുള്ളതു് സംശയം തന്നെയാണ്. എഴുത്തുജോലി വിദ്യാർത്ഥികൾക്ക് വർദ്ധിക്കുംതോറും, അവർക്ക് സ്ഖലിതങ്ങളെ ആവർത്തിക്കാനല്ലാതെ അവയെ പരിഹരിക്കാൻ സാധിക്കുന്നതല്ലെന്ന്, സൂക്ഷ്മപരിശോധനകൊണ്ടു മാത്രമേ അറിയാൻ സാധിക്കയുള്ളു. വിദ്യാലയങ്ങളിൽ ഇപ്പോൾ വിദ്യാർത്ഥികളെക്കൊണ്ടു് ചെയ്യിച്ചുപോരുന്ന എഴുത്തുജോലി, കഴിയുന്നതും കുറക്കുംതോറും ഫലം വർദ്ധിച്ചു വരുമെന്നുള്ളതിന്, സംശയമില്ല. വിദ്യാർത്ഥികളുടെ ഇന്നത്തെ എഴുത്തുജോലിയെ മൂന്നിൽ ഒരു ഭാഗമായി കുറയ്ക്കുന്നതു് അഭിലഷണീയമായിരിക്കും. ഇക്കാൎയ്യത്തിൽ എല്ലാ അദ്ധ്യാപകന്മാരുടേയും സവിശേഷമായ ശ്രദ്ധ പതിയേണ്ടതാണ്.

അദ്ധ്യാപകവൃത്തിയിൽ പ്രവേശിച്ചിട്ടുള്ള ഒരുവൻ, തന്റെ പ്രാരംഭകാലങ്ങളിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതായ ഇതരകൃത്യങ്ങളിൽ ചിലതിനെപ്പററി അല്പം ഇവിടെ പ്രസ്താവിക്കാം. ക്ലാസ്സുകളിൽ പഠിപ്പിക്കാനുള്ള പ്രത്യേകവിഷയങ്ങളിൽ പരിജ്ഞാനവും, അഭിരുചിയും, വർദ്ധിപ്പിക്കുന്നതിനു ശ്രമിക്കുന്നതോടുകൂടി, വിദ്യാഭ്യാസസംബന്ധമായ വിവിധവിഷയങ്ങളിൽ വ്യാപകമായ ഒരു ജ്ഞാനം കൂടി സാമാന്യമായിട്ടെങ്കിലും സമ്പാദിക്കാൻ പ്രത്യേകം ശ്രമിക്കേണ്ടതാണ്. ഇതിലേയ്ക്കു് വിദ്യാഭ്യാസസംബന്ധമായി, ലോകപ്രചാരം സിദ്ധിച്ചിട്ടുള്ള രണ്ടുമൂന്നു മാസികകളും പത്രങ്ങളും അനുസ്യൂതമായി വായിക്കുന്നതു ഉത്തമമാൎഗ്ഗമാണ്. അങ്ങനെ ചെയ്യേണ്ടതു് അത്യാവശ്യമാണുതാനും. ഇവയിൽ ഒന്ന് സ്വദേശത്തുനിന്നും പ്രസിദ്ധീകരിക്കുന്നതും, സ്വദേശത്തുള്ള വിദ്യാഭ്യാസ കാൎയ്യങ്ങളെ പ്രധാനമായി പരാമർശിക്കുന്നതും, മറെറാന്ന് സ്കൂളുകളെ സംബന്ധിച്ച പ്രത്യേകകാൎയ്യങ്ങളെ പ്രതിപാദിക്കുന്നതും, വേറൊന്നു അദ്ധ്യാപകൻ സ്കൂളിൽ ഏൎപ്പെട്ടിരിക്കുന്ന പ്രത്യേകവിഭാഗത്തെ സംബന്ധിച്ചു വിവരിക്കുന്നതും ആയിരുന്നാൽ കൊള്ളാം. ജനസമുദായങ്ങളെ ആകമാനം ഉദ്ദേശിച്ചു പുറപ്പെടുവിക്കുന്ന ഒരു നല്ല മാസികയും അദ്ധ്യാപകന്റെ പാരായണകോടിയിൽ ഉൾപ്പെട

ണം. ഇവയിൽ ഉള്ള എല്ലാ ഭാഗങ്ങളും അദ്ധ്യാപകൻ വായിക്കണമെന്ന നിർബ്ബന്ധമില്ല. എന്നാൽ ഇവയിൽ ഓരോന്നും നോക്കി ഉപയോഗപ്രദങ്ങളായ ഭാഗങ്ങൾ മാത്രം വായിച്ചു മനസ്സിലാക്കിയിരിക്കേണ്ടതാണ്. അദ്ധ്യാപകജീവിതം നയിക്കുന്ന അനേകം സ്ത്രീപുരുഷന്മാരുമായി സഹവസിക്കുന്നതിനും, അവരുടെ വിവിധ വിചാരപഥങ്ങളെ അറിഞ്ഞു്, ഹിതകരമായവയെ ആദർശമായി സ്വീകരിച്ചു പ്രവർത്തിക്കുന്നതിനും, ഇതു് അവന്ന് സഹായമായിത്തീരുന്നതാണ്. ഇതിനും പുറമെ ലോകത്തിലുള്ള മഹാന്മാരും മഹതികളുമായ, വിദ്യാഭ്യാസപ്രവർത്തകരുമായി പല പ്രകാരത്തിലും പരിചയപ്പെടുന്നതിനും, അവർ വിദ്യാഭ്യാസലോകത്തിന് വരുത്തിക്കൂട്ടുന്ന ഭേദഗതികളെ അറിഞ്ഞു്, യഥാകാലാനുവർത്തിയായ് ജീവിക്കുന്നതിനും, സാധിക്കും. ഈ വിധം ചെലവുചെയ്യുന്ന സമയം അദ്ധ്യാപകന്ന് ഒരിക്കലും നിഷ്പ്രയോജനമായി ഭവിക്കുന്നതല്ല. പ്രത്യുത, വിദ്യാഭ്യാസലോകത്തിൽ ഉൽപതിഷ്ണുത്വം സ്ഥാപിക്കുവാൻ അചിരേണ സാധിക്കുന്നതുമാണ്. ഇതിൽ അധികം പ്രത്യേകം സൂക്ഷിക്കാനുള്ളതു് തന്റെ ഉദ്ദേശത്തിനും അഭിരുചിക്കും അനുസരണമായി കാണുന്ന വിഷയപ്രസ്താവനകളിൽ അധികസമയം വിനിയോഗിക്കാൻ ശ്രമിക്കുന്നതാകുന്നു.

മാസികകളും വർത്തമാനപ്പത്രങ്ങളും ക്രമാതീതമായി വർദ്ധിച്ചു വരുന്ന ഇക്കാലത്തു ശ്രദ്ധ പതിക്കാതെയുള്ള വായനയിൽ ആളുകൾക്ക് അഭിരുചി കൂടിവരുന്നു. വളരെ കുറഞ്ഞ ചെലവിൽ അനേകം പത്രങ്ങൾ കിട്ടുന്നതുകൊണ്ടു്, ആളുകൾ അവ വായിച്ചുകൊണ്ടിരിക്കയും, മനസ്സുപതിപ്പിച്ചു വായിക്കേണ്ടതും ഗൌരവമുള്ളതും ആയ പുസ്തകങ്ങൾ വായിക്കാതിരിക്കയും ചെയ്യുന്നു. യാതൊരു സംബന്ധവുമില്ലാത്ത ശുഷ്കവർത്തമാനങ്ങൾ മാനസികമായ അഭിവൃദ്ധിയെ സഹായിക്കുന്നില്ല. വിലകുറഞ്ഞ വർത്തമാനപ്പത്രങ്ങളും അന്തസ്സാരമില്ലാത്ത മാസികകളും പരിഭ്രമജനകമാകുംവിധം വർദ്ധിച്ചു് രാജ്യത്തിലുള്ള ജനങ്ങളുടെ ബുദ്ധിശക്തിയെ ക്ഷയിപ്പിക്കയാണു് ചെയ്യുന്നതു്. ഇവയുടെ ആകർഷണശക്തികൊണ്ടു, പരിപൂർണ്ണമായ ഒരു പരിതസ്ഥിതിയിൽ, ബുദ്ധി ഉപയോഗിക്കേണ്ടതും പ്രയാസമേറിയതും ആയ ഒരു ജോലി ചെയ്യുന്നതിന്ന് ഒരാൾ ഒരുങ്ങുമ്പോൾ മാത്രമെ, ഇവകൊണ്ടുണ്ടായിട്ടുള്ള അനിഷ്ടഫലങ്ങൾ മനസ്സിലാക്കുന്നുള്ളു. അദ്ധ്യാപകൻ ഇവയുടെ വലയിൽ വീഴുകയാണെങ്കിൽ, താൻ അന്നന്ന് പാഠം തയാറാക്കുന്നതിന്ന് നിശ്ചയിച്ചിട്ടുള്ള പ്ലാനും, തന്റെ ജ്ഞാനം വർദ്ധിപ്പിക്കുന്നതിന്ന് ആലോചിച്ചിട്ടുള്ള മാർഗ്ഗങ്ങളും, പാടേ തെററിപ്പോകുന്നതായിക്കാണാം. എന്നാൽ വിദ്യാഭ്യാസസംബന്ധമായ പ്രധാനപ്പെട്ട ഒരു മാസികയിൽനിന്ന് പ്രതിമാസം ഗൌരവമേറിയ രണ്ടു ലേഖനമെങ്കിലും അദ്ധ്യാപകൻ വാ

യിച്ചു മനസ്സിലാക്കേണ്ടതാണ്. ലേഖനങ്ങൾ രസകരമായവയൊ, അധ്യാപക കൃത്യങ്ങളെ സംബന്ധിക്കുന്നവയൊ ആയിരുന്നില്ലെന്നുവരാം. എന്നാൽ ഒരു ഉയൎന്നതരം മാസികയിൽ, പ്രസ്തുത ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടിരിക്കുന്നു എന്ന വസ്തുതതന്നെ, അവയുടെ പ്രാധാന്യത്തിനും മാഹാത്മ്യത്തിനും മതിയായ സാക്ഷ്യമാണ്. എന്നുമാത്രമല്ലാ വായിച്ചുതുടങ്ങുമ്പോൾ ശുഷ്കവും, വിരസവും, ഗുരുതരവും ആയിത്തോന്നുന്ന ലേഖനങ്ങൾ അവസാനത്തിൽ രസകരങ്ങളായിത്തീരുന്നുവെന്ന് നമുക്ക് പലപ്പോഴും കാണാവുന്നതാണ്.

എല്ലാ അധ്യാപകന്മാരും, ഓരോ വൎഷവും വിദ്യാഭ്യാസസംബന്ധമായി ആ വൎഷത്തിൽ പുതുതായി പുറപ്പെട്ടിട്ടുള്ള ഒന്നൊ രണ്ടൊ പുസ്തകങ്ങളെങ്കിലും വായിച്ചിരിക്കണം. ഇവയിൽ ഗൌരവമായ കാൎയ്യങ്ങൾ കണ്ടില്ലെങ്കിലും, ചിലപ്പോൾ അധ്യാപകന് പുതിയവയും വിലയേറിയവയുമായ ചില സൂചനകൾ ലഭിച്ചെന്നുവരാം. വിദ്യാഭ്യാസതത്വങ്ങൾ മാറിമാറിക്കൊണ്ടിരിക്കുന്ന ഇക്കാലത്തു, ഏററവും നവീനമായ ഒരാശയം എപ്പോഴാണ് പ്രതിപാദിക്കപ്പെടുന്നതെന്ന് ആൎക്കും അറിവാൻ നിവൃത്തിയില്ല. അതുകൊണ്ട് ഓരോവൎഷവും പുറപ്പെടുന്ന ഒന്നോരണ്ടോ പ്രധാന പുസ്തകങ്ങൾ വായിച്ച് നവീനങ്ങളായ വല്ല കാൎയ്യങ്ങളും അവയിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ടൊ എന്നു അധ്യാപകൻ മനസ്സിലാക്കേണ്ടതാണ്. എന്നാൽ അവയിൽ പറയുന്നവയെല്ലാം ശരിയൊ തെററൊ, എന്ന് അധ്യാപകൻ ബുദ്ധിപൂൎവ്വം ആലോചിക്കയും പരിശോധനകൾകൊണ്ടു തീൎച്ചപ്പെടുത്തുകയും ചെയ്യണം.

ഈ ഘട്ടത്തിൽ അധ്യാപകയോഗങ്ങളെപ്പററിക്കൂടെ രണ്ടുവാക്ക് പറഞ്ഞുകൊള്ളട്ടെ. ആണ്ടുതോറും ഓരോ പ്രത്യേകകേന്ദ്രങ്ങളിലും പൊതുവായും നടന്നുവരുന്ന അധ്യാപകയോഗങ്ങളുടെ പ്രയോജനത്തെപ്പററി വിശേഷിച്ചു പറയേണ്ട ആവശ്യമില്ല. ഇവ, അധ്യാപകനു തന്റെ ജോലിയിൽ താല്പൎയ്യത്തേയും, ഉത്സാഹത്തേയും ജനിപ്പിക്കുന്നു. അധ്യാപകന്റെ ശേഷിയും ശേമുഷിയും, സാമൎത്ഥ്യങ്ങൾ വൎദ്ധിപ്പിക്കുന്നു. ഇവയിൽനിന്നു കിട്ടുന്ന ഗുണത്തെ അധ്യാപകൻ വ്യൎത്ഥമായി കരുതരുതു. ഇവയിൽ നടക്കുന്ന പ്രഭാഷണങ്ങളും, പ്രസംഗങ്ങളും, പാഠങ്ങളും, ഓരോരുത്തരുടേയും അനുഭവങ്ങളേയുംമററും പററിയുള്ള പ്രസ്താവവും അധ്യാപകനു വളരെ പ്രയോജനകരമായിത്തീരുന്നതാണ്.

ഈ അവസരത്തിൽ വിദ്യാലയസന്ദൎശനങ്ങളെപ്പററിക്കൂടി പറയേണ്ടിയിരിക്കുന്നു. സ്വന്ത ക്ലാസ്സുമുറിയുടെ ജ്ഞാനംമാത്രം ഉള്ള അധ്യാപകനു, അധ്യാപനത്തേയും നിയമനത്തേയും സംബന്ധിച്ചു താഴ്ന്നതരം മാതൃ

കകൾ മാത്രമെ ലഭിക്കുന്നുള്ളൂ. അനേകം അധ്യാപകന്മാർ, തങ്ങളും തങ്ങളുടെ വിദ്യാൎത്ഥികളും ചെയ്യുന്ന ജോലി ഏററവും തൃപ്തികരമാണെന്നു അഭിമാനിച്ചുകൊണ്ടിരിക്കാറുണ്ട്. മററുള്ള സ്കൂളുകൾ സന്ദൎശിക്കുമ്പോൾമാത്രമെ അവൎക്കുണ്ടായിട്ടുള്ള തെററുകൾ അവർ മനസ്സിലാക്കുന്നുള്ളൂ. അതുകൊണ്ടു ഏററവും നല്ലനിലയിൽ നടത്തപ്പെടുന്ന സ്കൂളുകൾ അധ്യാപകൻ സന്ദൎശിക്കയും, അധ്യാപനം നിയമനം ഇവ സംബന്ധിച്ചുംമററും, ആ സ്കൂളുകളിൽനിന്നും ലഭിക്കുന്ന നൂതന ആദൎശങ്ങളെ ലാക്കാക്കി പ്രവൎത്തിക്കയും ചെയ്യേണ്ടതാണ്. തന്റെ സന്ദൎശനകോടിയിൽ, എത്ര അധികം സ്കൂളുകൾ ഉൾപ്പെടുത്തുന്നുവൊ അത്രയ്ക്കും അധ്യാപകന്റെ അഭിവൃദ്ധി പുഷ്ടിപ്പെടുന്നു.

(തുടരും)

## ജലജളൂകം.

(വിമൎശകൻ)

ദുഷ്ടുള്ളിടത്തേ അട്ട കടിക്കയുള്ളൂ എന്നാണ് പ്രസിദ്ധി. എങ്കിലും, ചിലപ്പോൾ അരോഗദൃഢഗാത്രങ്ങളിൽ കടിച്ചു വ്രണമുണ്ടാക്കി ചോരകുടിച്ച് തൃപ്തിപ്പെടുന്നതിനും ആ വികൃതജന്തു ഉദ്യമിക്കാറുണ്ട്. പൊട്ടക്കുളത്തിലെ, കട്ടച്ചേറാണ് അതിന്റെ സുഖ വാസസ്ഥലം. വല്ലവരും അതിനെ നിൎമ്മലജലത്തിൽ നിക്ഷേപിച്ചാൽ അതിന്റെ അഴകിയ ശരീരം വളച്ചും പുളച്ചും ഒരു കോന്നിലെങ്ങാനും ചെന്ന് ചുരുണ്ടുകൂടി വിശ്രമിക്കുന്നതു കാണാം. ഏതവസ്ഥയിലും അതു മനുഷ്യൎക്ക് അറപ്പും വെറുപ്പും ഉണ്ടാക്കുകതന്നെ ചെയ്യുന്നു. പരോപദ്രവ ജീവിതം അതിന്റെ തലയിലെഴുത്തുമാകുന്നു. സാഹിത്യലോകത്തിലും ഇപ്രകാരമുള്ള ജലജളൂകങ്ങളെ കാണ്മാറുണ്ട്. വല്ല കൃതികളിലും ദൂഷ്യമുണ്ടോ എന്നു തിരക്കുകയാണ് ഈ ജന്തുക്കളുടെ ജോലി. ദുഷ്കൃതികളിൽ കിടന്ന് വിഹരിക്കുകയാണ് അവരുടെ സന്തോഷം. വല്ല സുകൃതികളും അവരുടെ ദൃഷ്ടിയിൽ പെട്ടാൽ കടിച്ചുമറിച്ച് വ്രണപ്പെടുത്തി ദുഷിപ്പിയ്ക്കുന്നതിന് സൌകൎയ്യമുണ്ടോ എന്നാണ് അവർ ആദ്യമായി ആലോചിക്കുന്നതു്. ആ ഉദ്യമം അല്പമെങ്കിലും ഫലവത്താകുമൊ എന്നു പരീക്ഷിക്കുന്നതിനു ഒരു പന്തീരാണ്ടു പററിപ്പിടിച്ചു കാത്തിരിക്കുന്നതിനും അവർ തയാറാണ്.

അപ്പൻതമ്പുരാൻ തിരുമനസ്സിലെ കൃതിയായ "ഭാസ്കരമേനോൻ" എന്ന ഗ്രന്ഥത്തെപ്പററി കഴിഞ്ഞ നാലഞ്ചുലക്കം "ഉണ്ണിനമ്പൂരി"യിൽ സാഹിത്യശിരോമണി മിസ്റ്റർ: കുട്ടിക്കൃഷ്ണമാരാർ എഴുതിയിരുന്ന ലേഖനം വായിച്ചപ്പോൾ ഈ ജലജന്തുക്കളെപ്പററിയുള്ള സ്മരണയാണ് എൻെറ മനസ്സിൽ ഉണ്ടായത്. മി: മാരാർ സാഹിത്യലോകത്തിൽ അപ്രകാരമുള്ള ഒരു ജന്തുവാകുന്നു. പുരുഷദ്വേഷപരമായ ആ ദീർഘലേഖനം മാരാരുടെ അസൂയാമലിമസമായ ഹൃദയത്തിൽ നിന്നല്ലാതെ ഒരിക്കലും ഉത്ഭവിക്കുന്നതല്ല. ഒരു ഗ്രന്ഥത്തെ വിമർശിക്കുക എന്നുള്ള ഭാവത്തിൽ തൽക്കർത്താവായ അപ്പൻതമ്പുരാൻ തിരുമനസ്സിനെ പററി എത്ര നീചവാക്കുകളാണു പ്രസ്തുതലേഖനത്തിൽ ഉപയോഗിച്ചിട്ടുള്ളതെന്നു നോക്കുക. 'കഴിഞ്ഞുപോയ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ അസാമാന്യമായ സഹായത്താലാണ് രസികരഞ്ജിനീജനയിതാവായ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് മലയാളസാഹിത്യത്തിൽ ഒരു പേരെടുത്തത്. തിരുമനസ്സുകൊണ്ട് അശക്തനും അനിപുണനും അനഭ്യസ്തനമാകുന്നു. ഇത്യാദി.

ഇതിൽ ആദ്യം പറഞ്ഞിട്ടുള്ള സംഗതി വാദത്തിനുവേണ്ടി സമ്മതിക്കുക. അതുകൊണ്ട് അപ്പൻതമ്പുരാൻ തിരുമനസ്സിലേക്ക് എന്തൊരു കുറച്ചിലാണ് നേരിടാനുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. ജനിക്കുമ്പോൾതന്നെ ആരും സകലകലാവല്ലഭന്മാരായി തീരാറില്ല. പിന്നെ മററു ചിലരിൽ നിന്ന് കണ്ടു പഠിക്കുകയും ചിലരിൽനിന്ന് അഭ്യസിക്കുകയും ചെയ്തിട്ടാണ് എല്ലാവരും ഒരു നിലയിൽ എത്തുന്നത്. രസികരഞ്ജിനീപ്രവർത്തനകാലത്ത് കേവലം ഒരു രാജ'കുമാര'നായിരുന്ന തിരുമേനി 'സാരസദ്ഗുതകവികിരീടമണി'യായിരുന്ന കുഞ്ഞിക്കുട്ടൻതമ്പുരാനെ തൻെറ സാഹിത്യപരിശ്രമത്തിൽ ഗുരുവായിതന്നെ വരിച്ച് അദ്ദേഹത്തിൻെറ സഹായം സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിഷയത്തിൽ അദ്ദേഹത്തിൻെറ ഔചിത്യബുദ്ധിയെ നാം അഭിനന്ദിക്കയാണു വേണ്ടത്. അതിനുംപുറമെ തിരുമനസ്സിലെ സൽകീർത്തിക്കു നിദാനം രസികരഞ്ജിനിപ്രവർത്തനമായിരുന്നാലും അവിടത്തെ ശ്രേഷ്ഠകൃതിയായ 'ഭൂതരായരും' ഗദ്യമാലിക, രാമായണം, ശാകുന്തളം മുതലായവയുടെ അവതാരികകളും രസികരഞ്ജിനിയുടെ കാലത്തിനുശേഷം എഴുതിയിട്ടുള്ളവയാകുന്നു. അവിടത്തെ സരസവും പ്രൌഢവുമായ ഗദ്യരീതി മേൽപറഞ്ഞവയിലാണു സ്ഫുടവും ദൃഢവുമായി കാണുന്നതെന്നുള്ളതു നിഷ്പക്ഷന്മാർ സമ്മതിക്കുകതന്നെ ചെയ്യും. അതിനാൽ കുഞ്ഞിക്കുട്ടൻതമ്പുരാൻെറ അസാമാന്യ സഹായം ഇല്ലായിരുന്നുവെങ്കിൽ അപ്പൻതമ്പുരാൻ തിരുമനസ്സിലേക്കു മലയാളസാഹിത്യത്തിൽ ഒരു പേരെ

ടുക്കാൻ സാധിക്കുകയില്ലായിരുന്നു എന്നു സൂചിപ്പിക്കുന്ന മേൽകാണിച്ച വാക്യം അസൂയയുടെ ഫലമാണെന്നു ആർക്കും മനസ്സിലാക്കാൻ സാധി . ഇതിൽ വല്ല വാസ്തവവും ഉണ്ടോ എന്നും പര്യാലോചിക്കേണ്ടിയിരിക്കുന്നു. മാരാർ ഈ സംഗതി "പ്രായം കൂടിയവർ പറഞ്ഞു കേട്ടിട്ടുണ്ടത്രെ?" ഈ പ്രായംകൂടിയവർ ആരാണെന്നു നമുക്കറിഞ്ഞുകൂടാ. അവരുടെ ഇപ്രകാരമുള്ള ഉപദേശങ്ങളാണു മാരാരുടെ ഹൃദയത്തെ ഇതുമേൽ അസൂയാമലീമസമാക്കിത്തീർത്തതെങ്കിൽ അവരെ ഭയപ്പെടുകതന്നെ ചെയ്യണം. യഥാർത്ഥത്തിൽ ഈ 'പ്രായം കൂടിയവരും, മാരാരുടെ കുരുന്ന കുശുമ്പിൻെറ വികൃതസൃഷ്ടിതന്നെ ആയിരിക്കാനാണധികം എളുപ്പം. രസികരഞ്ജിനിയോടു വളരെ അടുത്തുപരിചയിച്ചിട്ടുള്ളവരും, വിശ്വാസയോഗ്യന്മാരുമായ ചില പ്രായം കൂടിയവർ, പറഞ്ഞ് ഞാൻ കേട്ടിട്ടുള്ളത്, കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലേക്ക് നാമമാത്രമായ ആധിപത്യം കൊടുത്തു ഒരു 'ഉന്ത്യരശു' വെച്ചുംകൊണ്ട് മാസികാസംബന്ധമായ സകലകൃത്യങ്ങളും, മുഖപ്രസംഗം എഴുതുകകൂടി, അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു തന്നെയാണ് നിവ്വഹിച്ചിട്ടുള്ളതെന്നാകുന്നു. മംഗളമാല രണ്ടാംഭാഗം ഈ കേൾവിക്ക് മതിയായ പ്രമാണവുമാകുന്നു. ആ സ്ഥിതിക്ക് മാരാർ വളരെ പ്രയത്നപ്പെട്ട് എടുത്തു കാണിച്ചിട്ടുള്ള ഭാഗം യഥാർത്ഥത്തിൽ ആരുടേതാണെന്ന് ഇനിയും നിശ്ചയിക്കാറായിട്ടില്ല. ആരുടേതായാലും അന്യനിൽ അപഹരണക്കുററം ചുമത്തുന്നതിനു മാത്രം ഗൗരവം അതിനില്ലെന്ന് ആരും സമ്മതിക്കുകതന്നെ ചെയ്യും.

അപ്പൻതമ്പുരാൻ തിരുമനസ്സിലെ 'വകതിരിവു'കേടിനെപ്പററി മാരാരെപ്പോലെ വകയും തിരിവുമില്ലാത്തവർ പറയുന്ന അസഭ്യവചനങ്ങൾക്കു ആരും സമാധാനം പറയാൻ പുറപ്പെടുന്നതല്ല. അമ്മാതിരി ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന പത്രത്തിൻെറ ധർമ്മനിഷ്ഠയെപ്പററി എനിക്ക് അല്പമൊന്നു പറവാനുണ്ട്. "ലേഖകന്മാരുടെ വീഴ്ചകൾക്കും അഭിപ്രായങ്ങൾക്കും പത്രാധിപർ ഉത്തരവാദിയാകുന്നതല്ല" എന്ന് എഴുതിവയ്ക്കുന്നതുകൊണ്ടു മാത്രം പത്രാധിപരുടെ ഉത്തരവാദിത്വം മുഴുവനും തീൎന്നുപോകുമെന്ന് വിചാരിക്കുന്നതു അബദ്ധമാകുന്നു. ലോകമര്യാദയെ ബഹുമാനിക്കാത്ത ലേഖനങ്ങളെ പ്രസിദ്ധംചെയ്യുന്നത് പത്രധർമ്മത്തിനും പത്രാധിപരുടെ വിലയ്ക്കും നിലയ്ക്കും വളരെ പോരാത്തതാകുന്നു. അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കേണ്ടതുതന്നെ. എന്നാൽ ആ തത്വത്തെ ദുരുപയോഗപ്പെടുത്തുന്ന ആഭാസലേഖനങ്ങൾ പ്രസിദ്ധപ്പെടുത്താവുന്നതല്ല. ഈ വിഷയത്തിൽ "ഉണ്ണിനമ്പൂരി" കാണിച്ച വികൃതി സർവ്വഥാ അധിക്ഷേപാർഹമാകുന്നു.

ലോകത്തിൽ കീർത്തിക്കോംക്കുന്നതിനുവേണ്ടി പലരും പരിശ്രമിക്കാറുണ്ട്. അവരുടെ മോഹം "ഉൽകൃഷ്ടമനസ്സിന്റെ ഒടുവിലത്തെ അസ്ഥൈര്യ"മാണെന്ന് ഒരു ആംഗ്ലേയമഹാകവി പറയുന്നു. എങ്കിലും അതിലേക്കു വേണ്ടിയുള്ള പരിശ്രമം സുകരമൊ, ആ, കീർത്തി എപ്പോഴും സുലഭമൊ അല്ല. ലോകത്തിൽ ഒരു പേരെടുക്കുന്നതിനുള്ള എളുപ്പമായ മാർഗ്ഗം ദുഷ്കീർത്തി സമ്പാദിക്കുകയാകുന്നു. അതിനും ഏററവും എളുപ്പമുള്ള മാർഗ്ഗം മഹാന്മാരെ ദൂഷിക്കുകയാകുന്നു. ഈ തത്വം മനസ്സിലാക്കിയാണ് മിസ്റ്റർ മാരാർ കേരളസാഹിത്യലോകത്തിൽ സുപ്രസിദ്ധന്മാരായിരുന്ന രാജരാജവർമ്മ, കുമാരനാശാൻ മുതലായവരെപ്പററി പലതും പ്രസ്താവിക്കാൻ പുറപ്പെട്ടതു്. ഇപ്പോഴം അപ്പൻതമ്പുരാൻതിരുമനസ്സിനെപ്പററി അനസ്യൂതമായി ദൂഷ്യം പറഞ്ഞുകൊണ്ടിരിക്കുന്നതിനും ഒരു കാരണം ഇതുതന്നെയാണ്. രവിവർമ്മചിത്രത്തിൽ കരിതേയ്ക്കുന്നതുകൊണ്ട് ഒരു വികൃതമനസ്സിനുള്ള ചാരിതാർത്ഥ്യം മിസ്റ്റർ മാരാർക്കും ഉണ്ടായിക്കൊള്ളട്ടെ എന്നു വിചാരിച്ച് മാരാരുടെ അസംബന്ധപ്രലപനങ്ങൾക്ക് സമാധാനം പറയാതെ മൌനം ദീക്ഷിക്കുകയാണ് ഉത്തമം. തലക്കോളു വർദ്ധിച്ച് പിച്ചും പേയും പറയുന്നവനോട് ആരും മല്ലിടാൻ പുറപ്പെടുകയില്ല. എന്നാൽ അങ്ങിനെയുള്ള ഒരുവൻ, പൊതുജനങ്ങൾക്ക് ആപൽക്കരമായി തീരാത്തവിധത്തിൽ തടുത്തുനിർത്തേണ്ടതു് എല്ലാവരുടേയും കടമയാകുന്നു. അതിനാലാണ് ഈ ചുരുങ്ങിയ മറുപടിക്ക് ഞാൻ നിർബ്ബന്ധിതനായി തീർന്നതു്.

(തുടരും)

## പുസ്തകാഭിപ്രായം.

### മഹാന്മാർ വിജയികളാകുന്നതെങ്ങനെ.

ഗ്രന്ഥകർത്താ:— വെങ്കുളം പരമേശ്വരൻപിള്ള

ഉദ്ബോധകൻ ആപ്പീസ്. തമ്പാനൂർ. തിരുവനന്തപുരം.

വില 4 അണ.

"മഹാന്മാർ വിജയികളാകുന്നതെങ്ങനെ" എന്ന ഈ പുസ്തകം ലാഴ്സൻ എന്ന ഗ്രന്ഥകാരൻ ഇംഗ്ലീഷിൽ എഴുതിയിട്ടുള്ളതിന്റെ ഒരു അനുകരണമാണെന്നു പറയുന്നു. എന്നാൽ ഈ പുസ്തകം കേവലം ഒരു അ

നുകരണംമാത്രമെന്നു ഞങ്ങൾക്കു തോന്നിയിട്ടില്ല. മി: പരമേശ്വരൻപിള്ള തന്റെ വിശ്വാസവും അനുഭവവും അറിവും അനുസരിച്ചു സ്വതന്ത്രമെന്ന നിലയിൽ എഴുതുകയാണു ചെയ്തിട്ടുള്ളതു്. ഉൽക്കർഷം ഉണ്ടാകണമെന്ന് ഇച്ഛിക്കുന്നവർ അറിഞ്ഞിരിക്കേണ്ട പല തത്വങ്ങളെക്കുറിച്ചും ഇതിൽ ലളിതമായി പ്രതിപാദിച്ചിട്ടുണ്ട്. ആത്മവിശ്വാസം, ഉൽക്കർഷേച്ഛ, അഭിവാഞ്ഛ, സ്ഥിരപരിശ്രമം, ദൃഢവ്രതം, ഈശ്വരവിശ്വാസം മുതലായ ഗുണങ്ങൾ ഉയർച്ചക്ക് അത്യാവശ്യമാണെന്ന് ഇതിൽ പ്രസ്താവിക്കുന്നു. ഈമാതിരി പുസ്തകങ്ങൾ ഇനിയും പ്രസിദ്ധപ്പെടുത്തണമെന്നുള്ള യുവാവായ ഗ്രന്ഥകാരന്റെ ആഗ്രഹം അഭിനന്ദിക്കത്തക്കതുതന്നെ. ശരിയായ ജീവചരിത്രങ്ങൾ ഭാഷയിൽ ഇനിയും ഉണ്ടാകേണ്ടതാവശ്യമാണെന്ന് ഞങ്ങളും സമ്മതിക്കുന്നു. എന്നാൽ ജീവചരിത്രങ്ങൾ എഴുതുന്ന ഒരു ഗ്രന്ഥകാരനു നിഷ്പക്ഷബുദ്ധി, സൂക്ഷ്മനിരീക്ഷണം, ധീരത, വിവേചനാശക്തി, നല്ല വാസന, ഉത്തരവാദിത്വബോധം ഈവക ഗുണങ്ങൾ ഉണ്ടായിരിക്കേണ്ടതു് അത്യാവശ്യമാണ്. വിശേഷിച്ച്, ഡാക്ടർനായരുടേയൊ, ഹെൻട്രിഫോർഡിന്റേയൊ ജീവചരിത്രത്തേക്കാൾ നമുക്ക് ഉടനെ ആവശ്യമുള്ളതു് കേശവദാസിന്റേയൊ, അയ്യപ്പൻ മാർത്താണ്ഡപ്പിള്ളയുടേയൊ, വേലുത്തമ്പി ദളവയുടേയൊആണ് എന്നു ഞങ്ങൾക്കു തോന്നുന്നു.

ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ സാമാന്യം നന്നായിട്ടുണ്ട്. അല്പംചില അപശബ്ദങ്ങൾ അവിടവിടെ കാണാനുള്ളതു് ക്ഷന്തവ്യങ്ങളാണ്. എന്നാൽ ഉൽക്കർഷേച്ഛുവും സ്ഥിരപരിശ്രമിയും ഒരു സാഹിത്യാഭിമാനിയും ആയ മി: മള്ളൂരിന്റെ അവതാരികയിൽ കാണുന്ന "ഇത്ര ചെറുപ്പത്തിൽതന്നെ നല്ല സാഹിത്യരസികനായും സമുദായാഭിമാനവും പരോപകാരതല്പരതയും ഉണ്ടായിട്ടുള്ള ഈ ഗ്രന്ഥകാരനെ ഈ ഉദ്യമത്തിൽ ഈശ്വരൻ അനുഗ്രഹിക്കാതിരിക്കയില്ല" എന്ന വാചകം ഒരു കോടതി ഭാഷയുടെ ഓർമ്മയാണ് ഉണ്ടാക്കുന്നതു്. കൂടാതെ പുസ്തകത്തിൽ കാണുന്ന "ലോകത്തുള്ള സകല മനുഷ്യരുടേയും കഷ്ടതകൾ എനിക്കു നേരിടത്തക്കവണ്ണമുള്ള മഹാഭാഗ്യം ലഭിക്കണെ" എന്നിത്യാദി പ്രാർത്ഥനയും ഉദ്ദേശ്യത്തിനു എത്രത്തോളം പര്യാപ്തമാണെന്നറിയുന്നില്ല. ഏതായാലും ഈ പുസ്തകത്തിന്റെ പുറപ്പാട് തരക്കേടില്ല; യുവാവായ ഗ്രന്ഥകർത്താവിന്റെ വിശ്വാസം അദ്ദേഹത്തേയും നമ്മളേയും 'പൊറുപ്പിക്കു' മാറാകട്ടെ.

# ഉദാഹരണങ്ങൾ.

## അവശതയുള്ള കുട്ടികളെ നയിക്കേണ്ടതു് എങ്ങിനെ?

ചില കുട്ടികൾ അല്പം പ്രസരിപ്പു കൂടിയവരായിരിക്കും; ചിലർ തീരെ മന്ദന്മാരായിരിക്കും; മററു ചിലർ ചില സ്വഭാവദൂഷ്യങ്ങൾ ഉള്ളവരായിരിക്കും. ഈ തരക്കാരെ ഒരു സാധാരണക്ലാസ്സുമുറിയിൽ വച്ചു നേരെയാക്കാൻ പ്രയാസമായിരിക്കും. എന്നാൽ ഈ കൂട്ടരെ നന്നാക്കുന്ന ഒരു സ്ഥാപനത്തെപ്പററി മിസ്സ്. കെ. എൻ. ബ്രാക്കുവെ ഹിന്ദുപത്രത്തിൽ ഇങ്ങനെ എഴുതുന്നു.

"നിയമങ്ങൾ ലംഘിക്കുകയും കത്തവ്യകമ്മം അനുഷ്ഠിക്കാതിരിക്കുകയും ചെയ്യുന്ന കുട്ടികൾ ധാരാളമുണ്ടല്ലൊ. ഇവരെ ബുദ്ധിപൂവ്വകമായ പരിചരണം കൊണ്ടു് ഉപയോഗയോഗ്യരായ പൌരന്മാരായി മാററാവുന്നതാണു്. ചില കുട്ടികൾ ഇത്തരത്തിലാകുന്നതു് ശരീരഘടനയിലുള്ള ന്യൂനതകൾ കൊണ്ടല്ല. വിദ്യാലയത്തിലേയൊ ഗൃഹത്തിലേയൊ അസുഖകരമായ - അഥവാ അനുഭാവരഹിതമായ-സ്ഥിതികളുടെ ഫലമാണെന്നു ഒരു ബലമായ അഭിപ്രായമുണ്ടു്. ഇത്തരത്തിലുള്ള കുട്ടികളെ സഹായിക്കേണ്ടതാണെന്നുള്ള ബോധം ജനങ്ങളിൽ ഉണ്ടായിത്തുടങ്ങിയിരിക്കുന്നു. തൽഫലമായി അവരെ നയിക്കുവാനുള്ള രക്ഷാമന്ദിരങ്ങൾ ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

ബോസ്റ്റൻനഗരത്തിൽ സ്ഥാപിച്ചിട്ടുള്ള ഒരു സ്ഥാപനം ഞാൻ സന്ദശിക്കുകയുണ്ടായി. അതു നടത്തുന്നതു് ഈ വിഷയത്തിൽ നല്ല പരിചയവും സാമത്ഥ്യവുമുള്ള ഡാക്ടർ ഹീലിയാണു്. സ്വഭാവദൂഷ്യമുള്ള കുട്ടികളെ ഈ സ്ഥാപനത്തിലേക്കയയ്ക്കുന്നു. ആദ്യമെ തന്നെ ഈ സ്ഥാപനത്തിലെ അംഗങ്ങൾ അന്വേഷണങ്ങൾ നടത്തുന്നു. തുടരെ കുട്ടിയുടെ ശരീരപരിശോധന നടത്തുന്നു. കഴിവുള്ളേടത്തോളം അയാളുടെ മുൻകാലങ്ങളിലെ രോഗങ്ങളേയും ചികിത്സകളേയും പററി അന്വേഷിക്കുന്നു. ബുദ്ധിശക്തിയേയും ശരീരശക്തിയേയും പരിശോധിക്കുന്നു. അയാളുടെ പരിസരത്തേയും അതോടുള്ള അയാളുടെ നിലയേയും പററി അയാളോടും, മാതാപിതാക്കന്മാരോടും, അധ്യാപകന്മാരോടും സംസാരിച്ചു് കഴിയുന്നിടത്തോളം മനസ്സിലാക്കുന്നു. ആ സ്ഥാപനത്തിൽ ഒരു മനശ്ശാസ്ത്രപണ്ഡിതൻ, ഒരുശരീരശാസ്ത്രപണ്ഡിതൻ മുതലായവരുണ്ടു്. ഈ അന്വേഷണങ്ങൾ

ഷം ശേഷം വാദപ്രതിവാദത്തിനായി ആ സ്ഥാപനത്തിലെ അംഗങ്ങൾ സമ്മേളിക്കുന്നു. ഒടുവിൽ ആ കുട്ടിയെ സഹായിക്കുന്നതിനു വേണ്ട മാർഗ്ഗനിർദ്ദേശത്തിനായി ശ്രമിക്കുന്നു.

ഞാൻ അവിടെ ചെന്ന ദിവസം മൂന്നു കുട്ടികളുടെ കാര്യം അവരുടെ വാദപ്രതിവാദത്തിനു വിഷയീഭവിച്ചു. ഒന്ന് പള്ളിക്കൂടത്തിൽ യാതൊരു അഭിവൃദ്ധിയും കാണിക്കാത്ത ദുഃഖിതയും നിരുന്മേഷവുമായ ഒരു പെൺകുട്ടിയായിരുന്നു. രണ്ടാമത്തേത് ഒരു ആൺകുട്ടിയാണ്. അയാൾ നല്ല വിദ്യാഭ്യാസമുള്ള ഒരു കുടുംബത്തിലെ ഒരംഗമായിരുന്നു. നല്ല ബുദ്ധിയുമുണ്ടായിരുന്നു. എന്നാൽ വായന പഠിപ്പിക്കുന്ന കാര്യം അസാദ്ധ്യമായിരുന്നുവത്രെ. മൂന്നാമത്തേത് എപ്പോഴും തമ്മിത്തല്ലുകയും കരയുകയും ചെയ്തിരുന്ന ഒരു നീഗ്രോബാലികയാണ്. ആദ്യത്തെ ബാലികയെ ദുർമ്മാർഗ്ഗിയായ പിതാവ് കഠിനമായി ഭയപ്പെടുത്തിയിരുന്നു എന്ന് അവർ തീരുമാനിച്ചു. വീട്ടിൽനിന്നും ആ ബാലികയെ ഒരിടത്തും മാററിയിട്ടുള്ളതായി യാതൊരു തെളിവുമുണ്ടായിരുന്നില്ല. കുടുംബാംഗങ്ങളോടു കൂടുതൽ രക്ഷനൽകത്തക്കവണ്ണം ജീവിതരീതികളെ ഭേദപ്പെടുത്തുവാൻ സ്ഥാപനത്തിലെ ഒരംഗം ഉപദേശിച്ചു. അവർ ആ കുട്ടിയെ നാട്ടിൻപുറത്തേയ്ക്കു ക്ഷണിച്ചും, പള്ളിക്കൂടത്തിലെ വാദ്ധ്യാന്മാരെ കാണിച്ചുകൊടുത്തു അവരിൽനിന്നും എത്രമാത്രം സഹായമുണ്ടാകുമെന്നു പറഞ്ഞും ആ ബാലികയെ സന്തോഷിപ്പിച്ചു. വായിക്കുവാൻ പ്രയാസമുണ്ടായിരുന്ന ബാലനെ തദ്വിഷയത്തിൽ പ്രത്യേകപരിശീലനമുണ്ടായിരുന്ന ഒരു അദ്ധ്യാപകനുള്ള വിദ്യാലയത്തിലേക്കു മാററുവാൻ അഭിപ്രായപ്പെട്ടു. അടുത്തദിവസം രാവിലെ ഞാൻ അവിടെനിന്നും യാത്രയായതുകൊണ്ടു നീഗ്രോബാലികയെ സംബന്ധിച്ചിടത്തോളമുള്ള അവരുടെ ശുപാർശ അറിയുവാൻ കഴിഞ്ഞില്ല.

ഈ സ്ഥാപനത്തിൽനിന്നും ഇത്തരത്തിലുള്ള കുട്ടികളെപ്പററിയുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ അമേരിക്കയിൽ നിന്നും പ്രസിദ്ധീകരണങ്ങൾ ഉണ്ടാകാറുണ്ട്. ഇവ സാധാരണജനങ്ങൾ വായിച്ചിരിക്കേണ്ടവയുമാണ്. മിക്കപ്രസിദ്ധീകരണങ്ങളിൽ നിന്നും മനസ്സിലാക്കേണ്ടതു ഗൃഹത്തിലെ അസുഖമാണു ഇതിനു കാരണമെന്നാണ്. പള്ളിക്കൂടത്തിലെ മന്ദഗതികൊണ്ടും മററും വിജയത്തിലുള്ള നിരാശ, കായികമായ ശക്തിക്കുറവ്, ശരിയായഭക്ഷണം ലഭിക്കായ്ക മുതലായവ മററു കാരണങ്ങളാണ്. മാതാപിതാക്കന്മാർ, അദ്ധ്യാപകന്മാർ, കുട്ടികൾ ഇവരിൽ മാനസികമായ ഒരു മാററം വരുത്തി സഹായിക്കുവാൻ ഈ വക സ്ഥാപനങ്ങൾക്കു കഴിയുന്നുണ്ട്. ഭക്ഷണം മാററുന്നതുകൊണ്ടും ഉറക്കസമയം ഭേദപ്പെടുത്തുന്നതുകൊണ്ടും, പ്രവൃത്തിചെയ്യുന്നതിനു കൂടുതൽ സൌകര്യപ്പെ

ട്ടുത്തുന്നതുകൊണ്ടും ഒരു കുട്ടിയ്ക്കു സുഖമായി ജീവിക്കുവാൻസാധിക്കുന്നുണ്ട്. ചിലപ്പോൾ വൈദ്യസഹായം ആവശ്യമാണ്. മററു ചിലപ്പോൾ പള്ളിക്കൂടം മാറുകയൊ അധ്യാപകനെ മാററുകയൊ ആയിരിക്കും ആവശ്യം. എല്ലായ്പ്പോഴും ഈ സ്ഥാപനങ്ങൾക്കു വിജയം സിദ്ധിക്കുന്നു എന്നു പറഞ്ഞുകൂടാ. എന്നാൽ അവ ചെയ്യുന്നതു വലിയ ഒരു സഹായമാണ്. ഈ വക ന്യൂനതകളുള്ള കുട്ടികളിൽ കുറെ പേരെയെങ്കിലും രക്ഷിച്ചാൽ ആ സ്ഥാപനങ്ങൾ ചെയ്യുന്ന സേവനം മഹത്തായ ഒന്നായിരിക്കും".

———oOo———

## ഒരു സന്ദേശം.

പണ്ഡിതജവഹരലാൽനെഹ്രു 'സ്കാളർ' എന്ന മാസികയുടെ വിശേഷാൽപ്രതിയിൽ താഴെ ചേർക്കുന്ന ഒരു സന്ദേശം എഴുതിയിരിക്കുന്നു.

"കഴിഞ്ഞകൊല്ലം കുറച്ചു ദിവസം എനിക്കു കേരളത്തിൽ കഴിച്ചുകൂട്ടുവാൻ സന്ദർഭം ലഭിച്ചപ്പോൾ ആ രാജ്യത്തിൻെറ മനോഹരത എന്നെ ആകർഷിച്ചു. പല പ്രകാരത്തിലും അതു് താമസിക്കുവാൻ ഒരു ആദർശഭൂമിയാണെന്നു എനിക്കു തോന്നുകയും ചെയ്തു. അതേസമയത്തുതന്നെ ചിലസംഗതികൾ എൻെറ മനസ്സിനെ വേദനിപ്പിക്കുകയും ഉണ്ടായി, ആ മനോഹര രാജ്യത്തു മനുഷ്യൻ മനുഷ്യനോടു പെരുമാറുന്ന സമ്പ്രദായം കണ്ടപ്പോഴും കേട്ടപ്പോഴും എൻെറ മനസ്സു വേദനിച്ചു. ഇന്നു ലോകത്തിൽ ചിന്തിക്കുന്നവരെല്ലാം സമുദായസമത്വത്തിനായി - സാമ്പത്തിക സമത്വവും ഉൾപ്പെടെയുള്ള അതിൻെറ വ്യാപ്തതാൎത്ഥത്തിൽ - ആഗ്രഹിക്കുന്നു. എന്നാൽ കേരളത്തിൽ സമുദായസമത്വത്തിനു നേരെ വിപരീതമാണു കാണുന്നതു്. അതുകൊണ്ടു അന്യായവും ഇൻഡ്യയുടെ പുരോഗതിയെ തടയുന്നതുമായ ഈ പുരാതനാവശിഷ്ടത്തോടു് യുദ്ധം ചെയ്യുവാൻ എല്ലാ പത്രക്കാരും മാസികക്കാരും ഒന്നാമതായി ശ്രമിക്കണം. നിങ്ങളുടെ മാസികയും അതിൽ പങ്കുകൊള്ളുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഈ യുദ്ധം രാജ്യത്തിലെ എല്ലാ യുവജനങ്ങളേയും ആകർഷിക്കണം. നമ്മുടെ യുവജനപ്രസ്ഥാനത്തിൻെറ അടിസ്ഥാനതത്വം സമുദായസമത്വത്തെ അടിസ്ഥാനമാക്കിയിട്ടുള്ള സ്വാതന്ത്ര്യമാണ്. അതു ലഭിക്കുന്നതിനായി തീണ്ടൽതൊടൽ, വൎഗ്ഗീയത്വം, തദ്ദേശീയത്വം, മുതലായവയോടും

മനുഷ്യനും മനുഷ്യനും തമ്മിലുള്ള വ്യത്യാസത്തെ വൎദ്ധിപ്പിക്കുന്നതും ഉൽകൃഷ്ടവും നീതിപരവുമായ ജീവിതത്തെ തടയുന്നതുമായ ചില ആചാരങ്ങളോടും യുദ്ധം ചെയ്യുന്നതിനു ആ പ്രസ്ഥാനം വാഗ്ദത്തം ചെയ്തിരിക്കുന്നു. രാജ്യത്തിൽ അനുകൂലപ്രതികൂലാഭിപ്രായങ്ങൾ ഉള്ളതുകൊണ്ട്, വിജയം വേണമെങ്കിൽ യുവജനങ്ങൾ ധീരതയോടും യോഗ്യതയോടുംകൂടി പോരാടണം”.

## അജ്ഞാനത്തോടുള്ള സമരം.

നമ്മുടെ ഇടയിലുള്ള അജ്ഞാനത്തോടു പൊരുതേണ്ട ആവശ്യത്തെപ്പററി മിസ്റ്റർ കണ്ടോത്ത് ഇങ്ങിനെ പറയുന്നു:— “ഈ പ്രസിഡൻസിയിൽ മധുവൎജ്ജനപ്രസ്ഥാനത്തോട് പൊതുജനങ്ങൾക്ക് ആനുകൂല്യമുണ്ട്. അതിന്നായി ധാരാളം പണവും ചിലവാക്കുന്നുണ്ട്. മധുവൎജ്ജനത്തിനുള്ള ഒരു നല്ല മാൎഗ്ഗം എന്തെന്നു എന്നോട് ചോദിക്കുകയാണെങ്കിൽ, അജ്ഞാനത്തോടും നിരക്ഷരകുക്ഷിത്വത്തോടും മദിരാശി ഗ്രന്ഥശാലാപ്രസ്ഥാനം ആരംഭിച്ചിട്ടുള്ള ഘോരസമരത്തിൽ സഹായിക്കുകയാണ് വേണ്ടതെന്നു ഞാൻ അഭിപ്രായപ്പെടും. നമ്മുടെ യഥാൎത്ഥശത്രു പണ്ടുപണ്ടെയുള്ള അജ്ഞാന രാക്ഷസിയാണ്. ഈ രാക്ഷസി അനവധി ശതാബ്ദങ്ങളായി നമ്മുടെ രാജ്യത്തെ നശിപ്പിച്ചു വരുന്നു. അതിന്റെ ഗൎഭപാത്രത്തിൽനിന്നാണു മതത്രുപേണയുള്ള അന്ധവിശ്വാസങ്ങളുണ്ടായിട്ടുള്ളത്. അതേഗൎഭപാത്രത്തിൽനിന്നുതന്നെയാണു നമ്മുടെ രാജ്യത്തെ ഈ രൂപത്തിലാക്കിയിട്ടുള്ള അനവധി മററുദൂഷ്യങ്ങൾ ഉണ്ടായിട്ടുള്ളതും. അജ്ഞാനത്തെ അകററാതിരിക്കുന്നിടത്തോളംകാലം യഥാൎത്ഥമായ മതമൊ, സ്വാതന്ത്ര്യമൊ, കലയൊ ക്ഷേമമൊ ഉണ്ടാകയില്ല. ഭാഗധേയമുള്ള രാജ്യങ്ങളിൽ മനുഷ്യർ പൌരന്മാരായി ജനിക്കുന്നു. ഇവിടെ അവർ അജ്ഞാനികളായി ജനിക്കുന്നു. ഇവിടെ ഭൂരിപക്ഷവും അനവധി വൎഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. രോഗം ആക്രമിക്കുന്നു, ദാരിദ്ര്യം ബാധിക്കുന്നു, അന്ധവിശ്വാസങ്ങൾ ഭയപ്പെടുത്തുന്നു, മരണത്തെ കാക്കുന്നതിനായി ജീവിക്കുന്നു. നമ്മുടെ ശത്രു അജ്ഞാനമാണ്. ദക്ഷിണഭാരതത്തിൽ ഏതെല്ലാം ഭാഷകളുണ്ടോ ആ ഭാഷകളിലെല്ലാം-മലകളിലും കാടുകളിലും അപരിഷ്കൃതജനങ്ങൾ സംസാരിക്കുന്ന ഭാഷകളിൽപോലും-ഈ സത്യത്തെ പ്രഖ്യാപനം ചെയ്യണം. എല്ലാ പുരുഷന്മാരും സ്ത്രീകളും ഇതിനായുള്ള സൈന്യത്തിൽ ചേരണം.”

## പള്ളിക്കൂടത്തിലെ ശിക്ഷ.

ഡെർബിയിൽവച്ചു കൂടിയ അദ്ധ്യാപകമഹായോഗത്തിൽ പള്ളിക്കൂടങ്ങളിൽ ശിക്ഷ നൽകേണ്ടതാണെന്നു ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുന്നു. അവിടെവച്ചു "ശിക്ഷയെ തടഞ്ഞുകൊണ്ടുണ്ടായിരുന്ന നിയമങ്ങളെ വീണ്ടും പുനഃസ്ഥാപിക്കുവാൻ ചില സ്ഥലങ്ങളിൽ പരിശ്രമിക്കുന്നതിനെ സമാജം വ്യസനിക്കുന്നു" എന്നുള്ള ഒരു പ്രമേയം അംഗീകരിക്കുകയുണ്ടായി. സർവത്ര കായികശിക്ഷ നിഷേധിച്ചിരിക്കുന്ന ഇക്കാലത്തു ഈ അഭിപ്രായം എത്രമാത്രം ആദരണീയമായിരിക്കുമെന്നു വായനക്കാർ തീർച്ചയാക്കേണ്ടതാണു. മി: ലെയിൻ തദവസരത്തിൽ ഇങ്ങനെ പ്രസംഗിച്ചു:-

"പള്ളിക്കൂടത്തിൽ അദ്ധ്യാപകന്മാർ അദ്ധ്യേതാക്കളോടു ക്രൂരമായി പെരുമാറുന്നു എന്നുള്ള അഭിപ്രായത്തെ ഞാൻ പ്രതിഷേധിക്കുന്നു. അങ്ങനെ പറഞ്ഞിട്ടുള്ളവർ വിദ്യാലയകാര്യങ്ങളെപ്പററി യാതൊരു അറിവും ഇല്ലാത്തവരാണു. അല്ലെങ്കിൽ അതു മനഃപൂർവമായ കള്ളമാകുന്നു.

അദ്ധ്യാപകന്മാരായ നാം ഒരിക്കലും ഉപയോഗിക്കാത്തതായ ശിക്ഷകൾ സാധാരണ ഉപയോഗിക്കുന്ന പല മാതാപിതാക്കന്മാരുമുണ്ടു. കുട്ടികളിലുള്ള തെററുകളെ തിരുത്തുന്നതിനല്ലാതെ അവരുടെ കോപാവേശത്തെ ശമിപ്പിക്കുവാനാണു അങ്ങനെ ചെയ്യുന്നതു. കുട്ടികളിലുള്ള തെററു തിരുത്തുവാൻ അറിഞ്ഞുകൂടാത്ത പല മാതാപിതാക്കന്മാരുമുണ്ടു. തെററു ചെയ്യുന്ന കുട്ടിയെ ശിക്ഷിച്ചാൽ സമാധാനപൂർണ്ണമായ ഒരു ക്ലാസ്സിനെ അസമാധാനപരമായ ഒരു ജനക്കൂട്ടമായി അധഃപതിപ്പിക്കാതിരിക്കാം എന്നറിയാവുന്ന പല അദ്ധ്യാപകന്മാരുമുണ്ടു. ആ ആയുധം ഉപേക്ഷിക്കുന്നതുകൊണ്ടുള്ള ദോഷങ്ങൾ അതിൻെറ ഉപയോഗംകൊണ്ടുണ്ടാകുന്ന ദോഷങ്ങളേക്കാൾ വളരെ കൂടുതലാണെന്നു അവർക്കറിയാം."

ക്ലാസ്സധ്യാപകന്മാരും ശിക്ഷ നൾകുന്നതിനു യോഗ്യന്മാരായിരിക്കുമ്പോൾ ചില അധികാരികൾ പ്രഥമാദ്ധ്യാപകന്മാർക്കുമാത്രം ശിക്ഷ നൾകുവാനുള്ള അധികാരം നൾകിയിരിക്കുന്നതിൻെറ കാരണം തനിക്കു മനസ്സിലാകുന്നില്ലെന്നും മി: ലെയിൻ പ്രസ്താപിക്കുകയുണ്ടായി.